# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ഡിസംബർ 2014 വാല്യം 41 ലക്കം 8 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 16 വില 5.00 രൂപ


# പിടിപ്പുകെട്ട, ജനദ്രോഹ ഭരണപക്ഷം ജനവഞ്ചനയുമായി പ്രതിപക്ഷം

**നമ്മുടെ സംസ്ഥാനം പരിതാപകരമായ ഒരു പതനത്തിലെത്തിയിരിക്കുന്നു. ജനദ്രോഹവും അഴിമതിയും പിടിപ്പുകേടും മുഖമുദ്രയാക്കിയ യുഡിഎഫ് ഭരണം ഒരുവശത്ത്. പാർലമെന്ററി വ്യാമോഹങ്ങളുമായി കാലംകഴിക്കുന്ന അസ്തപ്രജ്ഞരായ പ്രതിപക്ഷം മറുവശത്ത്, ഇതിനിടയിൽ നട്ടംതിരിയുന്ന ജനങ്ങൾ.**

ധനകാര്യമന്ത്രി ബാർ ഉടമകളിൽ നിന്ന് കോഴവാങ്ങി എന്ന ആരോപണമുയർന്നപ്പോൾ പ്രതിപക്ഷം പുലിക്കുട്ടികളെപ്പോലെ ചാടിവീഴും എന്നാണ് എല്ലാവരും കരുതിയത്. എന്നാൽ അവർ പൂച്ചയെപ്പോലെ പതുങ്ങിക്കളഞ്ഞു. കേരള കോൺഗ്രസ്സിനെ ഇടതുമുന്നണിയിലേക്ക് കൊണ്ടുവന്ന് ഭരണം പിടിക്കാമെന്ന കണക്കുകൂട്ടലിലായിരുന്നു സിപിഐ(എം). അതിനിടയിലാണ് അതിന് തുരങ്കംവച്ചുകൊണ്ട് ആരോ മാണിസാറിനെ കുടുക്കിക്കളഞ്ഞത്. പിന്നെങ്ങനെയാണ് പ്രതിപക്ഷ ബാദ്ധ്യത നിറവേറ്റുക. എന്നാൽ, അച്യുതാനന്ദൻ സഖാവിന്റെ സ്ഥിതി ഇതല്ല. മാണിസാർ മുഖ്യമന്ത്രിയാകുന്നതോർത്ത് ഖിന്നനായിക്കഴിയുമ്പോഴാണ് പൊടുന്നനെ കാര്യങ്ങൾ കീഴ്മേൽമറിയുന്നത്. പിന്നെ ഒന്നും ആലോചിച്ചില്ല. മാണിക്കെതിരെ രംഗത്തുവന്നു. സിബിഐ അന്വേഷണം തന്നെ ആവശ്യപ്പെട്ടു. ഒറ്റയടിക്ക് പലകാര്യങ്ങളാണ് ഇതിലൂടെ നേടിയത്. പതിവുപോലെ ഔദ്യോഗിക നേതൃത്വത്തെ ഇളിഭ്യരാക്കാം. മാണിയുടെ വരവിന് താൽക്കാലികമായെങ്കിലും തടയിടാം. അഴിമതിവിരുദ്ധതയുടെ പ്രതീകമായിമാറുകയും ചെയ്യാം.

സിപിഐ കൂടി സമാനമായ നിലപാടെടുത്തു എന്നതാണ് ഇക്കുറി ശ്രദ്ധേയമായത്. മാണിയുടെ വരവ് അവരുടെ നിലയും പരുങ്ങലിലാക്കുമെന്നതായിരുന്നു മാണിവിരുദ്ധ നിലപാടിന്റെ രഹസ്യം. പേമെന്റ് സീറ്റിന്റെ അപകീർത്തിയിൽനിന്ന് അൽപ്പം ആശ്വാസവും കിട്ടും.

സിപിഐ(എം), സിപിഐ ലയനത്തെക്കുറിച്ച് ഇരുപക്ഷത്തെയും നേതാക്കൾ വാചാലരായത് അടുത്തകാലത്താണ്. കസേരയുടെ കാര്യം വന്നപ്പോൾ ഇരുകൂട്ടരും അതൊക്കെ മറന്ന് പരസ്പരം പഴിചാരാനും ചെളിവാരിയെറിയാനും തുടങ്ങി. ഒടുവിൽ ഗത്യന്തരമില്ലാതെ മാണിയുടെ രാജി ആവശ്യവുമായി സമരത്തിനിറങ്ങി. നിയമസഭയ്ക്കുള്ളിലും മോശമല്ലാത്ത പ്രകടനം നടത്തി. ഇലയ്ക്കും മുള്ളിനും കേടില്ലാതെ കാര്യങ്ങൾ പര്യവസാനിച്ചു.

കോഴകൊടുത്തവരും വാങ്ങിയവരും പക്ഷേ, മാന്യന്മാരായി വിലസുന്നു, ചാനലുകളിൽ നിറസാന്നി

*(ശേഷം പേജ് 2-ൽ)*

**ഉൾപ്പേജുകളിൽ**


പേജ് 4 – മഹാരാഷ്ട്ര നിയമസഭ
പേജ് 5 – അഖിലേന്ത്യാ ശാസ്ത്രസമ്മേളനം
പേജ് 7 – ഔഷധരംഗം – സെമിനാർ
പേജ് 8 – ദേശീയപാത സമരം
പേജ് 10 – മോദിയുടെ ഇതിഹാസ വചനങ്ങൾ
പേജ് 11 – സൈദ്ധാന്തികപാഠങ്ങൾ
പേജ് 12 – സദാചാരപ്പോലീസും ചുംബന സ്വാതന്ത്ര്യത്തിന്റെ സമരാഭാസവും
പേജ് 14 – ഗർഭഛിദ്ര നിയമഭേദഗതി – സെമിനാർ
പേജ് 15 – ജഡ്ജിമാരുടെ നിയമനം – സെമിനാർ
പേജ് 15 – ഡോ.മീനാകുമാരി റിപ്പോർട്ടിനെതിരെ
പേജ് 16 – കേന്ദ്ര ഓഫീസ് ഉദ്ഘാടനം


### ഇടതുപക്ഷ ഐക്യമുന്നണിയുടെ ആഭിമുഖ്യത്തിൽ

## റബർ ബോർഡ് ഓഫീസ് മാർച്ച്

റബർ വിലയിടിവിനെത്തുടർന്നുണ്ടായിട്ടുള്ള വരുമാനത്തകർച്ച മൂലം കേരളത്തിലെ 11.5 ലക്ഷത്തോളം വരുന്ന ചെറുകിട-ഇടത്തരം വിഭാഗത്തിൽപ്പെട്ട റബർ കർഷകരും ഈ കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന ലക്ഷക്കണക്കിന് ടാപ്പിംഗ് തൊഴിലാളികളും മറ്റുള്ളവരും അതീവഗുരുതരമായ ജീവിത പ്രതിസന്ധിയെ നേരിടുകയാണ്. 245 രൂപയോളം വിലയുണ്ടായിരുന്ന മുന്തിയ ഇനം റബറിന്റെ വില നടപ്പ് മാസത്തിൽ 118 രൂപയായി ഇടിഞ്ഞിരിക്കുന്നു. കഴിഞ്ഞ 5 വർഷത്തിൽവച്ച് ഏറ്റവും കുറഞ്ഞ വിലയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തിന്റെ തുടക്കത്തിൽ ആരംഭിച്ച വിലയിടിവ് അനസ്യൂതം തുടരുകയാണ്.

റബർ വിലയിടിവിനെത്തുടർന്ന് നിരവധി കർഷകർ ടാപ്പിംഗ് തന്നെ നിർത്തിക്കഴിഞ്ഞു. അതോടെ ടാപ്പിംഗ് തൊഴിലാളികൾ ഒന്നടങ്കം തൊഴിൽ രഹിതരായിരിക്കുന്നു. റബർ മേഖലകളിൽ വ്യാപാര - വാണിജ്യ രംഗങ്ങളാകെ സ്തംഭനാവസ്ഥയിലാണ്. നിർമ്മാണരംഗത്തെപ്പാലും അത് പ്രതികൂലമായി ബാധിച്ചിരിക്കുന്നു.

കഴിഞ്ഞ ഒരു ദശാബ്ദത്തിനുള്ളിൽ റബർ കൃഷിയുടെ ചെലവ് വൻതോതിൽ വർദ്ധിച്ചു വരികയായിരുന്നു. വളം, കീടനാശിനി, ടാപ്പിംഗ് ഉപകരണങ്ങൾ തുടങ്ങിയവയുടെ വില കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 4 മടങ്ങായാണ് വർദ്ധിച്ചിട്ടുള്ളത്. ടാപ്പിംഗ് നടത്തിയാൽ വീണ്ടും കടബാധ്യതകൾ വർദ്ധിക്കുമെന്നതുകൊണ്ടാണ് നിരവധി കർഷകർ ടാപ്പിംഗ് നിർത്താൻ നിർബന്ധിതമായത്. റബർത്തൈ നട്ട്, 7-8 വർഷത്തോളം അദ്ധ്വാനവും മുതൽ മുടക്കും വിനിയോഗിച്ചതിനുശേഷം മാത്രമാണ്

*(ശേഷം പേജ് 4-ൽ)*



റബർബോർഡ് ഓഫീസ് മാർച്ച് സഖാവ് കെ.എസ്.ഹരിഹരൻ ഉദ്ഘാടനം ചെയ്യുന്നു. സഖാക്കൾ വി.വേണുഗോപാൽ, ടി.എസ്.നാരായണൻമാസ്റ്റർ, കെ.ആർ.സദാനന്ദൻ, ജയ്സൺ ജോസഫ് തുടങ്ങിയവർ സമീപം



### മഹാനായ മനുഷ്യസ്നേഹി

## ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർക്ക്

### ആദരാഞ്ജലികൾ

മഹാനായ മനുഷ്യസ്നേഹിയും സമൂഹത്തിന്റെ പുരോഗമന മുന്നേറ്റങ്ങളിൽ എക്കാലവും സാധാരണ ജനങ്ങളോടൊപ്പം നിന്ന പോരാളിയുമായ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ഡിസംബർ 4 ന് എറണാകുളത്ത് അന്തരിച്ചു. ഇന്ത്യയിലെ തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവപ്രസ്ഥാനമായ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ മുൻകൈയിൽ ആരംഭിച്ച നിരവധി ജനകീയ പ്രസ്ഥാനങ്ങളിൽ ജസ്റ്റിസ് കൃഷ്ണയ്യർ വഹിച്ച നിർണ്ണായകമായ പങ്ക് അവിസ്മരണീയമാണ്.

സാമ്രാജ്യത്വ അതിക്രമങ്ങൾക്കെതിരെ ലോകമെങ്ങുമുള്ള പൊരുതുന്ന ജനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രസ്ഥാനങ്ങളിൽ ജസ്റ്റിസ് കൃഷ്ണയ്യർ എക്കാലവും മുൻപന്തിയിലുണ്ടായിരുന്നു. വിയറ്റ്നാം, ലിബിയ, പാലസ്തീൻ, ഇറാഖ്, ബോസ്നിയ തുടങ്ങി ലോകത്തെവിടെയും ആക്രമണങ്ങൾക്കിരകളാകുന്ന ജനങ്ങളുടെ ശബ്ദമായിരുന്നു കൃഷ്ണയ്യരുടേത്.

അഖിലേന്ത്യാ സാമ്രാജ്യത്വവിരുദ്ധ ഫോറത്തിന്റെ(എഐഎഐഎഫ്) ദേശീയ പ്രസിഡന്റായി രണ്ട് പതിറ്റാണ്ടുകാലം അദ്ദേഹം പ്രവർത്തിച്ചു. സാമ്രാജ്യത്വ ശക്തികൾക്കെതിരെ, വിശേഷിച്ചും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കുടിലതകൾക്കെതിരെ സന്ധിയില്ലാ സമരം നടത്തിയ ലോക പോരാളിയായിരുന്നു ജസ്റ്റിസ് കൃഷ്ണയ്യർ.

വർഗ്ഗീയ കലാപങ്ങൾ അദ്ദേഹത്തെ എക്കാലവും ദുഃഖിതനാക്കിയിരുന്നു. വർഗ്ഗീയ വിപത്തിനെതിരായ എല്ലാ പോരാട്ടങ്ങളെയും പിന്തുണയ്ക്കുകയും ഇന്ത്യയുടെ മതേതരത്വം സംരക്ഷിക്കാൻ ഇടതുപക്ഷ പുരോഗമനപ്രസ്ഥാനങ്ങളോടൊപ്പം അടിയുറച്ച് നിലകൊള്ളുകയും ചെയ്ത കൃഷ്ണയ്യർ, ഹിന്ദുത്വശക്തികൾ ബാബറി മസ്ജിദ് തകർത്തപ്പോൾ വർഗ്ഗീയതയ്ക്കെതിരായ ദേശീയ മതേതര പ്രക്ഷോഭങ്ങളിൽ നിർണ്ണായക പങ്കാണ് വഹിച്ചത്.

1994-ൽ ആലപ്പുഴയിൽ നാം സംഘടിപ്പിച്ച മതേതര ജനമൈത്രി സംഗമത്തിന്റെ മുൻനിരയിൽ കൃഷ്ണയ്യരുണ്ടായിരുന്നു.

കേരളത്തിന്റെ ജനകീയ സമരചരിത്രത്തിൽ സുപ്രധാനമായ വഴിത്തിരിവ് സൃഷ്ടിച്ചത് 1992-ൽ കൃഷ്ണയ്യരുടെ അദ്ധ്യക്ഷതയിൽ കേരള സംസ്ഥാന ജനകീയപ്രതിരോധ സമിതിയുടെ രൂപവൽക്കരണമായിരുന്നു. അഴിമതിക്കും വർഗ്ഗീയതയ്ക്കും വിലക്കയറ്റത്തിനും എല്ലാത്തരം അനീതികൾക്കുമെതിരെ കക്ഷിരാഷ്ട്രീയത്തിനും ജാതിമത ചിന്തകൾക്കുമതീതമായി ജനങ്ങൾ

*(ശേഷം പേജ് 2-ൽ)*

# ജസ്റ്റിസ് കൃഷ്ണയ്യർ: ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും കാവൽഭടൻ

*(ഒന്നാം പേജിൽ നിന്നു തുടർച്ച)*

സ്വന്തം സമരസംഘടനകളിൽ സംഘടിതരായി പൊരുതാനാഹ്വാനം ചെയ്യുന്ന ജനകീയ പ്രതിരോധ പ്രസ്ഥാനത്തിന്റെ ആവിർഭാവം കേരള ജനതയ്ക്ക് പുതിയ അനുഭവമായിരുന്നു. പുതിയ സമരപാതയായിരുന്നു. സാംസ്കാരിക-സാമൂഹ്യ മണ്ഡലങ്ങളിൽ നിന്നും നൂറുകണക്കിന് പ്രഗത്ഭരാണ് അതിനെത്തുടർന്ന് ജനകീയ പ്രതിരോധ സമിതിയിൽ അംഗങ്ങളായി ചേർന്നത്. ജീവിതാന്ത്യം വരെ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ ജനകീയപ്രതിരോധ സമിതിയുടെ പ്രസിഡന്റായി തുടർന്നു. സ്ത്രീസുരക്ഷാ പ്രസ്ഥാനവും അതിനെ തുടർന്നാണ് രൂപം കൊള്ളുന്നത്.

1986-ൽ രാജീവ് ഗാന്ധി കൊണ്ടുവന്ന വിദ്യാഭ്യാസവിരുദ്ധമായ 'പുതിയ ദേശീയ വിദ്യാഭ്യാസ നയ'ത്തിനെതിരായി നമ്മുടെ പാർട്ടി വളർത്തിയെടുത്ത പ്രക്ഷോഭ പ്രസ്ഥാനമായിരുന്നു ആൾ ഇന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി. അന്ന് അതിന് നേതൃത്വം നൽകാൻ, അതിന്റെ ദേശീയ അദ്ധ്യക്ഷ പദവി ഏറ്റെടുക്കുവാൻ ജസ്റ്റിസ് കൃഷ്ണയ്യർ മുന്നോട്ടുവന്നു. കൃഷ്ണയ്യരുടെ സാന്നിദ്ധ്യവും പ്രബോധനങ്ങളും വിദ്യാഭ്യാസ സുരക്ഷാ പ്രസ്ഥാനം രാജ്യവ്യാപകമായി വളർത്തിയെടുക്കാൻ നമ്മുക്ക് മാർഗ്ഗ ദർശനം നൽകി. ലോകബാങ്കിന്റെ വിദ്യാഭ്യാസ വിധ്വംസകപദ്ധതി ഡിപിഇപി കേരളത്തിൽ വീറോടെ നടപ്പിലാക്കിയത് ഇടതുപക്ഷമെന്നറിയപ്പെടുന്ന സർക്കാരാണ്. ഡിപിഇപി വക്താക്കളായ അവരുടെ എല്ലാ സമ്മർദ്ദങ്ങളും അതിജീവിച്ചുകൊണ്ട് ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ ഡിപിഇപി വിരുദ്ധ സമരത്തിൽ അചഞ്ചലം നിലകൊണ്ടു. 1997-ൽ തിരുവനന്തപുരത്ത് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംഘടിപ്പിച്ച ഡിപിഇപി വിരുദ്ധ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. "നമ്മുടെ ക്ലാസ് മുറികൾ ലോകബാങ്കിന് പണയംവയ്ക്കരുത്".

തുടർന്ന്, അഖിലേന്ത്യാതലത്തിൽ നടന്ന നിരവധി വിദ്യാഭ്യാസ സംരക്ഷണ പരിപാടികളിൽ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ സജീവമായി പങ്കെടുക്കുകയും നമുക്ക് ആത്മവിശ്വാസം പകർന്നു നൽകുകയും ചെയ്തുകൊണ്ടിരുന്നു. 2001-ൽ ഡിപിഇപി പാഠ്യപദ്ധതി പുനഃപരിശോധനയ്ക്കായി സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയിൽ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ കൂടി അംഗമായതും കൃഷ്ണയ്യരുടെ നിർദ്ദേശപ്രകാരമായിരുന്നു. തുടർന്ന്, ആ കമ്മിറ്റി ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ട് ജനകീയ പ്രതിരോധ സമിതി പ്രസിദ്ധീകരിച്ചപ്പോൾ അതിന് കൃഷ്ണയ്യർ ആമുഖം കുറിച്ചത് വിദ്യാഭ്യാസത്തിന്റെ മഹത്തായ ലക്ഷ്യങ്ങളും സങ്കൽപ്പങ്ങളും അടിവരയിട്ടു പറഞ്ഞുകൊണ്ടാണ്.

ബാംഗ്ലൂരിൽ നടന്ന സ്ത്രീധന വിരുദ്ധ സമ്മേളനം, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന തിരുവനന്തപുരത്ത് സംഘടിപ്പിച്ച അഖിലേന്ത്യാ വനിതാ സമ്മേളനം, കേരളത്തിലെ കർഷക പ്രതിരോധ സമിതി, മദ്യവിരുദ്ധ ജനകീയ സമര സമിതി, സ്ത്രീ സുരക്ഷാ സമിതി എന്നിവയിലൊക്കെ കൃഷ്ണയ്യർ മാർഗ്ഗദർശിയായുണ്ടായിരുന്നു.

കുടിയൊഴിപ്പിക്കപ്പെടുന്നവരുടെയും അശരണരുടെയും അവകാശസമരങ്ങൾക്ക് ഐക്യദാർഢ്യം നൽകി എക്കാലവും നിലകൊണ്ട മഹാനായിരുന്നു അദ്ദേഹം. മൂലമ്പിള്ളിയിലെ കുടിയിറക്കപ്പെട്ടവരുടെ പുനരധിവാസത്തിനും മനുഷ്യാവകാശങ്ങൾക്കും വേണ്ടിയുള്ള സമരത്തെ കലവറയില്ലാതെ പിന്തുണച്ച കൃഷ്ണയ്യർ ജനകീയ പ്രതിരോധ സമിതിയ്ക്കുവേണ്ടി നിരവധി തവണ ജനങ്ങളെ നേരിട്ട് അഭിവാദ്യം ചെയ്തിട്ടുണ്ട്. ചെങ്ങറയിലെ സാധു ജനങ്ങളുടെ സമരത്തെയും കരിമണൽ ഖനനത്തിനെതിരായി നടന്ന ജനകീയ സമരത്തെയും മറ്റുമൊക്കെ നിരന്തരം പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ടിരുന്നു അദ്ദേഹം.

സാമ്രാജ്യത്വവിരുദ്ധ സമാധാനപ്രസ്ഥാനം കെട്ടിപ്പടുക്കാൻ ലോകമെമ്പാടും സഞ്ചരിച്ച അദ്ദേഹം വിമോചന പോരാളികൾക്ക് എക്കാലവും ഉറവവറ്റാത്ത പ്രചോദനമായിരുന്നു. കഷ്ടപ്പെടുന്നവരും ചൂഷിതരും നിന്ദിതരുമായ ജനങ്ങൾക്ക് അവരുടെ ദേശമോ മറ്റെന്തെങ്കിലുമോ പരിഗണിക്കാതെ പോരാടാൻ സഹായം നൽകിക്കൊണ്ടിരുന്ന കൃഷ്ണയ്യർ എല്ലാത്തരം അന്യായങ്ങൾക്കുമെതിരെ പൊരുതിയ ന്യായാധിപൻ കൂടിയായിരുന്നു.

ആ വിശ്വപൗരന്റെ ശാരീരികമായ വേർപാട് നികത്താൻ നമുക്കാകില്ല. എന്നാൽ, ചൂഷിതരായ ജനങ്ങളുടെ പോരാട്ടങ്ങളോടൊപ്പം നിലകൊള്ളുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് ജസ്റ്റിസ് കൃഷ്ണയ്യർക്ക് അന്തിമ പ്രണാമങ്ങളർപ്പിക്കുന്ന ഏതൊരാളും എടുക്കേണ്ടുന്ന പ്രതിജ്ഞ. പ്രതിലോമത്വം ഇന്ത്യയെ കീഴടക്കിക്കൊണ്ടിരിക്കുന്ന ഈ വേളയിൽ ജസ്റ്റിസ് കൃഷ്ണയ്യരുടെ അസാന്നിദ്ധ്യം നമ്മെ അഗാധമായ ദുഃഖത്തിലാഴ്ത്തുന്നു.

മഹാനായ ആ മനുഷ്യസ്നേഹിക്ക് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ പ്രണാമങ്ങൾ അർപ്പിക്കുന്നു.

ആൾ ഇന്ത്യാ ആന്റി ഇംപീരിയലിസ്റ്റ് ഫോറം വൈസ്പ്രസിഡന്റ് സഖാവ് മണിക് മുഖർജി ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് സന്ദേശം അയച്ചു. ■



എസ്‌യുസിഐ(സി) കേരള സംസ്ഥാന കമ്മിറ്റിക്കുവേണ്ടി
സഖാവ് സി.കെ.ലൂക്കോസ് പുഷ്പചക്രം അർപ്പിക്കുന്നു

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷിന്റെ അനുശോചന സന്ദേശം

**ആ**ദരണീയനായ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ നിര്യാണത്തിൽ ഹൃദയവ്യഥയോടെ ഞങ്ങൾ അനുശോചിക്കുന്നു. അപരിഹാര്യമായ നഷ്ടമാണിത്. ജനാധിപത്യ മതേതര മൂല്യങ്ങൾ മുറുകെപ്പിടിച്ചുകൊണ്ട് അടിച്ചമർത്തപ്പെട്ടവർക്കും അശരണർക്കും നീതി ലഭിക്കുന്നതിനുവേണ്ടി ഔദ്യോഗിക ജീവിതത്തിലും പൊതുരംഗത്തും അദ്ദേഹം നിലകൊണ്ടു.

ദരിദ്രന് നീതി നിഷേധിക്കാനുള്ള അധികാര കേന്ദ്രങ്ങളുടെ നീക്കങ്ങൾക്കെല്ലാമെതിരെ അദ്ദേഹം ഉറച്ച നിലപാടെടുക്കുകയും അതിനായി പൊരുതുകയും ചെയ്തു. സുപ്രീം കോടതി ജഡ്ജിയെന്ന നിലയിൽ ഏറെ ആദരണീയനായിരുന്നു, പ്രഗത്ഭനായ ഈ നിയമജ്ഞൻ. ന്യായമായ ജനകീയ പ്രക്ഷോഭണങ്ങളുടെ മുൻനിരയിൽ പുരോഗമന കാഴ്ചപ്പാടോടെ അദ്ദേഹം നിലയുറപ്പിച്ചു. സേവ് എജ്യൂക്കേഷൻ പ്രസ്ഥാനം, സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം, വർഗ്ഗീയതയ്ക്കും മതമൗലികവാദത്തിനുമെതിരായ പ്രസ്ഥാനം, സ്ത്രീകളുടെ മേലുള്ള അതിക്രമങ്ങൾക്കെതിരായ പ്രസ്ഥാനം, ജനാധിപത്യ-പൗരാവകാശങ്ങളുടെ സംരക്ഷണത്തിനും വിപുലീകരണത്തിനും വേണ്ടിയുള്ള പ്രസ്ഥാനം എന്നിവയിലൊക്കെ നേതൃത്വപരവും ആവേശദായകവുമായ പങ്കുവഹിച്ച അദ്ദേഹത്തെ ഞങ്ങൾ ആദരവോടെ സ്മരിക്കുന്നു. പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ നമ്മുടെ പാർട്ടി അദ്ദേഹത്തെ ഹൃദയംഗമമായി പിന്തുണച്ചു. അദ്ദേഹത്തിന്റെ നിര്യാണത്തിലൂടെ ഒരു മഹോന്നത വ്യക്തിത്വത്തെയാണ് രാജ്യത്തിന് നഷ്ടമായിരിക്കുന്നത്. അനീതിക്കും തിന്മകൾക്കുമെതിരെയുള്ള പോരാട്ടങ്ങളോടുള്ള പ്രതിബദ്ധതയുടെ പേരിൽ അദ്ദേഹം എന്നെന്നും സ്മരിക്കപ്പെടും.

ജസ്റ്റിസ്.വി.ആർ.കൃഷ്ണയ്യരുടെ നിര്യാണത്തിൽ ഡിസംബർ 4 ന് എറണാകുളം ശിക്ഷക്സദനിൽ നടന്നുകൊണ്ടിരുന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനക്കമ്മിറ്റിയുടെ വിപുലീകൃതയോഗം അഗാധമായ ദു:ഖം രേഖപ്പെടുത്തി.

ഡിസംബർ 5-ാം തീയതി എറണാകുളത്ത് രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ പൊതുദർശനത്തിനുവയ്ക്കപ്പെട്ട അദ്ദേഹത്തിന്റെ മൃതദേഹത്തിന്മേൽ എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിക്കും സംസ്ഥാന കമ്മിറ്റിക്കുംവേണ്ടി പാർട്ടി കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് പുഷ്പചക്രം അർപ്പിച്ചു. ജനകീയ പ്രതിരോധ സമിതിക്കുവേണ്ടി ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയ്ക്കുവേണ്ടി സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ, സ്ത്രീ സുരക്ഷാ സമിതിക്കുവേണ്ടി മിനി.കെ.ഫിലിപ്പ്, മദ്യവിരുദ്ധ ജനകീയ സമര സമിതിക്കുവേണ്ടി പ്രൊഫ. സൂസൻ ജോൺ, ആൾ ഇന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റിക്കുവേണ്ടി എം.ഷാജർഖാൻ, ആൾ ഇന്ത്യാ ആന്റി ഇംപീരിയലിസ്റ്റ് ഫോറത്തിനുവേണ്ടി ടി.കെ.സുധീർകുമാർ എന്നിവരും പുഷ്പചക്രം അർപ്പിച്ചു. ■

# പിടിപ്പുകെട്ട യുഡിഎഫ് ഭരണം

(ഒന്നാം പേജിൽ നിന്നു തുടർച്ച)

ദ്ധ്യമാകുന്നു. അടച്ചുപൂട്ടിയ ബാറുകൾ ഒന്നൊന്നായി തുറക്കാൻ കോടതി ഉത്തരവിടുന്നു. കോടതിയുടെ നിർദ്ദേശവും പ്രായോഗികതയും കണക്കിലെടുത്ത് മദ്യനയത്തിൽ വേണ്ടമാറ്റം വരുത്തുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുന്നു. (ഹൈവേയ്ക്കരുകിൽ മദ്യശാലകൾ പാടില്ലെന്ന കോടതി നിർദ്ദേശം പക്ഷേ നടപ്പിലാക്കില്ല) ശക്തമായ ജനവികാരം അങ്ങനെ അവഗണിക്കപ്പെടുകയാണ്. കുറ്റവാളികൾ ശിക്ഷിക്കപ്പെടുകയില്ലെന്ന തത്വം ഒരിക്കൽകൂടി സ്ഥാപിക്കപ്പെടുകയാണ്.

മാണിക്കെതിരെ കേസെടുക്കുന്ന കാര്യത്തിൽപോലും കോടതിക്ക് നിസ്സംഗത. സർക്കാരിനാകട്ടെ മാണി നിരപരാധിയാണെന്ന് പണ്ടേ ബോദ്ധ്യമുണ്ട്. ജനാധിപത്യത്തെ പരിഹസിച്ചുകൊണ്ട് യുഡിഎഫ് ഭരണം അങ്ങനെ തടസ്സമേതുമില്ലാതെ മുന്നേറുകയാണ്.

സർക്കാർ-കോടതി സമവായം മദ്യത്തിന്റെ കാര്യത്തിൽ മാത്രമല്ല പ്രകടമായത്. ജനങ്ങളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് ഉപേക്ഷിക്കേണ്ടിവന്ന കരിമണൽ ഖനനത്തിന്റെ സ്വകാര്യവൽക്കരണത്തിനും കോടതി പച്ചക്കൊടി കാട്ടിയിരിക്കുകയാണ്. സ്വകാര്യസ്ഥാപനമായ കെഎംആർഎൽ, കേന്ദ്ര സർക്കാർ സ്ഥാപനമായ ഐആർഇ, കേരള സർക്കാരിന്റെ വ്യവസായ വികസന കോർപ്പറേഷൻ എന്നിവ ചേർന്ന് കരിമണൽ സ്വകാര്യവൽക്കരണത്തിനുവേണ്ടി പടച്ചുണ്ടാക്കിയ സംയുക്തസംരംഭമാണ് കേരള റെയർ എർത്ത്സ് ആന്റ് മിനറൽസ്. ഇവരുടെ അപേക്ഷ പരിഗണിക്കണമെന്നാണ് ഹൈക്കോടതി ഡിവിഷൻബെഞ്ച് ഉത്തരവിട്ടിരിക്കുന്നത്.

ലോട്ടറിയുടെ കാര്യത്തിലും ഈ കള്ളക്കളി വ്യക്തമാണ്. 4000 കോടി രൂപയുടെ ലോട്ടറി തട്ടിപ്പ് നടത്തിയെന്ന് സിബിഐ കണ്ടെത്തിയ സിക്കിംലോട്ടറി ഏജന്റ് സാന്റിയാഗോ മാർട്ടിനെ മാറ്റി പുതിയ പേരിൽ കേരളത്തിൽ ലോട്ടറി വിൽപ്പനയ്ക്ക് അനുമതി തേടിയപ്പോൾ അതും പരിഗണിക്കാൻ കോടതി ആവശ്യപ്പെട്ടിരിക്കുകയാണ്. ലോട്ടറി നിരോധനമുണ്ടായിരുന്ന കാലത്തുപോലും കേരളത്തിൽ ലോട്ടറിവിറ്റ് ഗുരുതരമായ നിയമലംഘനം നടത്തിയവരാണിവർ.

ഇനി ബസ്ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് മുമ്പ് ഫെയർസ്റ്റേജിലെ അപാകം പരിഹരിക്കണമെന്ന് പണ്ട് ഹൈക്കോടതി ഉത്തരവിട്ടിരുന്നു. അതിനുശേഷം പലതവണ ചാർജ്ജുകൾ കൂട്ടി. ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന ബസ്ചാർജ്ജാണിവിടെ! ഫെയർസ്റ്റേജ് അപാകം തികഞ്ഞ അന്യായമായി ഇപ്പോഴും തുടരുന്നു. കോടതിയെ ഇത് ഒട്ടും അലോസരപ്പെടുത്തുന്നില്ല. കാരണം ഇതിന്റെ ഭാരം ഏതെങ്കിലും മുതലാളിയുടെ മേലല്ല സാധാരണ ജനങ്ങളുടെ മേലാണ് വന്നുപതിക്കുന്നത്.

അന്താരാഷ്ട്ര കമ്പോളത്തിൽ ക്രൂഡ് ഓയിൽവില കുത്തനെ ഇടിയുകയാണ്. വില കയറുമ്പോൾ ആഭ്യന്തര കമ്പോളത്തിൽ ഉടനടി വിലവർദ്ധിപ്പിക്കുന്ന കേന്ദ്രസർക്കാർ വില ഭീമമായി ഇടിയുമ്പോൾ പത്തിലൊന്ന് കുറവുപോലും എണ്ണവിലയിൽ വരുത്തുന്നില്ല. വരുത്തുന്ന കുറവ് ബസ്ചാർജ്ജിൽ പ്രതിഫലിപ്പിക്കാൻ സംസ്ഥാന സർക്കാരും തയ്യാറാകുന്നില്ല. എന്നുമാത്രമല്ല ഈ അവസരമുപയോഗിച്ച് കേന്ദ്രവും സംസ്ഥാനവും മത്സരിച്ച് നികുതി വർദ്ധിപ്പിക്കുകയാണ്. കേരള സർക്കാരാകട്ടെ സെസ്സും കൂടി ചുമത്തിയിട്ടുണ്ട്.

യുഡിഎഫ് ഭരണം ബസ്ചാർജ്ജ് മാത്രമല്ല വീട്ടുകരവും ഭീമമായി വർദ്ധിപ്പിച്ചു. കുടിവെള്ളക്കരം കൂട്ടി. വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു. നികുതിവർദ്ധനവിലൂടെ 4,000 കോടിയുടെ അധികബാദ്ധ്യതയാണ് കേരളത്തിലെ ജനങ്ങളുടെ തലയിൽ കെട്ടിവച്ചിരിക്കുന്നത്. 33,000 കോടിരൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ പക്ഷേ ഒരു ശുഷ്കാന്തിയും ഇല്ലതാനും.

ഭൂമിയുടെ ന്യായവില 50 ശതമാനമാണ് ഉയർത്തിയിരിക്കുന്നത്. റിയൽ എസ്റ്റേറ്റ് മാഫിയകൾക്കല്ലാതെ ആർക്കും ഭൂമി കൈമാറ്റം ചെയ്യാനാവാത്ത സ്ഥിതിയായിരിക്കുന്നു.

വിലക്കയറ്റത്തിൽനിന്ന് ജനങ്ങൾക്ക് ആശ്വാസം നൽകേണ്ട സപ്ലൈകോ സ്റ്റോറുകളിൽ പോലും വലിയ വിലവർദ്ധനയാണ്

*(ശേഷം പേജ് 3-ൽ)*

# കോഴിക്കോട് യൂണിവേഴ്സിറ്റി ആസ്ഥാനത്തേയ്ക്ക് എഐഡിഎസ്ഒ മാർച്ച്

റൂസ പദ്ധതിയും ബി.വോക് കോഴ്സും പിൻവലിക്കുക യൂണിവേഴ്സിറ്റിയുടെ സ്വയംഭരണാവകാശം സംരക്ഷിക്കുക, പാരലൽ-റെഗുലർ വിവേചനം അവസാനിപ്പിക്കുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് എഐഡിഎസ്ഒ കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 13 ന് കോഴിക്കോട് യൂണിവേഴ്സിറ്റി ആസ്ഥാനത്തേയ്ക്ക് വിദ്യാർത്ഥികൾ മാർച്ച് നടത്തി. തേഞ്ഞിപ്പലം ജംഗ്ഷനിൽനിന്ന് യൂണിവേഴ്സിറ്റി കവാടത്തിനുമുന്നിൽ പോലീസ് തടഞ്ഞു.

തുടർന്ന് അവിടെ നടത്തിയ ധർണ്ണ എഐഡിഎസ്ഒ സംസ്ഥാന വൈസ്പ്രസിഡന്റ് സഖാവ് കെ. ബിമൽജി മാർച്ച് ഉദ്ഘാടനം ചെയ്തു. മാറി മാറി വരുന്ന സർക്കാരുകൾ യൂണിവേഴ്സിറ്റികളുടെ സ്വയംഭരണാവകാശം തകർക്കുകയാണെന്ന് സഖാവ് ബിമൽജി ചൂണ്ടിക്കാട്ടി. ജില്ലാ പ്രസിഡന്റ് സഖാവ് പി.കെ.പ്രഭാഷ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് എ.റജീന, സേവ് എജ്യൂക്കേഷൻ കമ്മിറ്റി ജില്ലാ കൺവീനർ ഡോ. ജ്യോതിരാജ്, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി സഖാവ് കെ.റഹിം, സഖാവ് കെ.ഉണ്ണികൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലാ നേതാക്കളായ തുഷാര തോമസ്, അഖിൽനാഥ്, അപർണ്ണ ടി.കെ, പ്രതീഷ് തോമസ്, നൈതിക രാജ്, വിനീത, മനോജ് തുടങ്ങിയവർ പ്രകടനത്തിന് നേതൃത്വം നൽകി. നൂറുകണക്കിന് വിദ്യാർത്ഥികൾ ധർണ്ണയിൽ പങ്കെടുത്തു. ■



കോഴിക്കോട് സർവ്വകലാശാലാ ആസ്ഥാനത്തേയ്ക്ക് എഐഡിഎസ്ഒയുടെ ആഭിമുഖ്യത്തിൽ നടന്ന വിദ്യാർത്ഥിമാർച്ച് യൂണിവേഴ്സിറ്റി കവാടത്തിനുമുന്നിൽ പോലീസ് തടഞ്ഞപ്പോൾ

# അസ്തപ്രജ്ഞരായ പ്രതിപക്ഷം

(2-ാം പേജിൽ നിന്നു തുടർച്ച)

ഏർപ്പെടുത്തിയിരിക്കുന്നത്. സർക്കാർ ധനസഹായം ലഭിക്കുന്നില്ലെന്ന പരാതിയാണ് സപ്ലൈകോയ്ക്ക്. അതിന്റെ ഭാരവും ജനങ്ങൾ ചുമക്കണമെന്നുമത്രെ!

സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം നടത്തേണ്ട സമയം കഴിഞ്ഞിട്ട് 6 മാസമായി. ഖജനാവ് കാലിയാക്കി ഭരണം നടത്തുന്നവർക്ക് ജീവനക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനുള്ള മനസ്സുണ്ടാവില്ലല്ലോ. റബ്ബർ വിലയിടിവ് ലക്ഷക്കണക്കിന് റബ്ബർകർഷകരെയും ടാപ്പിംഗ് തൊഴിലാളികളെയും കടുത്ത പ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണ്. ജനവിരുദ്ധ ഇറക്കുമതി നയം തിരുത്താൻ കേന്ദ്ര സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്താൻ ആഗോളീകരണനയങ്ങളുടെ ഉപജ്ഞാതാക്കളായ കോൺഗ്രസ്സ് നയിക്കുന്ന സർക്കാരിന് എങ്ങനെ കഴിയും.

സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ മാർച്ച് മാസംവരെ പുതിയ തസ്തികകൾക്ക് നിരോധനമേർപ്പെടുത്തിയിരിക്കുകയാണ്. 30,000 താൽക്കാലിക തസ്തികകൾ നിർത്തലാക്കാനും തീരുമാനിച്ചിരിക്കുന്നു. ഈ വർഷംതന്നെ ഇതിന്റെ നാലിലൊന്ന് നിർത്തലാക്കും.

ആരോഗ്യരംഗമാകെ കുത്തഴിഞ്ഞുകിടക്കുകയാണ്. മെഡിക്കൽ കോളേജുകളിൽപോലും ആവശ്യത്തിന് ഡോക്ടർമാരോ സ്റ്റാഫോ മരുന്നുകളോ ഇല്ല. പരിശോധനാകിറ്റ് വാങ്ങി നൽകാത്തതിനാൽ നവജാത ശിശുക്കളുടെ ജന്മവൈകല്യപരിശോധനപോലും മുടങ്ങുകയാണ്. ഔഷധവില നിയന്ത്രണം കൂടി നീക്കിയതോടെ ബഹുഭൂരിപക്ഷത്തിനും മരണം വിധിക്കുന്ന സ്ഥിതിയാണ് സംജാതമായിരിക്കുന്നത്.

റേഷൻ കടകൾ നോക്കുകുത്തികളായിട്ട് നാളേറെയായി. സബ്സിഡിയെച്ചൊല്ലിയുള്ള ആശയക്കുഴപ്പം മൂലം മണ്ണെണ്ണ വിതരണവും അവതാളത്തിലായിരിക്കുകയാണ്. പക്ഷിപ്പനി പടരുകയാണ്. ലക്ഷക്കണക്കിന് താറാവുകൾ ചത്തു. ബാക്കിയുള്ളവയെ കൊന്നുകൊണ്ടിരിക്കുന്നു.പക്ഷിപ്പനി നിർണ്ണയിക്കാൻ സംസ്ഥാനത്ത് സംവിധാനമില്ല എന്നതാണ് ഏറെ ഗുരുതരം. ചത്തുപോകുന്ന താറാവുകൾക്ക് നഷ്ടപരിഹാരം കൊടുത്തില്ല. കൊന്നതിനുമാത്രമേയുള്ളു എന്നത് താറാവുകർഷകരെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുന്ന നിലപാടാണ്.

ഹൈസ്കൂൾതലത്തിൽ രണ്ടാംഘട്ട പാഠപുസ്തകവിതരണം മുടങ്ങിയിരിക്കുകയാണ്. ലക്ഷക്കണക്കിന് പുസ്തകങ്ങൾ കെട്ടിക്കിടക്കുന്ന സ്ഥിതിയും ഒപ്പമുണ്ട്. അദ്ധ്യയനവർഷം പകുതിയായിട്ടും ഓപ്പൺ സ്കൂൾ, +1 അഡ്മിഷൻ പൂർത്തിയായിട്ടില്ല. ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പഠനം നിഷേധിക്കുന്ന സ്ഥിതിയാണുണ്ടായിരിക്കുന്നത്.

തിരുവനന്തപുരം കോഴിക്കോട് നഗരങ്ങളിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ലൈറ്റ് മെട്രോ പദ്ധതി സാമ്പത്തിക പ്രതിസന്ധിമൂലം റവന്യൂവകുപ്പിന്റെ അനുമതി ലഭിക്കാതെ കിടക്കുന്നു.

ഉൽപ്പാദനരംഗം ഗുരുതരമായ പ്രതിസന്ധിയിലാണ്. ഫാക്ട്, ഷിപ്പ്യാർഡ്, ന്യൂസ്പ്രിന്റ് ഫാക്ടറി തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു. വാറ്റ് നികുതി കുറച്ചപ്പോഴാണ് ഫാക്ടിലെ അമോണിയ പ്ലാന്റ് ചലിക്കാൻ തുടങ്ങിയത്. തികഞ്ഞ അനാസ്ഥയും നയവൈകല്യവുംമൂലം കർഷകത്തൊഴിലാളി ക്ഷേമനിധിബോർഡും പ്രതിസന്ധിയിലാണ്. 60 വയസ്സുകഴിഞ്ഞ കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ആനുകൂല്യം കൊടുക്കാൻ സർക്കാർ സഹായം ലഭിക്കുന്നില്ല. കെഎസ്ആർടിസിയിലാകട്ടെ, പെൻഷൻ മാത്രമല്ല, ശമ്പളവും മുടങ്ങിയിരിക്കുകയാണ്.

പ്രതിവർഷം 7000 കോടിരൂപയുടെ മരുന്നുവ്യാപാരം നടക്കുന്ന കേരളത്തിൽ മരുന്നുഫാക്ടറികൾ മിക്കതും പൂട്ടിക്കിടക്കുകയാണ്. സർക്കാർ മരുന്നുവാങ്ങാൻ തയ്യാറായാൽ ഇവയ്ക്ക് പ്രവർത്തിക്കാൻ കഴിയും. എന്നാൽ 15 കോടി രൂപയുടെ മരുന്നുമാത്രമാണ് ഇവിടെ കച്ചവടം നടത്തുന്നത്. സർക്കാർ മരുന്നുവാങ്ങുന്നതുകൊണ്ട് കെഎസ്ഡിപി മാത്രം കഷ്ടിച്ചുനിലനിൽക്കുന്നു. സർക്കാരിന്റെ മെഡിക്കൽ കോർപ്പറേഷൻ പുറത്തുനിന്നാണ് മരുന്നുവാങ്ങുന്നത്.

എൻഡോസൾഫാൻ ദുരന്തം അനുഭവിച്ചറിഞ്ഞ നാട്ടിൽ വിഷമയമായ പച്ചക്കറി വ്യാപകമായി വിറ്റഴിക്കപ്പെടുന്നതും സർക്കാർ കണ്ടില്ലെന്ന് നടിക്കുന്നു.

സംസ്ഥാനത്തെ ആദിവാസികൾ എണ്ണിയാലൊടുങ്ങാത്ത ദുരിതങ്ങൾ അനുഭവിക്കുകയാണ്. എല്ലാറ്റിനും പുറമെയാണ് നവജാതശിശുക്കളുടെ ഞെട്ടിപ്പിക്കുന്ന മരണവാർത്ത വരുന്നത്. അട്ടപ്പാടിയിൽ കഴിഞ്ഞവർഷം 63 കുട്ടികൾ മരിച്ചു. ഈ വർഷം ഇതുവരെ 20 കുട്ടികളാണ് മരിച്ചത്. 20 ഗർഭസ്ഥശിശുക്കളും മരിച്ചതായി കണക്കുകൾ പറയുന്നു.

തൊഴിൽവകുപ്പ് സമ്പൂർണ്ണ പരാജയമാണെന്ന് തൊഴിൽവകുപ്പ് മന്ത്രി തന്നെ തുറന്നടിച്ചിരിക്കുന്നു. ആലുമുളച്ചാൽ അതുമൊരു തണൽ എന്നല്ലാതെ എന്തുപറയാൻ.

കള്ള് ഉൽപ്പാദനം കുറഞ്ഞതായും കള്ളുഷാപ്പുകളിൽ വിൽപ്പന കൂടിയതായും എക്സൈസ് ഇന്റലിജൻസ് തന്നെ വെളിപ്പെടുത്തുമ്പോൾ ഷാപ്പുകളിൽ വിഷമാണ് വിൽക്കുന്നത് എന്നല്ലേ അർത്ഥം.

വിളനാശം, വിലയിടിവ് തുടങ്ങി വന്യമൃഗങ്ങളുടെ ആക്രമണം വരെയുള്ള പ്രശ്നങ്ങൾ കർഷകരെ വേട്ടയാടുകയാണ്. വായ്പാക്കെണിയിൽപ്പെട്ട് നട്ടം തിരിയുന്ന കർഷകരുടെ മേൽ കർഷകദ്രോഹനയങ്ങൾ അടിച്ചേൽപ്പിച്ച് ആത്മഹത്യയിലേക്ക് തള്ളുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ.

ജനങ്ങളുടെ ദുരിതങ്ങൾ പെരുകുമ്പോൾ ഭരണം അഴിമതിയിൽ ആറാടുകയാണ്. മുഖ്യമന്ത്രിയടക്കം നാലുമന്ത്രിമാരാണ് അന്വേഷണം നേരിടുന്നത്. മൂന്നുമന്ത്രിമാർക്കെതിരെ വിജിലൻസ് കേസുണ്ട്. 20 സിവിൽ സർവീസ് ഉദ്യോഗസ്ഥരും വിജിലൻസ് അന്വേഷണം നേരിടുന്നു. ഇതിൽ 13 പേർക്കെതിരെ കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് സെക്രട്ടറി ടി.ഒ.സൂരജിനെതിരെ അനധികൃത സ്വത്ത് സമ്പാദനക്കേസിലും കളമശ്ശേരി ഭൂമി ഇടപാടിലും അന്വേഷണം നടക്കുന്നു.

മന്ത്രിമാരും ഉദ്യോഗസ്ഥരുമൊക്കെ പദവി ദുരുപയോഗം ചെയ്ത് വിമാനയാത്ര നടത്തിയതായി തെഹൽക്ക നടത്തിയ വെളിപ്പെടുത്തലും സംസ്ഥാനത്തിന് അർഹമായ വീതമുണ്ട്. ചീഫ് സെക്രട്ടറി തന്നെയാണ് ഇവിടെ പ്രതിക്കൂട്ടിൽ.

നാലുജില്ലകളിലായി 30,000 ഏക്കർ സർക്കാർഭൂമി വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ ഹാരിസൺ മലയാളം കൈവശംവച്ചിരിക്കുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിരിക്കുന്നു. 8 ജില്ലകളിലായി ആകെ 60,000 ഏക്കർ വരുമെന്നാണ് കണക്ക്. എത്രയോ കാലമായി, മാറിമാറിവന്ന ഭരണത്തിൽ ഇതുപോലുള്ള വമ്പന്മാർ കൊള്ളയടി നിർബ്ബാധം തുടരുകയായിരുന്നു.

സർവ്വകലാശാലകളുടെ സ്ഥിതിയാണ് ഏറ്റവും സങ്കടകരം. യോഗ്യതയുള്ള ആരെങ്കിലും വൈസ്ചാൻസലറായിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. ഗാന്ധിയൂണിവേഴ്സിറ്റി വൈസ്ചാൻസലർ അയോഗ്യനാണെന്ന് കണ്ടെത്തിയിട്ടും കസേരയിൽ അള്ളിപ്പിടിച്ചിരുന്നു. ഒടുവിൽ പിടിച്ച് പുറത്താക്കേണ്ടിവന്നു. കേരള യൂണിവേഴ്സിറ്റി പ്രോ വൈസ്ചാൻസലർ പ്രബന്ധം കോപ്പിയടിച്ച് ഡോക്ടറേറ്റ് നേടിയ മാന്യനാണ്. പരീക്ഷാനടത്തിപ്പിന്റെ ചുമതല ഈ വ്യാജന്റെ ചുമലിലായിരുന്നു എന്നോർക്കണം. കോഴിക്കോട് സർവ്വകലാശാലയിലെ സ്ഥിതി ചന്തയേക്കാൾ ദയനീയമാണ്. കേരള സർവ്വകലാശാല അസിസ്റ്റന്റ്സ് നിയമന തട്ടിപ്പിൽ മുൻ വിസിയടക്കം ഏഴുപേർക്കാണ് ക്രൈംബ്രാഞ്ച് കുറ്റപത്രം നൽകിയിരിക്കുന്നത്. പരീക്ഷയെഴുതിയവരിൽ വേണ്ടപ്പെട്ടവർക്ക് മാത്രം നിയമനം കൊടുക്കുക മാത്രമല്ല പരീക്ഷ എഴുതാത്തവർക്കുപോലും നിയമനം കൊടുത്ത് റെക്കോഡിട്ട അഴിമതിയാണ് സിപിഐ(എം) ഒത്താശയോടെ അരങ്ങേറിയത്. വലതുപക്ഷത്തിന്റെ പങ്കാളിത്തം കൂടി ഉണ്ടായിരുന്നതിനാലാകാം മൂന്ന് ജുഡീഷ്യൽ പരിശോധനകളിൽ തെളിഞ്ഞിട്ടും കേസ് തീർപ്പായില്ല. പലവിധ അട്ടിമറികളെ നേരിട്ടാണ് ഒടുവിൽ കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നത്.

സർവ്വകലാശാലകൾ കുത്തഴിഞ്ഞുകിടക്കുമ്പോൾ അതിനുപരിഹാരം കാണാതെ ആട്ടോണമസ് കോളേജുകൾക്ക് അംഗീകാരം നൽകി സർവ്വകലാശാലകളെ തകർക്കാനാണ് സർക്കാർ നടപടി സ്വീകരിച്ചത്. ഇതിനുള്ള ബിൽ നിയമസഭ പാസ്സാക്കിക്കഴിഞ്ഞു. ഇനി പഠനം, അദ്ധ്യാപനം, പരീക്ഷ, മൂല്യനിർണ്ണയം എന്നിവയെ കോളേജുകളുടെ സ്വയംഭരണ കൗൺസിലുകളുടെ നിയന്ത്രണത്തിലാകും. സർവ്വകലാശാലകൾക്കുമുകളിൽ ഹയർ എജ്യൂക്കേഷൻ കൗൺസിലിനെ പ്രതിഷ്ഠിച്ച് ആട്ടോണമസ് കോളേജുകൾക്ക് പാതയൊരുക്കിയത് ഇടതുപക്ഷ ഭരണത്തിലാണെന്ന കാര്യത്തിൽ അവർക്കും അഭിമാനിക്കാം.

മദ്യത്തിന്റെ അതിപ്രസരത്തോടൊപ്പം സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണ്. കഴിഞ്ഞ 9 മാസത്തിനിടയിൽ സംസ്ഥാനത്ത് ബലാൽസംഗത്തിനിരയായത് 1531 പേരാണ്. 1 വയസ്സിനും 17 വയസ്സിനും ഇടയിലുള്ള 550 കുട്ടികളും ഇതിലുൾപ്പെടും. ഒരു ദിവസം 5 പേർ എന്ന കണക്കിന് അതിക്രമത്തിന് ഇരയായിക്കൊണ്ടിരിക്കുന്നു. ഇത് പോലീസ് കണക്കാണ്. യഥാർത്ഥ കണക്ക് ഇതിലും ഭയാനകമായിരിക്കും.

ഭീകരമായ ഈ സ്ഥിതിവിശേഷം പ്രതിപക്ഷത്തെ ഒട്ടും അലോസരപ്പെടുത്തുന്നില്ല എന്നത് ചിന്തിക്കുന്ന ഏതൊരാളെയും ഭീതിയിലാഴ്ത്തുന്നു. അധികാരത്തിൽ കണ്ണും നട്ടിരിക്കുന്ന ഇക്കൂട്ടരിൽനിന്ന് ജനങ്ങൾക്കുവേണ്ടിയുള്ള ശബ്ദം ഇനി ഉയരില്ല. ഇവരുടെ സമരങ്ങളെല്ലാം അഡ്ജസ്റ്റുമെന്റുകൾ മാത്രമാണെന്ന് സഖ്യകക്ഷിതന്നെയാണ് വിളിച്ചുകൂവുന്നത്.

ആഗോളീകരണനയങ്ങൾ സർവ്വനാശം വിതയ്ക്കുമ്പോൾ രാജ്യവ്യാപകമായ വീറുറ്റ ജനകീയ പ്രക്ഷോഭത്തിലൂടെ മാത്രമേ ജനങ്ങൾക്ക് അവകാശങ്ങൾ പിടിച്ചുപറ്റാൻ കഴിയൂ. മോദിയുടെ ഭരണം മാനുഷികനന്മകളെയാകെ തുടച്ചുനീക്കിക്കൊണ്ടാണ് മൂലധനശക്തികൾക്ക് വിടുപണി ചെയ്യുന്നത്. ആഗോളീകരണ നയങ്ങൾക്കും ഫാസിസ്റ്റ് വിപത്തിനുമെതിരെ അണിനിരക്കുക എന്ന ഏക മാർഗ്ഗമേ ഇന്ന് ജനങ്ങളുടെ മുന്നിലുള്ളൂ. ■

## മഹാരാഷ്ട്ര നിയമസഭ

# ജനാധിപത്യം കൊല ചെയ്യപ്പെട്ടു

ജനാധിപത്യത്തെ അവജ്ഞയോടെ അവഹേളിക്കുകയായിരുന്നു ഇക്കഴിഞ്ഞ നവമ്പർ 12 നു മഹാരാഷ്ട്ര നിയമസഭയിൽ. ഭരണത്തിലേറിയ ബിജെപി സർക്കാർ, മതിയായ അംഗസംഖ്യ ഇല്ലാതിരുന്നിട്ടു കൂടി, വിശ്വാസവോട്ടിന്റെ കടമ്പ കടന്നുകൂടി. തിരഞ്ഞെടുപ്പിനുശേഷം ആർക്കും ഭൂരിപക്ഷമില്ലാത്ത തൂക്കുനിയമസഭയാണ് മഹാരാഷ്ട്രയിൽ നിലവിൽ വന്നത്. ബിജെപി, 121 അംഗങ്ങളോടെ ഏറ്റവും വലിയ ഒറ്റക്കക്ഷിയായെങ്കിലും, ഒറ്റക്കു ഭരിക്കാനുള്ള ഭൂരിപക്ഷം ലഭിച്ചില്ല. അവരുടെ സ്വാഭാവിക സഖ്യകക്ഷിയായ ശിവസേനയാകട്ടെ, നേരത്തേ തന്നെ മുന്നണി ബന്ധങ്ങൾ വിച്ഛേദിക്കുകയും തങ്ങൾ പ്രതിപക്ഷത്തിരിക്കും എന്നു പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഇന്നലെവരെ കോൺഗ്രസിന്റെ ഏറ്റവും അടുത്ത സഖ്യകക്ഷിയായിരുന്ന ശരദ് പവാറിന്റെ എൻസിപി, മലക്കംമറിഞ്ഞ് ബിജെപിക്ക് അങ്ങോട്ട് പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു. എന്നാൽ എൻസിപിയുടെ വാക്കുകളിൽ ബിജെപി വിശ്വാസമർപ്പിച്ചതായി തോന്നിയില്ല. അതുകൊണ്ട്, ചില ചെറുപാർട്ടികളുടെ പിന്തുണ തരപ്പെടുത്താനായെങ്കിലും, ഭൂരിപക്ഷം നേടിയെടുക്കാനുള്ള സാധ്യത അകന്നുപോകുന്നതായി അവർക്കു തോന്നി. കിട്ടിയ അധികാരത്തിൽ ഏതുവിധേനയും കടിച്ചുതൂങ്ങാനുള്ള കുതന്ത്രങ്ങളാണ് പിന്നെയവർ അവലംബിച്ചത്. വിശ്വാസവോട്ടിലെ പരാജയം മന്ത്രിസഭക്ക് അന്ത്യം കുറിക്കുമെന്നു മനസ്സിലാക്കിയ ബിജെപി, വൃത്തികെട്ട കളിയാണ് പുറത്തെടുത്തത്. അന്നേ ദിവസം, ആദ്യമേ തന്നെ തങ്ങളുടെ എംഎൽഎയായ ഹരിഭാവു ബാഗ്ഡെയെ സ്പീക്കറായി തെരഞ്ഞെടുക്കാൻ അവർക്കു സാധിച്ചു. പിന്നീട്, മുൻകൂട്ടി നിശ്ചയിച്ചതു പോലെ ഈ ബിജെപി സ്പീക്കർ അവശേഷിക്കുന്ന ജനാധിപത്യമര്യാദകളെയെല്ലാം കാറ്റിൽ പറത്തി, ഇത്രയും നിർണ്ണായകമായ വിശ്വാസവോട്ടെടുപ്പ്, രഹസ്യബാലറ്റിനു പകരം ശബ്ദവോട്ടോടെ നടത്താൻ തീരുമാനിക്കുകയും, അവസാനം ബിജെപി വിജയിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു. ഇത് ഇതുവരെയുണ്ടാകാത്ത നടപടിയാണെന്നു മാത്രമല്ല, പാർലമെന്ററി ജനാധിപത്യത്തിന്റെ അടിസ്ഥാന സങ്കൽപ്പങ്ങളെപ്പോലും കാൽക്കീഴിലിട്ട് ചവിട്ടിയരക്കുന്നതിനു തുല്യമായ നടപടിയാണ്. ഒപ്പം, അധികാരം നേടുവാനും അതു നിലനിർത്തുവാനും ഏതറ്റം വരെയും പോകാൻ തങ്ങൾ തയ്യാറാണെന്നത് ബിജെപി ഉറക്കെ പ്രഖ്യാപിക്കുകയായിരുന്നു ഇവിടെ. ഇത് ഫാസിസത്തിന്റെ ചുവടുവെപ്പാണ്. ഇതിനോടകം തന്നെ പാർലമെന്ററി ജനാധിപത്യമെന്നത് വെറുമൊരു പ്രഹസനമായി അധ പതിച്ചു കഴിഞ്ഞു. പണം-മാദ്ധ്യമം-മാഫിയ-ഭരണകൂട ശക്തികളെ ഉപയോഗിച്ച് അവിഹിതമായി സ്വാധീനം ചെലുത്തി വഴിക്കുകൊണ്ടുവരാനാകുന്ന തെരഞ്ഞെടുപ്പുകൾ. നിയമനിർമ്മാണസഭകളുടെ സമ്മേളനദിനങ്ങളുടെ എണ്ണം തന്നെ ക്രമാനുഗതമായി കുറച്ചുകൊണ്ടു വരുന്നു. സമ്മേളനം നടന്നാൽത്തന്നെ ചർച്ചകൾക്കു പകരം പരസ്പരമുള്ള പോർവിളികളും ചെളിവാരിയെറിയലും ബഹളവും മാത്രം. യാതൊരു കാരണവുമില്ലെങ്കിൽപ്പോലും നീണ്ടുനിൽക്കുന്ന സഭാബഹിഷ്കരണങ്ങളും പിന്നെ അംഗങ്ങൾ തമ്മിലുള്ള കലഹവും കയ്യാങ്കളിയും. എത്രയോ കാലമായി, ജനങ്ങളുടെ പ്രശ്നങ്ങൾ മുൻനിർത്തി എന്തെങ്കിലും അർത്ഥവത്തായ ചർച്ചകൾ നടന്നിട്ട്. വാസ്തവത്തിൽ, ജനതാൽപ്പര്യങ്ങളെ സുന്ദരമായി കുഴിച്ചുമൂടുകയാണിവർ. ഇപ്പോൾ പാർലമെന്റ് കൂടുന്നതു തന്നെ മുതലാളിമാർക്കും സമ്പന്നർക്കും വേണ്ടിയുള്ള നിയമങ്ങൾക്ക് അംഗീകാരം നൽകാൻ വേണ്ടി മാത്രമാണ്. ഏതെങ്കിലും ജനവിരുദ്ധ നിയമങ്ങൾക്ക് അംഗീകാരം ലഭിച്ചേക്കില്ല എന്ന് സർക്കാരിനു സംശയം തോന്നിയാൽത്തന്നെ, അത് അതിന്റെ ഗുണദോഷങ്ങളെപ്രതിയുള്ള എതിർപ്പുകൾ ഉയരും എന്നതുകൊണ്ടല്ല. മറിച്ച്, പാർലമെന്റിൽ പ്രാതിനിധ്യമുള്ള വിവിധ ബൂർഷ്വാ പാർട്ടികളുടെ സ്വന്തം രാഷ്ട്രീയ അജണ്ടകളും താൽപ്പര്യങ്ങളും മുൻനിർത്തിയുള്ള എതിർപ്പിനെ ഭയന്നാകും. അത്തരം അവസരങ്ങളിൽ, പാർലമെന്റിനെ മറികടന്ന് ഓർഡിനൻസുകൾ കൊണ്ടോ, ഭരണകൂട ഉത്തരവുകൾ ഇറക്കിയോ തങ്ങൾ നിശ്ചയിച്ചത് അവർ നടപ്പാക്കും. ഇപ്പോൾ ഇതിനൊക്കെ പുറമേയാണ്, **ബൂർഷ്വാസിയുടെ വളർച്ചയുടെ കാലത്ത് പരമാധികാരിയായി കണക്കാക്കപ്പെട്ട പാർലമെന്റിന്റെ അസ്തിത്വം തന്നെ ഇല്ലാതാക്കുന്ന രീതിയിൽ, ജനാധിപത്യത്തെ കോമാളിയാക്കുന്ന നടപടികളുമായി ഭരിക്കുന്ന ബിജെപി മുന്നോട്ടു പോകുന്നത്. അങ്ങനെ, ജനാധിപത്യത്തിന്റെ ശവപ്പെട്ടിയിൽ അവസാനത്തെ ആണിയും അവർ അടിക്കുന്നു. ഇത് വളരെ ആപത്കരമായ ലക്ഷണമാണ്. തങ്ങളുടെ നീചമായ വർഗ്ഗതാൽപ്പര്യങ്ങൾ നടത്തിയെടുക്കുവാൻ വേണ്ടി ഭരിക്കുന്ന കുത്തകകൾ, എത്ര അപകടം പിടിച്ച ഫാസിസ്റ്റ് ശക്തികളുടെ മേലാണ് അധികാരം അഭിഷേകം ചെയ്തിരിക്കുന്നതെന്ന് എല്ലാവരും തിരിച്ചറിയേണ്ട സമയമാണിത്.** ജനാധിപത്യത്തെ ഇങ്ങനെ വികൃതമാക്കുന്നതിനെതിരേ ശക്തമായ സംഘടിതപ്രക്ഷോഭം ഉയരേണ്ടതുണ്ട്. ഇല്ലെങ്കിൽ, പ്രതിഷേധത്തിന്റെ ചെറുസ്വരങ്ങളെപ്പോലും മൃഗീയമായി ചവുട്ടിയരക്കുന്ന, കൂടുതൽ വലിയ ഏകാധിപതിയും സ്വേച്ഛാധിപതിയുമായി ബിജെപി മാറും. ■

## റബർ ബോർഡ് ഓഫീസ് മാർച്ച്

(ഒന്നാം പേജിൽ നിന്ന്)

ഉൽപ്പാദനം ആരംഭിക്കുന്നത്. ഇപ്രകാരം കഴിഞ്ഞ 8 വർഷത്തിനുള്ളിൽ മുതൽ മുടക്ക് നടത്തിയ കർഷകർക്ക് ടാപ്പിംഗ് തുടങ്ങാൻ പോലുമാവുന്നില്ല എന്നത് വിവരിക്കാനാവാത്ത പ്രതിസന്ധിയാണ് സൃഷ്ടിച്ചിട്ടുള്ളത്. അവശ്യ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ കർഷകരുടെയും തൊഴിലാളികളുടെയും ജീവിതം ദുരിതക്കയത്തിൽ ആഴ്ത്തപ്പെട്ടിരിക്കുന്നു.

കേന്ദ്ര - സംസ്ഥാന സർക്കാരുകളും ടയർ വ്യവസായികളും ഊഹക്കച്ചവടക്കാരും ചേർന്ന് കൊള്ളലാഭം ലക്ഷ്യമിട്ട് നടത്തുന്ന ആസൂത്രിത നടപടികളാണ് റബറിന്റെ വിലയിടിവിന് പിറകിലുള്ളത്. അനിയന്ത്രിതമായ ഇറക്കുമതി അനുവദിച്ചുകൊണ്ടാണ് ഈ ഗൂഢസംഘം റബറിന്റെ വിലയിടിവിന് വഴി തുറന്നത്. ആസിയാൻകരാർ പ്രകാരം വില കുറഞ്ഞ റബർ വൻതോതിൽ ഇറക്കുമതി ചെയ്യാൻ ടയർ വ്യവസായികളെ ആദ്യം അനുവദിച്ചു. അതിനായി ഇറക്കുമതി ചുങ്കം വൻതോതിൽ വെട്ടിക്കുറച്ചു. (ഇറക്കുമതി ചുങ്കം വൻതോതിൽ വെട്ടിക്കുറച്ച 2001-2002 കാലഘട്ടത്തിലും ഈ മേഖലയിൽ സമാനമായ പ്രതിസന്ധി സൃഷ്ടിക്കപ്പെടുകയുണ്ടായി) 2012ൽ റബർ ഇറക്കുമതി 80,000 ടണ്ണായിരുന്നത് 2013ൽ 3 ലക്ഷം ടണ്ണായി വർദ്ധിച്ചു. 2014ലെ ആദ്യ നാലുമാസത്തിനുള്ളിൽ മാത്രം നടന്ന ഇറക്കുമതി 1.2 ലക്ഷം ടണ്ണാണ്. അതായത് ഈ വർഷത്തെ ഇറക്കുമതി 4 ലക്ഷം ടണ്ണായി വർദ്ധിക്കും. അതായത് 5 മടങ്ങായി വർദ്ധിക്കുമെന്നർത്ഥം! അഡ്വാൻസ് ലൈസൻസിന്റെ മറയിൽ ഒരു രൂപ പോലും നികുതി നൽകാതെയും ടയർ വ്യവസായികൾ റബർ ഇറക്കുമതി ചെയ്യുന്നുണ്ട്. ഈ ക്രമക്കേടുകൾക്ക് ഭരണാധികാരികളും ഉദ്യോഗസ്ഥരും കൂട്ടുനിൽക്കുകയാണ്. അതോടൊപ്പം റബർ ഉൽപ്പന്നങ്ങൾ കമ്മോഡിറ്റി എക്സ്ചേഞ്ചിന്റെ പരിധിയിൽ വരുന്നതിനാൽ ഊഹക്കച്ചവടവും റബറിന്റെ വില നിയന്ത്രിക്കുന്ന ഘടകമാണ്. വിലയെ സ്വാധീനിക്കുന്ന യാതൊരു കാരണവുമില്ലാതെ കൃത്രിമമായി വില ഉയർത്താനും താഴ്ത്താനും വ്യവസായികളുടെ താൽപ്പര്യാർത്ഥം ഊഹക്കച്ചവടശക്തികൾ ശ്രമിക്കുന്നു. വിലയിടിവിന് അതും ഒരു പ്രധാന കാരണമാണ്. റബറിന്റെ വില വൻതോതിൽ ഇടിഞ്ഞിട്ടും ടയറിന്റെയും മറ്റ് ഉൽപ്പന്നങ്ങളുടെയും വില ഒരു രൂപ പോലും കുറഞ്ഞിട്ടില്ല എന്നത് ഈ വിലയിടിവ് കൊള്ളലാഭത്തെ ലക്ഷ്യമിട്ട് വൻകിട വ്യവസായികൾ സൃഷ്ടിച്ചതാണെന്ന് വ്യക്തമാക്കുന്നു.

റോഡുകൾ റബ്ബറൈസ് ചെയ്യാനുള്ള ശുപാർശ അംഗീകരിക്കാൻ സർക്കാരുകൾ തയ്യാറാകാത്തത് ഇൻഡ്യയ്ക്കുള്ളിൽ റബറിന്റെ ഡിമാന്റ് വർദ്ധിപ്പിക്കാൻ അവരാഗ്രഹിക്കുന്നില്ല എന്നതുകൊണ്ടാണ്. ഫിനിഷ്ഡ് റബർ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി ചുങ്കം 7.5ശതമാനമായി വെട്ടിക്കുറച്ചതും റബറിന്റെ ആഭ്യന്തരഡിമാന്റ് കുറയ്ക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമാണ്. റബറിന്റെ ആഭ്യന്തരഡിമാന്റ് വർദ്ധിക്കുന്നത് റബറിന്റെ വില വർദ്ധിപ്പിക്കുമെന്നും അത് ടയർ വ്യവസായികളുടെ കൊള്ളലാഭത്തെ കുറയ്ക്കുമെന്നും ഭരണാധികാരികൾക്ക് അറിയാം. കർഷകരെ ദ്രോഹിച്ചിട്ടായാലും കുത്തകകളെ സഹായിക്കുമെന്ന സർക്കാർ സമീപനമാണ് ഇക്കാര്യങ്ങളിൽ പ്രതിഫലിക്കുന്നത്.

റബർ ബാന്റ് മുതൽ വിമാനങ്ങളുടെ ടയർ വരെ ഏകദേശം രണ്ടായിരത്തോളം ഉൽപ്പന്നങ്ങൾ സ്വഭാവിക റബറിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നു. ഇത്രയും വ്യവസായിക പ്രാധാന്യമുള്ള അസംസ്കൃത വസ്തു, ലോകത്തിൽ വച്ചേറ്റവും ഗുണമേന്മയോടെ ഉൽപ്പാദിപ്പിക്കുന്ന ലക്ഷക്കണക്കിന് കർഷകർക്കും അനുബന്ധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ഉണ്ടായിട്ടുള്ള പ്രതിസന്ധി ആത്മാർത്ഥതയും ഗൗരവസമീപനവും ഉണ്ടെങ്കിൽ സർക്കാരുകൾക്ക് പരിഹരിക്കാവുന്നതേയുള്ളൂ. എന്നാൽ ബോധപൂർവ്വമുള്ള അലംഭാവത്തിന്റെ സമീപനമാണ് മോദി സർക്കാരിൽ നിന്നും നാം കാണുന്നത്. റബർ കർഷകരിൽ നിന്നും സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത 200 കോടിയോളം രൂപ റബർ ബോർഡിന്റെ കൈവശമുണ്ട്. ടാപ്പിംഗ് നിർത്തിവയ്ക്കാൻ പോലും കർഷകർ നിർബന്ധിതമായിരിക്കുന്ന ഈ പ്രതിസന്ധിയുടെ വേളയിൽ കർഷകർക്കും തൊഴിലാളികൾക്കും പരിമിതമായ ഒരാശ്വാസം നൽകാൻ ഈ തുക വിനിയോഗിക്കാവുന്നതാണ്. അതിനും സർക്കാരുകൾ തയ്യാറാവുന്നില്ല. എന്തിന് റബർ കർഷകർക്ക് നിയമപരമായി അർഹതപ്പെട്ട സബ്സിഡി പോലും 3 വർഷമായി റബർ ബോർഡ് നൽകിയിട്ടില്ല. വ്യവസായികളുടെയും കുത്തകകളുടെയും താൽപ്പര്യം മാത്രം പരിഗണിക്കുന്ന സർക്കാരുകൾ കർഷകരുടെ കഷ്ടപ്പാടുകൾ പരമ പുച്ഛത്തോടെ അവഗണിക്കുകയാണ്. 2 രൂപ അധികം നൽകി റബർ സംഭരിക്കുമെന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനം വെറും തട്ടിപ്പ് മാത്രമാണ്. കിലോമീറ്ററുകൾ അകലെയുള്ള റബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ ഡിപ്പോകളിൽ റബർ എത്തിച്ചാലും അതിന്റെ വില മാസങ്ങൾ കഴിഞ്ഞാലും ലഭിക്കില്ലെന്ന് മുൻ അനുഭവങ്ങളിൽ നിന്ന് കർഷകർക്ക് അറിയാവുന്നതാണ്. സർക്കാർ കാട്ടേണ്ടത് ചെപ്പടി വിദ്യകളല്ല.

ഈ സാഹചര്യത്തിലാണ്, കർഷകരെ പ്രതിസന്ധിയിൽനിന്നു രക്ഷിക്കാനുള്ള കാര്യക്ഷമമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുക, തീരുവ വർദ്ധിപ്പിച്ച് ഇറക്കുമതി നിയന്ത്രിക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ കൈക്കൊള്ളുക, ഊഹക്കച്ചവടത്തിന്റെ പിടിയിൽ നിന്നും റബറിനെ ഒഴിവാക്കുക, റബറധിഷ്ഠിത വ്യവസായങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് റബറിന്റെ ആഭ്യന്തരഡിമാന്റ് വർദ്ധിപ്പിക്കാനായി ദീർഘകാലാടിസ്ഥാനത്തിലുള്ള നയനടപടികൾ സ്വീകരിക്കുക, അതോടൊപ്പം അടിയന്തിര സഹായം എന്ന നിലയിൽ ചെറുകിട കർഷകർക്കും ടാപ്പിംഗ് തൊഴിലാളികൾക്കും ആശ്വാസം എത്തിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഇടതുപക്ഷ ഐക്യമുന്നണിയുടെ ആഭിമുഖ്യത്തിൽ കോട്ടയത്ത് റബർ ബോർഡ് ഓഫീസിലേയ്ക്ക് മാർച്ച് സംഘടിപ്പിച്ചത്

മാർച്ച് ഇടതുപക്ഷ ഐക്യമുന്നണി ചെയർമാനും ആർ.എം.പിയുടെ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ സഖാവ് കെ.എസ്.ഹരിഹരൻ ഉദ്ഘാടനം ചെയ്തു. അനിയന്ത്രിതമായ ഇറക്കുമതിയും കുത്തകകൾക്കു വേണ്ടി ഊഹക്കച്ചടശക്തികൾ നടത്തുന്ന കള്ളക്കളികളുമാണ് റബർ വിലയിടിവിന് കാരണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. റബർ കർഷകരിൽ നിന്ന് സെസിലൂടെ സമാഹരിച്ച, റബർ ബോർഡിന്റെ കൈവശമുള്ള 200 കോടിയോളം രൂപ കർഷകർക്കും ടാപ്പിംഗ് തൊഴിലാളികൾക്കും നഷ്ടപരിഹാര തുകയായി ഉടൻ നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ഇടതുപക്ഷ ഐക്യ മുന്നണി സംസ്ഥാന വൈസ് ചെയർമാനും എം.സി.പി.ഐ(യു) കേന്ദ്ര കമ്മറ്റിയംഗവുമായ കെ.ആർ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. ഇടതുപക്ഷ ഐക്യ മുന്നണി സംസ്ഥാന കൺവീനറും എസ്.യു.സി.ഐ(കമ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ ഡോ.വി.വേണുഗോപാൽ, എം.സി.പി.ഐ(യു) കേന്ദ്ര കമ്മറ്റി അംഗം ടി.എസ്.നാരായണൻ മാസ്റ്റർ, അഖിലേന്ത്യാ കിസാൻ ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി കെ.പി.ഗോവിന്ദൻ, പി.സി.ജോളി, ജനകീയ പ്രതിരോധ സമിതി സംസ്ഥാന സമിതിയംഗം ജോർജ്ജ് മാത്യു കൊടുമൺ, കെ.പി.വിജയൻ (എ.ഐ.യു.റ്റി.യു.സി) തുടങ്ങിയവർ പ്രസംഗിച്ചു. എസ്.യു.സി.ഐ(സി) ജില്ലാ സെക്രട്ടറി ജയ്സൺ ജോസഫ് സ്വാഗതവും ഇടതുപക്ഷ ഐക്യ മുന്നണി കോട്ടയം ജില്ലാ കൺവീനർ മിനി കെ.ഫിലിപ്പ് കൃതജ്ഞതയും രേഖപ്പെടുത്തി. ഗാന്ധിസ്ക്വയറിൽനിന്നും ആരംഭിച്ച മാർച്ചിന് റ്റി.ജെ.ജോണിക്കുട്ടി, ഇ.കെ.മുരളി, രാജേന്ദ്രൻ, എൻ.കെ.ബിജു, പ്രവീൺ, കെ.സദാനന്ദൻ, വി.പി.കൊച്ചുമോൻ, ഇ.വി.പ്രകാശ്, ബെന്നി ദേവസ്യ, എ.ജി.അജയകുമാർ എന്നിവർ നേതൃത്വം നൽകി. ■



# യഥാർത്ഥ ശാസ്ത്രം ലോകത്തേയ്ക്ക് വെളിച്ചം വീശി, അതിന്റെ ഗുപ്തമായ നിയമങ്ങൾ വെളിപ്പെടുത്തുകയും മനുഷ്യന് മാർഗ്ഗം കാട്ടുകയും ചെയ്യുന്നു

*ഒക്ടോബർ 17 മുതൽ 19 വരെ ബാംഗ്ലൂരിൽ ബ്രേക്ത്രൂ സയൻസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന അഖിലേന്ത്യാ ശാസ്ത്രസമ്മേളനത്തിന് എസ്‌യുസിഐ(സി) പോളിറ്റ്ബ്യൂറോ അംഗം സഖാവ് കൃഷ്ണചക്രവർത്തി അയച്ച സന്ദേശം*

പ്രിയപ്പെട്ട അദ്ധ്യക്ഷൻ, ബ്രേക്ത്രൂ സയൻസ് സൊസൈറ്റിയുടെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിൽ അംഗങ്ങളേ,

നിങ്ങളുടെ ചരിത്രപ്രധാനമായ ഈ ശാസ്ത്രസമ്മേളനത്തിൽ പങ്കെടുക്കണമെന്ന് എനിക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു. പക്ഷെ, ദൗർഭാഗ്യകരമെന്ന് പറയട്ടെ, പൊടുന്നനെ കടുത്ത അണുബാധയുണ്ടായതിനെത്തുടർന്ന് ഞാൻ ഇപ്പോൾ ആശുപത്രിയിലാണ്. എന്ന് ഇവിടെ നിന്ന് പോകാനാവുമെന്ന് നിശ്ചയമില്ല. അതുകൊണ്ടാണ് ഈ സന്ദേശം എഴുതിയയ്ക്കുന്നത്.

സാഹചര്യത്തിൽ വളർന്നുവന്നിട്ടില്ല. ശാസ്ത്രത്തിന് ഭരണവർഗ്ഗത്തിന്റെയും, ശാസ്ത്രത്തെ ഭയപ്പെട്ടിരുന്ന അങ്ങേയറ്റം യാഥാസ്ഥിതികരായ മതമേധാവികളുടെയും കടുത്ത എതിർപ്പിനെ നേരിടേണ്ടതായി വന്നു. ഫ്യൂഡൽ സാഹചര്യത്തിൽ ജനങ്ങളിൽ ഭൂരിപക്ഷവും മുൻവിധികളുടെയും അന്ധവിശ്വാസങ്ങളുടെയും കാലഹരണപ്പെട്ട ആശയങ്ങളുടെയും ഇരകളായിരുന്നു. അന്ധമായ വിശ്വാസങ്ങളായിരുന്നു ആ സമരത്തിന് ഏറ്റവും വലിയ തടസ്സം. ഇന്നും അങ്ങനെ തന്നെ. ബൂർഷ്വാസി മുതലാളിത്തത്തിന്റെ ഉദയകാലത്ത് സാമൂഹ്യ ഉൽപ്പാദനത്തിന്റെ പുരോഗ

ചിന്താക്കുഴപ്പം നിറഞ്ഞതുമാണ് ഈ അഭിപ്രായമെന്ന്. യഥാർത്ഥത്തിൽ മനുഷ്യന് മനസ്സമാധാനമുണ്ടാകുന്നത് സത്യം മനസ്സിലാക്കുമ്പോഴാണ്.

എന്തിന്റെ സത്യം? പദാർത്ഥനിഷ്ഠമായ ലോകത്തിന്റെ സത്യം. ഭൗതികലോകത്തിന്റെ സത്യം എന്നുപറയുമ്പോൾ എന്താണുദ്ദേശിക്കുന്നത്? ഭൗതികലോകം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പ്രകൃതി, സമൂഹം, ചിന്ത എന്നിവയെ അവയുടെ പരസ്പരബന്ധത്തിലും ഉദ്ഗ്രഥനത്തിലും ആണ്.

പ്രകൃതി അനന്തമാണെന്നും, അത് നിരന്തരമായ മാറ്റത്തിന് വിധേയമാണെന്നും

ശാസ്ത്രത്തിന് മനസ്സമാധാനം നൽകാൻ കഴിയില്ല എന്ന് വിചാരിക്കുന്നവർ, സത്യം മനസ്സിലാക്കാനായി എന്ത് പ്രക്രിയയാണ് അനുവർത്തിക്കുന്നത്? അവർക്ക് അങ്ങനെയൊരു പ്രക്രിയയുമില്ല എന്നതാണ് വസ്തുത. മഹാന്മാരുടെ വചനങ്ങളെയും പ്രവചനങ്ങളെയും അന്ധമായി വിശ്വസിക്കുക എന്നതാണ് അവരുടെ രീതി. പക്ഷെ, ഒരാൾ എത്ര മഹാനായാലും കേവലം ധ്യാനത്തിലൂടെയോ 'ദിവ്യശക്തി' കൊണ്ടോ ഒന്നും സത്യം കണ്ടെത്താൻ കഴിയില്ല. അത്തരക്കാരുടെ കണ്ടെത്തലുകളെ പരീക്ഷണങ്ങളിലൂടെ സ്ഥിരീകരിക്കാൻ കഴിയുകയുമില്ല.

## ബാംഗ്ലൂരിൽ ഒന്നാം അഖിലേന്ത്യാ ശാസ്ത്ര സമ്മേളനം

നിങ്ങളുടെ ഈ സമ്മേളനത്തിൽ പ്രശസ്തരായ ശാസ്ത്രജ്ഞന്മാരും ശാസ്ത്രഗവേഷകരും ശാസ്ത്രവിദ്യാർത്ഥികളും ശാസ്ത്രതല്പരരായ ജനങ്ങളും പങ്കെടുക്കുന്നു. ശരിയായ അർത്ഥത്തിൽ ശാസ്ത്രസപര്യയിലേർപ്പെടുക, ശാസ്ത്രീയമായ മനോഭാവവും ചിന്താപ്രക്രിയയും വളർത്തിയെടുക്കുക, ശാസ്ത്രത്തിന് മാത്രം പ്രദാനം ചെയ്യാനാവുന്ന തരം മാനുഷികമൂല്യങ്ങൾ വളർത്തിയെടുക്കുക എന്നിവയാണ് ഈ സമ്മേളനത്തിന്റെ ലക്ഷ്യം. തീർച്ചയായും ഇത്തരത്തിലൊരു ശാസ്ത്രസമ്മേളനം അനിതരസാധാരണമായ ഒരു സംരംഭമാണ്.

ഇത് ശ്രേഷ്ഠമായ ഒരു സംരംഭം കൂടിയാണ്. പ്രത്യേകിച്ചും, ശാസ്ത്രീയമായ മനോഘടനയും പഠനരീതിയും ഉന്നതമായ മാനുഷിക മൂല്യങ്ങളുടെ സാധനയും, നമ്മുടെ രാജ്യത്ത് മാത്രമല്ല ലോകത്തെങ്ങും അപൂർവ്വമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാലത്ത്. ഗൗരവപൂർവ്വം ശാസ്ത്രപഠനത്തിലേർപ്പെട്ടിരിക്കുന്നവരുടെ ഇടയിൽപ്പോലും ഇത്തരം ഗുണവിശേഷങ്ങൾ കാണാൻ കഴിയില്ല എന്ന് പറയേണ്ടിവന്നതിൽ ഖേദിക്കുന്നു. സ്വാഭാവികമായും അത് ശ്രേഷ്ഠമായ ഒരു സമരമാണ്, എന്നാൽ വളരെ ബുദ്ധിമുട്ടേറിയ വെല്ലുവിളി ആണുതാനും.

ആധുനിക ശാസ്ത്രങ്ങളുടെ വികാസചരിത്രം നിങ്ങൾക്കറിയാം. പതിനഞ്ചാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ കോപ്പർനിക്കസിൽ നിന്നാണ് അതാരംഭിച്ചത്. വളരെ ശത്രുതാപരമായ ഒരു സാഹചര്യത്തെ നേരിട്ടുകൊണ്ടാണ് ശാസ്ത്രം വളർന്നത്. ശാസ്ത്രത്തിന്റെ മാർഗ്ഗം പിന്തുടരുകയും ചിരസ്ഥാപിതമായ മതവിശ്വാസങ്ങളെ എതിർക്കുകയും ചെയ്തതിന്റെ പേരിൽ ജിയോഡാർണോ ബ്രൂണോ ജീവനോടെ ദഹിപ്പിക്കപ്പെട്ടു. ഗലീലിയോയുടെ അനുഭവവും ഏതാണ്ട് സമാനമായിരുന്നു. അദ്ദേഹത്തിന് മതനിന്ദാക്കോടതിയുടെ വിചാരണ നേരിടേണ്ടിവന്നു. ഒരു മഹത്തായ സമരവും ലോകത്ത് ഇന്നുവരെ, അനുകൂല

തിക്കുവേണ്ടി സമരം ചെയ്തിരുന്നു. അതുകൊണ്ട് തന്നെ അവർ ശാസ്ത്രത്തിന്റെ വികാസത്തിന് വേണ്ടി പൊരുതി. എന്നാൽ, ഇന്ന് കമ്പോളദൗർലഭ്യം മൂലം അമിതോൽപ്പാദനമെന്ന പ്രശ്നം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ബൂർഷ്വാസി ശാസ്ത്രത്തെ ഭയപ്പെടുന്നു. അതിനാൽ ഇന്നും സമൂഹത്തിലെ ഏറ്റവും പ്രബല വിഭാഗം, അതായത് ഭരിക്കുന്ന ബൂർഷ്വാസി, ശാസ്ത്രത്തിന്റെ ഏറ്റവും വലിയ ശത്രുവാണ്. എന്തുകൊണ്ട്? ശാസ്ത്രം സത്യം പറയുന്നു എന്നതാണ് കാരണം. ഏതൊന്നും മാറിക്കൊണ്ടിരിക്കുന്നുവെന്ന്, അളവിൽ നിന്ന് ഗുണത്തിലേയ്ക്ക്, താഴെ നിന്ന് മുകളിലേയ്ക്ക്, മാറിക്കൊണ്ടിരിക്കുന്നുവെന്ന് ശാസ്ത്രം കാട്ടിത്തരുന്നു. എപ്പോഴും ഓർക്കുക, ഈ ഭൗതികലോകത്ത് യാതൊന്നും സ്ഥിരമായി നിൽക്കുന്നില്ല, യാതൊന്നും നിരപേക്ഷവും കേവലവുമായി സ്ഥിതിചെയ്യുന്നില്ല, യാതൊന്നും എല്ലാം തികഞ്ഞതായി ഇല്ല. തീർച്ചയായും നിശ്ചിത സമയത്ത് ഒരു വസ്തുവിനെ സംബന്ധിച്ചിടത്തോളം ഏറ്റവും ഉയർന്ന വളർച്ച എന്ന ഒന്നുണ്ട്. എന്നാൽ കാലം മാറുമ്പോൾ അത് അപര്യാപ്തവും അപൂർണ്ണവുമായിത്തീരുന്നു. വളർച്ചയുടെയും വികാസത്തിന്റെയും ഗതിയിൽ ഒരു ദശാസന്ധിയിൽ (നോഡൽപോയിന്റിൽ) എത്തി അത് സമൂലമായ മാറ്റത്തിന് വിധേയമാകുന്നു. ഒരു പ്രതിഭാസവും ഈ പ്രക്രിയയ്ക്ക് അതീതമല്ല. മുതലാളിത്തവും പോയേ തീരൂ. അത് ബൂർഷ്വാസിക്കറിയാം. ആ സത്യത്തെത്തന്നെയാണ് ബൂർഷ്വാസി ഭയപ്പെടുന്നത്.

ശാസ്ത്രം ഭൗതികമായ നേട്ടങ്ങൾ നൽകിയേക്കാം, പക്ഷെ, മനസ്സമാധാനം അഥവാ ശാന്തി നൽകാൻ അതിന് കഴിയില്ല എന്ന ഒരഭിപ്രായം അഭ്യസ്തവിദ്യരായ ആളുകൾക്കിടയിൽപ്പോലുമുണ്ട്. ദുരുദ്ദേശ്യപൂർവ്വം സ്ഥിരമായി നടത്തിയിട്ടുള്ള പ്രചാരണത്തിന്റെ ഫലമാണത്. അജ്ഞരുടേതായ ഈ പ്രചാരണത്തെ വിശകലനം ചെയ്താൽ നിങ്ങൾക്കു കാണാം, അങ്ങേയറ്റം തെറ്റിദ്ധാരണാജനകവും

എല്ലാ ശാസ്ത്രശാഖകളും സംശയാതീതമായി തെളിയിച്ചിട്ടുണ്ട്. പ്രകൃതിക്ക് അതീതമായി നിലനിൽക്കാൻ യാതൊന്നിനും സാദ്ധ്യമല്ല. അതിനാൽ പ്രകൃത്യതീതമായ യാതൊന്നുമില്ല. അതുപോലെ, പദാർത്ഥനിഷ്ഠമായ ഈ ലോകം വസ്തുനിഷ്ഠ നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ഒന്നാണ്. മനുഷ്യബോധത്തെ ആശ്രയിച്ചല്ല ഭൗതികലോകം നിലനിന്നിട്ടുള്ളത്. തുടർന്നും അതങ്ങനെ തന്നെ നിലനിൽക്കും. മനുഷ്യൻ ഉണ്ടാകുന്നതിന് മുമ്പും പ്രകൃതി നിലനിന്നിരുന്നു, വസ്തുനിഷ്ഠ നിയമങ്ങൾ അനുസരിച്ച് വർത്തിച്ചിരുന്നു. മനുഷ്യൻ ആദികാലം മുതൽ തന്നെ, മനുഷ്യൻ പ്രാകൃതസമൂഹത്തിലായിരിക്കുകയും മനുഷ്യചിന്ത പ്രാകൃതമായിരിക്കുകയും ചെയ്തിരുന്ന കാലം മുതൽ തന്നെ, പ്രകൃതിയെ മനസ്സിലാക്കാൻ ശ്രമിച്ചു. ദശലക്ഷക്കണക്കിന് വർഷങ്ങൾ നീണ്ട സമരത്തിലൂടെ മനുഷ്യൻ പ്രകൃതിയെയും അതിന്റെ യാഥാർത്ഥ്യത്തെയും മനസ്സിലാക്കാനുള്ള ഉപാധിയായ ശാസ്ത്രം കണ്ടുപിടിച്ചു. ഏതൊന്നിനെയും നിരീക്ഷണങ്ങളുടെയും പരീക്ഷണങ്ങളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിൽ ചിട്ടയായി വിശകലനം ചെയ്യുന്ന രീതിയാണത്. ഒന്നാമതായി ശാസ്ത്രം, ശാസ്ത്രീയമായ പരീക്ഷണ-നിരീക്ഷണങ്ങളിലൂടെ സ്ഥിരീകരിക്കപ്പെടാത്ത യാതൊന്നിനെയും സത്യമെന്നംഗീകരിക്കുന്നില്ല. രണ്ടാമതായി ശാസ്ത്രം, ഈ ഭൗതികലോകം വസ്തുനിഷ്ഠ നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ഒന്നാണെന്ന് വിശ്വസിക്കുന്നു. വസ്തുനിഷ്ഠ നിയമങ്ങൾ എന്നുപറഞ്ഞാൽ അർത്ഥം, അവ മനുഷ്യന്റെ ഇഷ്ടാനിഷ്ടങ്ങളെ ആശ്രയിച്ച് നിൽക്കുന്ന നിയമങ്ങളല്ല എന്നാണ്. മൂന്നാമതായി, ഈ വസ്തുനിഷ്ഠ നിയമങ്ങളെ നിരീക്ഷണത്തിന്റെയും പരീക്ഷണത്തിന്റെയും പരിശോധനയുടേതുമായ ഈ വിശകലനപ്രക്രിയയിലൂടെയല്ലാതെ മറ്റൊരു മാർഗ്ഗത്തിലൂടെയും മനസ്സിലാക്കാൻ സാദ്ധ്യമല്ല എന്ന് ശാസ്ത്രം വിശ്വസിക്കുന്നു.

സുഹൃത്തുക്കളേ, സത്യത്തിന് മാത്രമേ മനസ്സമാധാനവും ശാന്തിയും സമൂഹത്തിൽ നീതിയും സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ എന്ന കാര്യം ഒരിക്കലും വിസ്മരിക്കരുത്. ശാസ്ത്രത്തിന് മനസ്സമാധാനം നൽകാൻ കഴിവില്ല എന്ന് പറയുന്നവരും ശാസ്ത്രകൃതികൾ വായിക്കാറുണ്ടെങ്കിലും അവർ വിശ്വസിക്കുന്നത് പ്രകൃത്യാതീത ശക്തികളിലാണ്. അതിനാൽ, സർവ്വകലാശാലകളിലെ പല ശാസ്ത്രാദ്ധ്യാപകരും നെറ്റിയിൽ കുങ്കുമക്കുറിയും ചാർത്തി നടക്കുന്നതും, തിരുപ്പതിയിൽ പോയി തല മുണ്ഡനം ചെയ്യുന്നതും കാണാം. എല്ലാവരും അത് ബോധപൂർവ്വം ചെയ്യുന്നതാവണമെന്നില്ല. എങ്കിൽപ്പോലും അത് ഇരട്ടത്താപ്പാണ്. പ്രകൃതിക്ക് അതീതമായി യാതൊന്നും നിലനിൽക്കുന്നില്ലെന്നും എല്ലാം പ്രകൃതിയുടെ ഭാഗമാണെന്നും എല്ലാ ശാസ്ത്രശാഖകളും കാട്ടിത്തരുന്നു. അവർ അക്കാദമിക വിഷയമെന്ന നിലയിൽ ഈ പുസ്തകങ്ങൾ വായിക്കുന്നു. പക്ഷെ, അതിൽ വിശ്വസിക്കുന്നില്ല. അവരുടെ സത്യം കുടികൊള്ളുന്നത് അന്ധവിശ്വാസത്തിലും മതവിശ്വാസത്തിലുമാണ്. അന്ധത മതഭ്രാന്തിനും ചിന്തയുടെ പട്ടാളരീതിയിലുള്ള ചിട്ടപ്പെടുത്തലിനും കാരണമായിത്തീരുന്നു. അന്ധത എത്ര കൂടുന്നുവോ അത്രയും കണ്ട് മതഭ്രാന്തുംവർദ്ധിക്കുന്നു. അതിലൂടെ അടിത്തറയിടപ്പെടുന്നത് ഫാസിസത്തിനാണ്, ജനാധിപത്യത്തിനല്ല. അന്ധത ശാസ്ത്രത്തിന്റെയും, അതുപോലെ തന്നെ മനുഷ്യന്റെയും, ശത്രുവാണെന്നത് മറക്കരുത്.

ശാസ്ത്രത്തിന് ഏറ്റവും വേഗത്തിൽ വളർന്നുവികസിക്കാൻ കഴിഞ്ഞത് ബൂർഷ്വാ ജനാധിപത്യവിപ്ലവത്തിന്റെ പ്രാരംഭഘട്ടത്തിൽ, ദാർശനികമായ സഹിഷ്ണുതയുടെ അടിസ്ഥാനത്തിൽ ചർച്ചകളും സംവാദങ്ങളും പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്ന, തുറന്നതും സ്വതന്ത്രവുമായ സാഹചര്യം നിലനിന്നിരുന്ന, കാലഘട്ടത്തിലായിരുന്നുവെന്ന ചരിത്രവ

(ശേഷം പേജ് 6-ൽ)







ഒക്ടോബർ 17, 18,19 തീയതികളിൽ ബാംഗ്ലൂരിൽ ബ്രേക്ത്രൂ സയൻസ് സൊസൈറ്റി സംഘടിപ്പിച്ച അഖിലേന്ത്യാ ശാസ്ത്ര സമ്മേളനത്തിൽ നിന്നുള്ള ദൃശ്യങ്ങൾ: ഇടത് പ്രതിനിധിസദസ്സ്, വലത് പ്രമുഖ ശാസ്ത്രജ്ഞന്മാരായ ഡോ.സൗമിത്രോ മുഖർജി, ഡോ. യു.ആർ.റാവു, ഡോ. നാഗേഷ് ഹേഗ്ഡെ തുടങ്ങിയവർ

# പ്രകൃതിയുടെയും സമൂഹത്തിന്റെയും സത്യം അനാവരണം ചെയ്യാനുള്ള ഉപകരണമാണ് ശാസ്ത്രം

(5-ാം പേജിൽ നിന്നു തുടർച്ച)

സ്തുത അറിയുകയും ഓർക്കുകയും വേണം. പക്ഷെ, ഇന്ന് അതേ ബൂർഷ്വാസി തങ്ങളുടെ അന്തിമനാശത്തെപ്പറ്റിയുള്ള ഭയം മൂലം, എതിരാളികളെ നിശ്ശബ്ദരാക്കുകയും, ചർച്ചകളുടെയും സംവാദങ്ങളുടെയും അന്തരീക്ഷത്തെ കെടുത്തുകയും, ജനാധിപത്യപരമായ മര്യാദകളെയും മൂല്യങ്ങളെയും ചവിട്ടിമെതിക്കുകയുമാണ്. നിങ്ങൾ അങ്ങേയറ്റം ജനാധിപത്യ വിരുദ്ധമായ ഈ പ്രവണതകളെ തികഞ്ഞ നിശ്ചയദാർഢ്യത്തോടെ എതിർക്കണം. ആത്യന്തികമായി സത്യം കണ്ടെത്താൻ സഹായകമായ യഥാർത്ഥ ജനാധിപത്യം ഉറപ്പുവരുത്തുന്നതിനായി വ്യത്യസ്ത അഭിപ്രായങ്ങൾ തുറന്നും സ്വതന്ത്രമായും വിനിമയം ചെയ്യാൻ കഴിയുന്ന അന്തരീക്ഷം ഉറപ്പുവരുത്തണം.

**ശാസ്ത്രത്തിന്റെ വികാസത്തിന് അനുരോധമായ മറ്റൊരു പ്രധാന ഘടകം മതേതരമായ അന്തരീക്ഷമാണ്. ബൂർഷ്വാ ജനാധിപത്യ വിപ്ലവം അതിന്റെ ആദ്യ നാളുകളിൽ മതപരമായ അബദ്ധധാരണകളെയും പ്രകൃത്യതീതശക്തികളിലുള്ള വിശ്വാസങ്ങളെയും കാലഹരണപ്പെട്ട ആശയങ്ങളെയുമെല്ലാം എതിർത്തു. നവോത്ഥാനത്തിന്റെ മഹാന്മാരായ അഗ്രഗാമികളിലൊരാളായ ജീൻ ജാക്വസ് റൂസ്സോ പറഞ്ഞു: മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു, പക്ഷെ, എവിടെയും അവൻ ചങ്ങലകളാൽ ബന്ധിതനാണ്. 'ചങ്ങലകൾ പൊട്ടിക്കുക, വിലങ്ങുകൾ തകർക്കുക' – ഇതായിരുന്നു മുതലാളിത്തത്തിന്റെ ഉദയകാലത്തെ ബൂർഷ്വാസിയുടെ മുദ്രാവാക്യം. ഇന്ന്, മുതലാളിത്തത്തിന്റെ മരണാസന്ന ഘട്ടത്തിൽ, ബൂർഷ്വാസി മതേതരത്വത്തെപ്പറ്റിയുള്ള ധാരണയെ വളച്ചൊടിക്കുകയും അതിൽ വെള്ളം ചേർക്കുകയും ചെയ്യുന്നു. മതേതരത്വമെന്നാൽ പ്രകൃത്യതീത ശക്തികളെയൊന്നും അംഗീകരിക്കാതിരിക്കുക എന്നതായിരുന്നു മുമ്പ് ധാരണയെങ്കിൽ, ഇന്ന് അവരതിനെ എല്ലാ മതങ്ങൾക്കും പ്രോത്സാഹനം എന്നാക്കി അധഃപതിപ്പിച്ചിരിക്കുന്നു. ബൂർഷ്വാ നവോത്ഥാനം എന്ത് ആശയത്തിന്മേലാണോ ആരംഭിച്ചത് അതേ ആശയത്തിനെതിരെ നീങ്ങാൻ മുതലാളിത്തത്തിന്റെ വൈരുദ്ധ്യാത്മകത ബൂർഷ്വാസിയെ നിർബ്ബന്ധിതമാക്കിത്തീർത്തിരിക്കുന്നു.** സുഹൃത്തുക്കളേ, ശാസ്ത്രത്തിന്റെ വളർച്ചയ്ക്കുവേണ്ടി യത്നിക്കുന്ന നിങ്ങൾ, മതേതരത്വത്തെപ്പറ്റിയുള്ള ധാരണയിൽ ഇങ്ങനെ കരുതിക്കൂട്ടി വരുത്തുന്ന വളച്ചൊടിക്കലുകൾക്കെതിരെ ശക്തിയുക്തം പൊരുതണം.

ചിലയാളുകൾ അങ്ങേയറ്റം അന്ധതബാധിച്ചവരാണ്. ഇന്ന് നാം കാണുന്ന വിമാനങ്ങളും റോക്കറ്റുകളും മറ്റും പോലുള്ള എല്ലാം തന്നെ പുരാതന ഇൻഡ്യയിൽ ഉണ്ടായിരുന്നുവെന്ന് അത്തരക്കാർ അവകാശപ്പെടുന്നു. ആധുനികശാസ്ത്രത്തിന് ഇതെല്ലാം അവിടന്ന് കിട്ടിയതാണത്രേ. ഇത്തരക്കാർ ചരിത്രവും പുരാണവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാത്തവരാണെന്ന് വ്യക്തമാണ്. അതിശയോക്തികൾ, ഭാവനകൾ, ഭ്രമകല്പനകൾ, കാട് കയറുന്ന സങ്കല്പങ്ങൾ തുടങ്ങിയവ എല്ലാ പുരാണങ്ങളിലുമുണ്ട്. ഗ്രീക്ക് മിത്തോളജിയിലെ ചില വീരനായകന്മാർക്ക് പ്രത്യേകതരം ചെരുപ്പിട്ടാൽത്തന്നെ ആകാശയാത്ര നടത്താൻ സാധിക്കും. അതുപോലെ തന്നെ എല്ലാ മുത്തശ്ശിക്കഥകളിലും മാലാഖമാരുണ്ട്. യഥാർത്ഥത്തിൽ മാലാഖമാരുണ്ടോ? ഇല്ല. എന്നാൽ അവ തികച്ചും അയാഥാർത്ഥമാണെന്നും പറഞ്ഞുകൂടാ. വിരോധാഭാസമെന്ന് തോന്നുന്ന ഈ പ്രശ്നത്തിനുള്ള ശരിയായ വിശദീകരണമെന്താണ്? പദാർത്ഥലോകത്തില്ലാത്ത യാതൊന്നിനെപ്പറ്റിയും നമുക്ക് ചിന്തിക്കാൻ കഴിയില്ല. അപ്പോൾപ്പിന്നെ ഇത്തരം സങ്കല്പങ്ങൾ എങ്ങനെ വരുന്നു? ലോകത്ത് സുന്ദരികളായ സ്ത്രീകളും കുട്ടികളുമുണ്ട്, പക്ഷികളുണ്ട്, പറക്കാനുള്ള മനുഷ്യന്റെ ആഗ്രഹവുമുണ്ട്. അതിനാൽ ഒരാൾക്ക് ഭാവനയിൽ പക്ഷികളുടെ ചിറക് സ്ത്രീകളുടെയോ കുട്ടികളുടെയോ ദേഹത്ത് പിടിപ്പിക്കുകയും അവർ പറക്കുന്നതായി സങ്കല്പിക്കുകയും ചെയ്യാവുന്നതേയുള്ളൂ.

ഇതുമായി ബന്ധപ്പെട്ട് എന്റെ ഒരനുഭവം പറയാം. യുക്തിവാദിപ്രസ്ഥാനവുമായി ബന്ധപ്പെട്ട ഒരു വ്യക്തി ചെന്നൈയിൽ വച്ച് എന്റെ ഒരു ചർച്ചയിൽ പങ്കെടുക്കുകയുണ്ടായി. ചർച്ചയിൽ വലിയ മതിപ്പ് തോന്നിയതിനാൽ അദ്ദേഹം പിന്നീട് എന്നെക്കണ്ട് അവരുടെ ഒരു പ്രസിദ്ധീകരണം എനിക്ക് തന്നു. അടുത്ത പ്രാവശ്യം കണ്ടപ്പോൾ അതിനെപ്പറ്റിയുള്ള എന്റെ അഭിപ്രായമെന്തെന്ന് അദ്ദേഹം ചോദിച്ചു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: 'ദയവായി പരിഭവിക്കരുത്, എനിക്ക് നിങ്ങളുടെ യുക്തിയെപ്പറ്റി വലിയ മതിപ്പ് തോന്നുന്നില്ല. ഹനുമാന് തന്റെ കൈയിൽ ഒരു മല എടുക്കാനോ, ഉദയസൂര്യനെ കക്ഷത്ത് വയ്ക്കാനോ, കടൽ ചാടിക്കടന്ന് ലങ്കയിലെത്താനോ കഴിയില്ല എന്ന് തെളിയിക്കാനാണ് നിങ്ങൾ ശ്രമിച്ചിരിക്കുന്നത്. പക്ഷെ, ഇത്തരം സങ്കല്പങ്ങളൊന്നുമില്ലെങ്കിൽ ഞാൻ രാമായണമോ മഹാഭാരതമോ വായിക്കുമായിരുന്നില്ല.' ഇത്തരം കാര്യങ്ങളെ യുക്തിവാദികൾ പരിഹസിക്കുന്നു. അതേ സമയം നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾ അന്ധമായി ഇതിലെല്ലാം വിശ്വസിക്കുന്നു. ഹനുമാൻ യഥാർത്ഥത്തിൽ ഇതെല്ലാം ചെയ്തിട്ടുണ്ടെന്ന് തന്നെയാണ് അവർ വിചാരിക്കുന്നത്. രണ്ട് കൂട്ടരും തീവ്രനിലപാടാണ് എടുത്തിരിക്കുന്നത്. അക്കാലത്ത് ഇതിഹാസങ്ങൾ രചിക്കുന്നതിന്റെ കലാപരമായ ശൈലി ഇതായിരുന്നുവെന്ന് മനസ്സിലാക്കാൻ രണ്ടുകൂട്ടർക്കും കഴിയുന്നില്ല.

**പുരാതന ഇൻഡ്യൻ പാരമ്പര്യത്തെപ്പറ്റി വമ്പ് പറയുന്ന മേല്പറഞ്ഞ കൂട്ടർ 'ഈ ഭൂതകാല നേട്ടങ്ങളെ'യെല്ലാം നമ്മുടെ ദേശീയ പൈതൃകവുമായി ബന്ധപ്പെടുത്തുന്നു. വേദകാലം പോകട്ടെ ഫ്യൂഡൽ കാലഘട്ടത്തിൽപ്പോലും ലോകത്തൊരിടത്തും ദേശീയ രാഷ്ട്രങ്ങളുണ്ടായിരുന്നില്ല. സമൂഹത്തിന്റെ ചരിത്രപരമായ വികാസപ്രക്രിയയെപ്പറ്റിയുള്ള തികഞ്ഞ അജ്ഞത മൂലം ഈ പ്രാഥമിക സത്യം പോലും ഇക്കൂട്ടർ മനസ്സിലാക്കുന്നില്ല. ഫ്രഞ്ച് വിപ്ലവമോ അമേരിക്കയുടെ സ്വാതന്ത്ര്യപ്പോരാട്ടമോ അതല്ലെങ്കിൽ നമ്മുടെ രാജ്യത്തെ സ്വാതന്ത്ര്യസമരമോ പോലെയുള്ള ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തിന്റെ സൃഷ്ടിയാണ് രാഷ്ട്രം. നാം ഒരു രാഷ്ട്രമായത് 1947-ന് ശേഷമാണ്. അതിന് മുമ്പ് ഇൻഡ്യയിൽ നിരവധി ദേശീയതകളുണ്ടായിരുന്നെങ്കിലും ഇൻഡ്യ ഒരു രാഷ്ട്രമായിരുന്നില്ല. സ്വാതന്ത്ര്യസമരകാല ഘട്ടത്തിലാണ് രാഷ്ട്രം രൂപം കൊണ്ടത്.**

ഈയാളുകൾ പഴയ ദേശീയപൈതൃകത്തെപ്പറ്റി പറയുന്നു. കഴിഞ്ഞ കാലത്തെ നേട്ടങ്ങളെപ്പറ്റി പാടിപ്പുകഴ്ത്തുന്നു. ഭൂതകാലത്തേയ്ക്ക് മാത്രം നോക്കിയിരിക്കുന്നതിനാൽ അവർ ഭാവിയിലേയ്ക്ക് നോക്കുന്നില്ല. നമ്മുടെ വേദങ്ങളിലുള്ള ശാസ്ത്രം മഹത്തരമാണ്, അതിനാൽ എല്ലാവരും വേദശാസ്ത്രവും വേദഗണിതവും പഠിക്കണം എന്ന് അവർ പ്രചരിപ്പിക്കുന്നു. ഒരു വലിയ വിഭാഗം ആളുകൾ അന്ധമായി ഇതൊക്കെ വിശ്വസിക്കുന്നു. അവർ പറയുന്നത് പണ്ട് നമുക്ക് എല്ലാമുണ്ടായിരുന്നു, നമ്മൾ വളരെ ഉയർന്ന ആളുകളായിരുന്നു എന്നൊക്കെയാണ്. നമ്മൾ മഹത്തായ സംസ്കൃതി കെട്ടിപ്പടുത്തിരുന്ന നാളുകളിൽ ബ്രിട്ടീഷുകാർ വനത്തിൽ ജീവിക്കുകയായിരുന്നുവെന്നും, അതുകൊണ്ട് ബ്രിട്ടീഷുകാരിൽ നിന്ന് നമുക്ക് ഒന്നും പഠിക്കാനില്ലെന്നും അവർ പറയുന്നു. മഹാനായ നോവലിസ്റ്റ് ശരത്ചന്ദ്ര ചാറ്റർജിയുടെ കൃതികൾ നിങ്ങൾ വായിച്ചിട്ടുണ്ടാകും. അദ്ദേഹം ഒരു നോവലിസ്റ്റ് മാത്രമായിരുന്നില്ല. തീർച്ചയായും അദ്ദേഹം മഹാനായ നോവലിസ്റ്റ് ആയിരുന്നു, പക്ഷെ, അതിന് പുറമെ അദ്ദേഹം ഒരു ദാർശനികൻ കൂടിയായിരുന്നു. പഴയ ദേശീയ പൈതൃകത്തെപ്പറ്റിയുള്ള ഈ ആശയം നമ്മുടെ വിദ്യാർത്ഥികളെയും യുവാക്കളെയും അന്ധരും മതഭ്രാന്തരുമാക്കിത്തീർക്കുമെന്നും, അത് അവരുടെ ബൗദ്ധികവും സാംസ്കാരികവുമായ വളർച്ചയെ മുരടിപ്പിക്കുമെന്നും അദ്ദേഹം മനസ്സിലാക്കി. അവർക്ക് ചരിത്രത്തോട് ശാസ്ത്രീയസമീപനം ഉണ്ടാകണമെന്ന് അദ്ദേഹം താല്പര്യപ്പെട്ടു. അതുകൊണ്ടാണ് തന്റെ ഒരു പ്രസംഗത്തിൽ വിദ്യാർത്ഥികളെയും യുവാക്കളെയും അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞത്: "ഞങ്ങൾ മഹാന്മാരായിരുന്നു, ഞങ്ങളുടെ പഴയ നാഗരികതയുമായി തട്ടിച്ചുനോക്കുമ്പോൾ നിങ്ങൾ ബ്രിട്ടീഷുകാർ വെറും നിസ്സാരന്മാരാണ് എന്നൊക്കെ ഉറക്കെ പ്രഖ്യാപിക്കുന്നതിൽ ഒരഭിമാനവും എനിക്ക് തോന്നുന്നില്ല. അപ്പോൾ അതിന് മറുപടിയായി ബ്രിട്ടീഷുകാർ ചോദിക്കും: 'നിങ്ങൾ അത്ര മഹാന്മാരായിരുന്നെങ്കിൽ പിന്നെ എങ്ങനെയാണ് നിങ്ങൾ ഹൂണന്മാരുടെയും തുടർന്ന് പഠാന്മാരുടെയും അതിന് ശേഷം മുഗളന്മാരുടെയും ഇപ്പോൾ ഞങ്ങളുടെയും കാൽക്കീഴിലായി?' അപ്പോൾ വീണ്ടും ബ്രിട്ടീഷുകാരോട് നിങ്ങളും ഒരിക്കൽ ഇന്നയിന്ന ശക്തികളുടെ കീഴിലായിരുന്നുവെന്ന് ചരിത്രം ചികഞ്ഞ് പറയുന്നതിലും എനിക്ക് ലജ്ജയുണ്ട്. ഞാൻ പറയുന്നു, ബ്രിട്ടീഷുകാരേ നിങ്ങൾ മഹാന്മാരാണ്. നിങ്ങൾ മഹത്തായ ഒരു സംസ്കൃതി കെട്ടിപ്പടുത്തു. പക്ഷെ, ഞങ്ങൾക്കും മഹത്വമാർജ്ജിക്കാനുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്. അതിനെ ആർക്കും അമർച്ച ചെയ്യാനാവില്ല. നിങ്ങൾക്കുപോലും അത് കഴിയില്ല."

ഈ രണ്ട് സമീപനങ്ങളും തമ്മിലുള്ള വ്യത്യാസം നോക്കൂ! അവർ പറയുന്നു, ഭൂതകാലത്തേയ്ക്ക് പോകുക, ഭൂതകാലം മഹനീയമായിരുന്നു. അങ്ങനെ അവർ ഭൂതകാലത്തിന്റെ നേട്ടങ്ങളെ പെരുപ്പിച്ചുപറയുന്നു. യഥാർത്ഥത്തിൽ നിങ്ങൾക്ക് ഭൂതകാലത്തേയ്ക്ക് മടങ്ങിപ്പോകാൻ സാധിക്കുമോ? ഇന്നത്തെ സമൂഹത്തിൽ സർവ്വമേഖലകളിലുമുള്ള പ്രതിസന്ധി – സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ രംഗങ്ങളിൽ മാത്രമല്ല, നൈതികവും ധാർമ്മികവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ വരെയുള്ള പ്രതിസന്ധി – മൂലം ജീവിതം ദുസ്സഹവും ശ്വാസംമുട്ടിക്കുന്നതുമായി തോന്നുന്നതിനാൽ ആളുകൾ ശൈശവത്തിലേയ്ക്ക് മടങ്ങിപ്പോകാൻ ആഗ്രഹിച്ചുപോകുന്നു. അതിനാൽ കുട്ടിക്കാലം എത്ര മനോഹരമായിരുന്നുവെന്ന് നാം ചിന്തിക്കുന്നു. ദുഃഖങ്ങളൊന്നുമില്ല. സ്കൂളിൽ പോകുക. മഴയുണ്ടെങ്കിൽ നനഞ്ഞ് ചെന്ന് അദ്ധ്യാപകനോട് അവധി ചോദിക്കുക. അവധി കിട്ടിക്കഴിഞ്ഞാൽ കളിച്ചുല്ലസിക്കുക. ജീവിതം എത്ര സന്തോഷകരം! പക്ഷെ, വസ്തുനിഷ്ഠമായി അഥവാ ചരിത്രപരമായി ഒരാൾക്ക് ബാല്യകാലത്തേയ്ക്ക് മടങ്ങിപ്പോകാൻ സാധിക്കുമോ? ഇല്ല. അത് വെറുമൊരു സ്വപ്നമാണ്. സമൂഹത്തിനും ഈ തത്ത്വം ബാധകമാണ്. അതുപോലെ തന്നെ, ബാല്യം ധാരാളം സാദ്ധ്യതകൾ ഉൾക്കൊള്ളുന്ന ജീവിതഘട്ടമാണെങ്കിലും, തീർച്ചയായും അത് യുവത്വത്തെക്കാൾ മഹത്തരമല്ല. യൗവനത്തിലാണ് ഒരാൾ ശാരീരികമായും ബൗദ്ധികമായും ഉയർന്ന നിലവാരത്തിലെത്തുന്നത്. വിമർശനാത്മകമായി പറയുകയാണെങ്കിൽ, മാനസികമായി ഒരാൾക്ക് ഭൂതകാലത്തിലേയ്ക്ക് മടങ്ങിപ്പോകാൻ കഴിയും എന്ന് പറയാവുന്നതാണ്. അതിനർത്ഥം അയാളുടെ ചിന്ത തന്നെ പഴഞ്ചനാകുന്നുവെന്നാണ്. കായികമായി യുവത്വം ഉള്ളപ്പോൾത്തന്നെ ചിന്താപരമായി പ്രായമാവുക എന്നർത്ഥം. അയാളുടെ ആശയങ്ങൾ രണ്ടായിരമോ മൂവായിരമോ കൊല്ലം മുമ്പ് ജീവിച്ചിരുന്ന മനുഷ്യരുടേതായിരിക്കും. അത് ആധുനികമായ ചിന്തയല്ല. അങ്ങേയറ്റം പിന്നോക്കവും പ്രതിലോമകരവുമായ ചിന്ത. പുരോഗമനപരമായ ചിന്തയല്ല. യുവത്വത്തെയും വാർദ്ധക്യത്തെയും എങ്ങനെ വേർതിരിച്ച് പറയാം എന്നതിനെക്കുറിച്ച് ശരത്ചന്ദ്ര ചാറ്റർജി യുവാക്കളോട് ഇപ്രകാരം പറഞ്ഞു: 'ഭാവിയിലേയ്ക്ക് നോക്കാൻ ഭയപ്പെടുന്നയാൾ, ഭൂതകാലത്ത് ജീവിക്കുന്നയാൾ, ഭൂതകാലത്തിൽ നിന്ന് നിഷ്കാസിതനാകാൻ ഭയപ്പെടുന്നയാൾ – അയാളാണ് വൃദ്ധൻ. ജീവിതത്തിന്റെ അവസാന ഘട്ടം ഭൂതകാലത്തിൽ കടിച്ചുതൂങ്ങിക്കഴിയാൻ അയാൾ ആഗ്രഹിക്കുന്നു. അതല്ലെങ്കിൽ ജീവിതത്തിൽ നിന്ന് താൻ നിഷ്കാസിതനാകുമെന്നും, അപ്രസക്തനാകുമെന്നും അയാൾ കരുതുന്നു. ഇവിടെയാണ് യുവാക്കളുടെ വിജയം. യുവാക്കളെ സംബന്ധിച്ചിടത്തോളം ഭൂതകാലം ഭൂതകാലം മാത്രം. ഭൂതകാലത്തിന്റെ പാഠങ്ങൾ അവരുടെ ഭാവിയെ പ്രകാശമാനമാക്കുന്നു.' ഇതാണ് ജീവിതത്തെ സംബന്ധിച്ച യഥാർത്ഥവും പുരോഗമനാത്മകവുമായ കാഴ്ചപ്പാട്.

സുഹൃത്തുക്കളേ, അറിവില്ലാത്തവരുടെ ചിന്താക്കുഴപ്പങ്ങൾ നിങ്ങളെ ആശയക്കുഴപ്പത്തിലാക്കുകയില്ലെന്നും, ഈ പ്രതിലോമകരമായ പ്രചാരണം നിങ്ങളെ വഴിതെറ്റിക്കുകയില്ലെന്നും എനിക്കറിയാം. ബഹുജനങ്ങളുടെ വിശാലവിഭാഗങ്ങൾക്കിടയിലേയ്ക്ക്, പ്രത്യേകിച്ചും ദുഷ്ടലക്ഷ്യത്തോടുകൂടിയുള്ള ഈ പ്രചാരണത്തിന് അറിയാതെ ഇരകളായിട്ടുള്ള വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഇടയിലേയ്ക്ക് ഈ ആശയങ്ങൾ നിങ്ങൾ കൊണ്ടെത്തിക്കും എന്നും എനിക്കറിയാം. ഈ പ്രചാരണം അതിന്റെ പൊള്ളത്തരം പ്രകടമാകുന്ന തരത്തിലുള്ള മൂഢത്വം നിറഞ്ഞ ഒന്നാണ്. എന്നാൽ, കൂടുതൽ സൂക്ഷ്മമായ പ്രചാരണങ്ങൾ അഥവാ ആശയക്കുഴപ്പങ്ങളുമുണ്ട്. പുരാണ കഥകളെ അടിസ്ഥാനപ്പെടുത്തി സാങ്കല്പികമായ നേട്ടങ്ങളെപ്പറ്റി പ്രചാരണം നടത്തി നിർദ്ദോഷികളെ വഴിതെറ്റിക്കുന്നതിന് പകരം, ചിലർ യഥാർത്ഥ നേട്ടങ്ങളെ അതിശയോക്തി കലർത്തി പെരുപ്പിച്ച് കാണിക്കുന്നു. ഉരുക്കുൽപ്പാദനം, ആര്യഭടന്റെ ഗണിതം, വൈദ്യശാസ്ത്രത്തിൽ സുശ്രുതന്റെ സംഭാവനകൾ എന്നിവയെപ്പറ്റി നടത്തുന്ന പ്രചാരണം ഉദാഹരണം. അന്നത്തെ കാലത്തെ സംബന്ധിച്ചിടത്തോളം ഇവയെല്ലാം വലിയ നേട്ടങ്ങളാണെന്നതിൽ സംശയമില്ല. പക്ഷെ, എന്തുകാരണം കൊണ്ടായാലും ശരി, ആ ആശയങ്ങളെ മുന്നോട്ടുകൊണ്ടുപോകാൻ അവർക്ക് കഴിഞ്ഞില്ല. അതിനാൽ അവ പിന്നാക്കം നിന്നു. നാം ആധുനിക ശാസ്ത്രമെന്ന് വിളിക്കുന്നത് വികസിച്ചുവന്നത് ഇൻഡ്യയുടെ അന്നത്തെ കണ്ടുപിടിത്തങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ അത് കോപ്പർനിക്കസിൽ നിന്നാണ് ആരംഭിച്ചത്.

ആദ്യ ബിജെപി ഗവണ്മെന്റിന്റെ കാലത്ത് സർവ്വകലാശാല പാഠ്യപദ്ധതിയിൽ ജ്യോതിഷം ഉൾപ്പെടുത്താനുള്ള നീക്കമുണ്ടായി. പലരും വിശ്വസിക്കുന്നത് ജ്യോതിഷം ശാസ്ത്രമാണെന്നാണ്. അത്രയും അന്ധവിശ്വാസികളല്ലാത്തവർ ജ്യോതിഷം കപടശാസ്ത്രമാണെന്ന് വിശ്വസിക്കുന്നു. പക്ഷെ, ജ്യോതിഷം കേവലം കപടശാസ്ത്രമാണെന്നതല്ല, അത് ശാസ്ത്രവിരുദ്ധമാണെന്നതാണ് യാഥാർത്ഥ്യം. ജ്യോതിഷന്മാർ വിധിയിലും വിധിവാദത്തിലുമാണ് വിശ്വസിക്കുന്നത്, അല്ലാതെ വസ്തുനിഷ്ഠമായ ഭൗതിക ലോകത്തിലല്ല. മുമ്പ് ചില ചർച്ചകളിൽ ഒരുദാഹരണത്തിലൂടെ ഈ കാര്യം വ്യക്തമാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. നാം ഇരുട്ടിനെ ഭയപ്പെടുന്നു. എന്തുകൊണ്ട്? എന്തെന്നാൽ, ഇരുട്ടിൽ നമ്മുടെ മുന്നിൽ എന്താണുള്ളതെന്ന് നമുക്ക് കാണാൻ കഴിയുന്നില്ല. നമ്മുടെ മുന്നിൽ പാമ്പോ കടുവയോ കുഴിയോ മുള്ളോ എന്താണുള്ളതെന്ന് നമുക്ക് കണ്ടുകൂടാ. അതിനാൽ മുന്നോട്ട് ചുവട് വയ്ക്കാൻ നാം ഭയപ്പെടുന്നു. എന്നാൽ, നമ്മുടെ കൈയിൽ ശക്തമായ പ്രകാശം പരത്തുന്ന ഒരു ടോർച്ചുണ്ടെന്നിരിക്കട്ടെ. അപ്പോൾ നമുക്ക് നമ്മുടെ പാത വ്യക്തമായി കാണാനും ധീരമായി മുന്നോട്ട് നീങ്ങാനും കഴിയും. അങ്ങനെയാണ് മനുഷ്യൻ ശാസ്ത്രത്തിന്റെ സഹായത്തോടെ മുന്നോട്ട് നീങ്ങിയതും, ഇന്നത്തെ സംസ്കൃതി കെട്ടിപ്പടുത്തതും. ജ്യോതിഷത്തിന് അത് സാദ്ധ്യമല്ല. ഒരിക്കലും അത് സാധിച്ചിട്ടുമി

(ശേഷം പേജ് 7-ൽ)

## ഔഷധരംഗം കുത്തകകൾക്ക് തീറെഴുതുന്നതിനെതിരെ

# ബഹുജന കൺവൻഷൻ




പ്രൊഫ.കെ.അരവിന്ദാക്ഷൻ മുഖ്യപ്രഭാഷണം നടത്തുന്നു. വേദിയിൽ എം.എം.ഹനീഫ, ഡോ.വി.വേണുഗോപാൽ, എ.ജയിംസ്, ജ്യോതികൃഷ്ണൻ തുടങ്ങിവർ.

**ഔ**ഷധവിലനിയന്ത്രണം പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജനകീയ പ്രതിരോധ സമിതി കൊല്ലം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൊല്ലം പബ്ലിക്‌ലൈബ്രറി ഹാളിൽ നവംബർ 17 ന് ബഹുജന കൺവൻഷൻ നടന്നു. ജില്ലാപ്രസിഡന്റ് എ. ജെയിംസ് അദ്ധ്യക്ഷത വഹിച്ച കൺവൻഷൻ സംസ്ഥാന ജനറൽസെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. ബഹുരാഷ്ട്രകുത്തകകളായ മരുന്നുകമ്പനികളുടെ കൊള്ളലാഭത്തിനായി ഔഷധരംഗം തുറന്നുകൊടുക്കുന്നതിനെതിരെ സംസ്ഥാന വ്യാപകമായ സമരത്തിന് പ്രതിരോധസമിതി തയ്യാറെടുക്കുകയാണ് –ഡോ.വി.വേണുഗോപാൽ ഉദ്ഘാടനപ്രസംഗത്തിൽ സൂചിപ്പിച്ചു. കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന നിവേദനത്തിലേക്ക് ബഹുജനങ്ങളിൽനിന്ന് ഒപ്പുശേഖരിക്കാനും വിവിധ ജില്ലകളിൽ സമരപരിപാടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. സാധാരണക്കാർക്ക് മരണം വിധിക്കുന്ന കേന്ദ്ര സർക്കാർ നയത്തിനെതിരെ ശക്തമായ പ്രതിഷേധം പടുത്തുയർത്താൻ അദ്ദേഹം ജനങ്ങളോടഭ്യർത്ഥിച്ചു.

സമിതി സംസ്ഥാന വൈസ്പ്രസിഡന്റ് പ്രൊഫ.കെ.അരവിന്ദാക്ഷൻ മുഖ്യപ്രഭാഷണം നടത്തി. നരേന്ദ്രമോദി അമേരിക്കയിലേക്ക് പുറപ്പെടും മുൻപുതന്നെ ഔഷധവിലനിയന്ത്രണം നീക്കി. ഇതിന്റെ ഫലമായി ജീവൻരക്ഷാ മരുന്നുകളുടെയെല്ലാം വില കുതിച്ചുയർന്നു. രാജ്യ താൽപ്പര്യം പാടെ അവഗണിക്കാനും ഭരണഘടനയുടെ അന്തസത്തയെപോലും നിരാകരിക്കാനും മോദി സർക്കാരിന് ഒരുമടിയുമില്ല. അദ്ദേഹം ചൂണ്ടിക്കാട്ടി.കെഎംഎസ്ആർഎ സംസ്ഥാന ജോയിന്റ് ജനറൽസെക്രട്ടറി എം.എം.ഹനീഫ പ്രസംഗിച്ചു. പ്രതിരോധ സമിതി സംസ്ഥാന സെക്രട്ടേറിയറ്റംഗം ജ്യോതികൃഷ്ണൻ സ്വാഗതവും കൊല്ലം ജില്ലാ സെക്രട്ടറി ജി.ധ്രുവകുമാർ നന്ദിയും പറഞ്ഞു. ■

## വിജ്ഞാനത്തിന് ദേശീയമായ അതിർത്തികളില്ല; മനുഷ്യരാശിയുടെ ഒന്നാകെയുള്ള സമരത്തിന്റെ സൃഷ്ടിയാണത്

*(6-ാം പേജിൽ നിന്നു തുടർച്ച)*

ല്ല. എന്തെന്നാൽ യഥാർത്ഥ ശാസ്ത്രം പദാർത്ഥനിഷ്ഠമായ ലോകത്തേയ്ക്ക് വെളിച്ചം പായിക്കുന്നു. അതിന്റെ ഗുപ്തമായ നിയമങ്ങൾ വെളിപ്പെടുത്തുന്നു. അങ്ങനെ പാത തെളിയിക്കുന്നു. എന്നാൽ ജ്യോതിഷം നമ്മുടെ കണ്ണിലേയ്ക്കാണ് വെളിച്ചമടിക്കുന്നത്. ഇരുണ്ട ഭാവി അപ്പോൾ കൂടുതൽ ഇരുണ്ടതായിത്തീരുന്നു. അത് നമ്മുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്നു.

അവസാനമായി, ശാസ്ത്രത്തെ സംബന്ധിച്ച ഗൗരവ സ്വഭാവത്തിലുള്ള ഒരു ചിന്താക്കുഴപ്പത്തെക്കുറിച്ച്: പലരും വിശ്വസിക്കുന്നത് ശാസ്ത്രം നമുക്ക് സാങ്കേതികജ്ഞാനം നൽകുന്നു, പക്ഷെ, നൈതിക-ധാർമ്മിക ബോധമോ മൂല്യങ്ങളോ പ്രദാനം ചെയ്യാൻ അതിന് കഴിയില്ല എന്നാണ്. ശാസ്ത്രത്തിനെതിരെ ബോധപൂർവ്വം പ്രചാരണം നടത്തുന്നവർ മാത്രമല്ല, സർവ്വകലാശാലാ ലക്ചറർമാർ പ്രൊഫസർമാർ എന്നിങ്ങനെ അക്കാദമികമായി ഉയർന്ന യോഗ്യതയുള്ളവരിൽ പലരും പോലും ഉൾപ്പെടുന്ന അജ്ഞരായ ആളുകളും ഇങ്ങനെ വിശ്വസിക്കുന്നവരാണ്. ഏറ്റവും അപകടകാരിയായ ആശയക്കുഴപ്പമാണിത്. **യഥാർത്ഥത്തിൽ ശാസ്ത്രത്തിന്റെ സമഗ്രധാരണ വികസിച്ചുവന്നിട്ടുണ്ട്. കൂടുതൽ ഉന്നതമായ നൈതിക-ധാർമ്മിക തത്ത്വങ്ങൾക്കും മൂല്യസങ്കല്പങ്ങൾക്കും ജന്മം നൽകാൻ അതിന് മാത്രമേ സാധിക്കൂ. എല്ലാ ശാസ്ത്രശാഖകൾക്കും അതതിന്റേതായ നൈതികതയുണ്ട്. വൈദ്യശാസ്ത്രത്തിന് 'മെഡിക്കൽഎത്തിക്സു'ള്ളതുപോലെ. ശാസ്ത്രം ആധുനിക കാലഘട്ടത്തിലെ വളരെ ഉന്നതമായ നൈതിക മൂല്യബോധം വികസിപ്പിച്ചെടുത്തിരിക്കുന്നു എന്നാണിത് കാണിക്കുന്നത്. ഈ ഉന്നതമായ നൈതികത ആർജ്ജിച്ചവർ മാത്രമാണ് മഹാന്മാരായ ശാസ്ത്രജ്ഞന്മാരായിത്തീർന്നിട്ടുള്ളത്. കോപ്പർനിക്കസ്, ബ്രൂണോ, ഗലീലിയോ, ലാവോസിയെ, ന്യൂട്ടൺ, ഐൻസ്റ്റൈൻ, മേരി ക്യൂറി, ലൂയി പാസ്ചർ തുടങ്ങിയവരുടെയെല്ലാം കാര്യത്തിൽ നാം കാണുന്നത് അതാണ്. അവരെല്ലാവരും സ്വജീവിതത്തിൽ വളരെ ഉയർന്ന ധാർമ്മിക നൈതിക നിലവാരം പ്രതിഫലിപ്പിച്ചിരുന്നവരാണ്. അവർ സത്യവും കൂടുതൽ ഉയർന്ന നൈതികതയും ഉയർത്തിപ്പിടിക്കുന്നതിന് വേണ്ടി, ചിരകാലമായി നിലനിന്നിരുന്ന പഴയ മൂല്യങ്ങളെയും നൈതികതയെയും എതിർത്തു.** അതിന് വേണ്ടി കോപ്പർനിക്കസിന് തന്റെ ജീവിതകാലം മുഴുവൻ യാതനയനുഭവിക്കേണ്ടി വന്നു, ബ്രൂണോ തന്റെ ജീവൻ ബലിയർപ്പിച്ചു, ഗലീലിയോയ്ക്ക് മതനിന്ദാക്കോടതിയുടെ വിചാരണ നേരിടേണ്ടിവന്നു. അതുപോലെ, ഐൻസ്റ്റൈന്റെ നീതിബോധം. അദ്ദേഹം പറയുന്നു, ഞാൻ സമൂഹത്തിൽനിന്ന് സ്വീകരിക്കുന്നതെല്ലാം, ഉദാഹരണമായി ഞാൻ ധരിക്കുന്ന വസ്ത്രം, കഴിക്കുന്ന ആഹാരം, എല്ലാം സമൂഹത്തിന്റെയും സാമൂഹ്യാദ്ധ്വാനത്തിന്റെയും ഉൽപ്പന്നങ്ങളാണ്. അതിന് തുല്യമായ അളവിൽ സമൂഹത്തിന് തിരിച്ചുനൽകാൻ ഞാൻ കടപ്പെട്ടിരിക്കുന്നു. ഇത് വളരെ ഉയർന്ന നൈതിക ധാരണയും സാമൂഹ്യമായ മൂല്യവുമാണ്. മാഡം ക്യൂറിക്ക് അവരുടെ മഹത്തായ കണ്ടുപിടിത്തമായ റേഡിയത്തിന് പേറ്റന്റ് എടുക്കാമായിരുന്നു. യഥാർത്ഥത്തിൽ പലരും അവരോട് അതിന് അഭ്യർത്ഥിച്ചതുമാണ്. അതു ചെയ്തിരുന്നെങ്കിൽ അവർ ലോകത്തിലെ ഏറ്റവും സമ്പന്നരായ വ്യക്തികളിലൊരാളാകുമായിരുന്നു. പക്ഷെ, അവർ നിർബ്ബന്ധപൂർവ്വം അതിന് വിസമ്മതിച്ചു. അത് ആവശ്യക്കാരായ ജനങ്ങൾക്ക് ഉപകരിക്കണം എന്നതായിരുന്നു അവരുടെ ആഗ്രഹം. വളരെ ഉയർന്ന ഒരു സാമൂഹ്യമൂല്യമാണ് അവർ അതിലൂടെ പ്രതിഫലിപ്പിച്ചത്.

ഇന്ന്, എല്ലാ പഴയ മൂല്യസങ്കല്പങ്ങളും തികച്ചും കാലഹരണപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ശാസ്ത്രത്തിലുള്ള സമഗ്ര ജ്ഞാനത്തിന് മാത്രമേ യഥാർത്ഥ നൈതികബോധവും സാമൂഹ്യമൂല്യങ്ങളും വളർത്തിയെടുക്കാൻ സാധിക്കുകയുള്ളു. നാം എന്താണോ വിശ്വസിക്കുന്നത് അത് പ്രാവർത്തികമാക്കുന്ന തരത്തിലുള്ളതാവണം നമ്മുടെ ജീവിതശൈലി. ഈ നൈതികധാരണകളെക്കുറിച്ചെല്ലാം പാഠപുസ്തകങ്ങളിൽ വായിക്കുകയും എന്നാൽ അതിൽ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നവരുണ്ട്. അവർ വിശ്വസിക്കുന്നത് ചിരപുരാതനമായ നൈതിക-ധാർമ്മിക മൂല്യങ്ങളിലാണ്. അവർ രാജ്യത്തെ ആ പഴയ ജന്മിത്ത കാലഘട്ടത്തിലേയ്ക്ക് തിരികെ കൊണ്ടുപോകാൻ ശ്രമിക്കുന്നവരാണ്. പക്ഷെ, ഈ പഴയ നൈതിക-ധാർമ്മിക ധാരണകളെയും മൂല്യസങ്കല്പങ്ങളെയും എതിർത്തുകൊണ്ടും, അവയുടെ സ്ഥാനത്ത് സമൂഹത്തിൽ ചരിത്രപരമായി ഉയർന്നുവന്നുകൊണ്ടിരിക്കുന്ന പുതിയ നൈതിക-ധാർമ്മിക ധാരണകളെയും സാമൂഹ്യമൂല്യങ്ങളെയും പ്രതിഷ്ഠിച്ചുകൊണ്ടും മാത്രമേ നമുക്ക് നമ്മുടെ രാജ്യത്തെ മുന്നോട്ട് നയിക്കാൻ സാധിക്കൂ. ലോകത്തെ എല്ലാ രാജ്യങ്ങളുടെ കാര്യത്തിലും ഇതാണ് സത്യം.

മനുഷ്യവിജ്ഞാനത്തിന് ഏത് രാഷ്ട്രത്തിലെ ഏത് ജനതയും നൽകിയ സംഭാവനകളെ അംഗീകരിക്കാൻ നമുക്ക് സാധിക്കണം. അത് ഒരുയർന്ന നൈതികധാരണയാണ്. ദേശീയവികാരം എന്ന് വിളിക്കപ്പെടുന്നതിനെ അന്ധമായി മഹത്വവൽക്കരിക്കുകയും മറ്റുള്ളവരുടെ സംഭാവനകളെ വിസ്മരിക്കുകയും ചെയ്യുന്നത് ഒട്ടും നൈതികമല്ല. ആധുനിക ശാസ്ത്രജ്ഞാനത്തിന്റെ വിശാലമണ്ഡലമെടുത്താലും മറ്റ് വിജ്ഞാനമേഖലകളെടുത്താലും ഇൻഡ്യക്കാരുടെ സംഭാവന വളരെ ചെറുതാണെന്നതാണ് വസ്തുത. ഈ യാഥാർത്ഥ്യം അംഗീകരിക്കാൻ കഴിയണമെങ്കിൽ ഉയർന്ന നീതിബോധവും യഥാർത്ഥ വിനയവുമുണ്ടാകണം. ആധുനിക ശാസ്ത്രങ്ങളുടെ വികാസചരിത്രം മുൻവിധികളൊന്നുമില്ലാതെ പരിശോധിക്കുന്ന ഏതൊരാൾക്കും കാണാവുന്ന ഒരു വസ്തുതയുണ്ട്. ജഗദീഷ്ചന്ദ്രബോസ്, പ്രഫുല്ലചന്ദ്ര റോയ്, സത്യേൻ ബോസ്, മേഘ്നാഥ് സാഹ, സി.വി.രാമൻ എന്നിങ്ങനെ ഏതാനും പേർ നൽകിയിട്ടുള്ള സംഭാവന മാറ്റിനിർത്തിയാൽ, ആധുനിക ശാസ്ത്രത്തിന്റെ വിപുലമായ വിജ്ഞാനശേഖരത്തിലേയ്ക്ക് ഇൻഡ്യക്കാരുടെ സംഭാവന തുലോം തുച്ഛമാണ്. എല്ലാ വിനയത്തോടും കൂടി ഈ വസ്തുത അംഗീകരിച്ചാൽ മാത്രമേ നമുക്ക് മനുഷ്യവിജ്ഞാനത്തിലേയ്ക്ക് സംഭാവന നൽകാൻ സാധിക്കൂ.

**വിജ്ഞാനത്തിന് ദേശീയമായ അതിർത്തികളില്ല എന്ന കാര്യം ഒരിക്കലും വിസ്മരിക്കരുത്. കോപ്പർനിക്കസിന്റെയും ഗലീലിയോയുടെയും ജ്ഞാനമില്ലാതെ ന്യൂട്ടൺ ചരിത്രത്തിൽ ഉദയം ചെയ്യുമായിരുന്നില്ല. അതുപോലെ, ന്യൂട്ടന്റെ ജ്ഞാനമില്ലാതെ ഐൻസ്റ്റൈന്റെ ആവിർഭാവം സാധ്യമാകുമായിരുന്നില്ല. ഐൻസ്റ്റൈന്റെ ചിന്ത ആവിർഭവിച്ചത് അദ്ദേഹത്തിന് മുമ്പ് ജീവിച്ചിരുന്നവരും അദ്ദേഹത്തിന്റെ സമകാലികരുമായ നിരവധി ശാസ്ത്രജ്ഞന്മാരുടെ ആശയങ്ങൾ സ്വാംശീകരിക്കുകയും ഉദ്ഗ്രഥിക്കുകയും ചെയ്തതിലൂടെയാണ്. ഐൻസ്റ്റൈൻ അത് അംഗീകരിക്കുന്നുണ്ട്. മുൻഗാമികൾ സൃഷ്ടിച്ച ഉറച്ച അടിത്തറയിന്മേൽ നിന്നുകൊണ്ട് മാത്രമേ ഇന്നത്തെ ശാസ്ത്രത്തിന് വികസിച്ചുവരാൻ സാദ്ധ്യമാവുകയുള്ളു എന്ന് അദ്ദേഹം പറഞ്ഞു.**

മറ്റൊരു മഹാശാസ്ത്രജ്ഞൻ ലൂയി പാസ്ചർ വിജ്ഞാനത്തിന് രാഷ്ട്രമോ ദേശീയാതിർത്തികളോ ഇല്ലെന്ന് പറഞ്ഞു. മനുഷ്യരാശി ഒന്നാകെ നടത്തുന്ന സമരത്തിന്റെ സൃഷ്ടിയാണ് വിജ്ഞാനം. വിജ്ഞാനത്തെ ദേശീയമായ അതിർവരമ്പുകൾക്കുള്ളിലേയ്ക്ക് ചുരുക്കുന്നവർ അറിഞ്ഞോ അറിയാതെയോ യഥാർത്ഥത്തിൽ ചെയ്യുന്നത്, ദേശീയമന്ത്രം ഉരുവിട്ടുകൊണ്ടുതന്നെ രാജ്യത്തിന്റെയാകെ പുരോഗതിയെ തടയുക എന്നതാണ്.

മനുഷ്യനും മൃഗങ്ങളും നിലനില്പിന് വേണ്ടി പ്രകൃതിക്കെതിരെ പൊരുതുന്നുണ്ട്. പക്ഷെ, രണ്ടും ഒരുപോലെയല്ല. മൃഗങ്ങൾ ഈ സമരത്തിലൂടെ ചിലപ്പോൾ നിലനിന്നുവെന്ന് വരും, അല്ലെങ്കിൽ നശിക്കും. അവ പ്രകൃതിനിയമങ്ങളുടെ ഇരകളാണ്. പക്ഷെ, മനുഷ്യന് ചിന്താശേഷിയുള്ളതിനാൽ അവൻ നിലനിൽക്കുന്നുവെന്ന് മാത്രമല്ല, വർദ്ധിച്ചുവരുന്ന അളവിൽ പ്രകൃതിയെ സ്വന്തം വരുതിയിൽ കൊണ്ടുവന്നുകൊണ്ടുമിരിക്കുകയാണ്. മനുഷ്യന് വസ്തുനിഷ്ഠ നിയമങ്ങൾ മാറ്റാൻ സാധിക്കുന്നതുകൊണ്ടല്ല അത്. പ്രകൃതിയുടെയും സമൂഹത്തിന്റെയും ചിന്തയുടെയും വസ്തുനിഷ്ഠനിയമങ്ങൾ മനുഷ്യന് സൃഷ്ടിക്കാവുന്നവയല്ല, നശിപ്പിക്കാവുന്നവയുമല്ല. അപ്പോൾപ്പിന്നെ മനുഷ്യൻ എങ്ങനെയാണ് വസ്തുനിഷ്ഠലോകത്തെ മാറ്റുന്നത്? ശാസ്ത്രത്തിന്റെ സഹായത്തോടെ മനുഷ്യൻ മനസ്സിലാക്കിയിട്ടുണ്ട്, പ്രകൃതിയുടെയോ സമൂഹത്തിന്റെയോ നിയമങ്ങൾ അനുകൂല സാഹചര്യത്തിൽ മാത്രമാണ് പ്രവർത്തനനിരതമാകുന്നത്. പ്രതികൂല സാഹചര്യത്തിൽ ആ നിയമങ്ങൾ പ്രവർത്തിക്കുകയില്ല. ഇങ്ങനെ അനുകൂലമോ പ്രതികൂലമോ ആയ സാഹചര്യങ്ങൾ മനുഷ്യന് സൃഷ്ടിക്കാൻ കഴിയും. അങ്ങനെ വസ്തുനിഷ്ഠ നിയമങ്ങളുടെ പ്രവർത്തനത്തെ മനുഷ്യന് സ്വാധീനിക്കാൻ സാധിക്കും. ശാസ്ത്രത്തിന്റെ സഹായത്തോടെ മനുഷ്യന് സമൂഹത്തിന്റെ വളർച്ചയ്ക്കും മുന്നേറ്റത്തിനും സഹായകരമായ നിയമങ്ങളുടെ പ്രവർത്തനത്തിന് അനുകൂലമായ സാഹചര്യങ്ങളും, ഹാനികരമായ നിയമങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്നവിധത്തിൽ പ്രതികൂലമായ സാഹചര്യങ്ങളും സൃഷ്ടിക്കാൻ കഴിയും. അപ്രകാരമാണ് മനുഷ്യന് ഇന്നത്തെ സംസ്കൃതി സൃഷ്ടിക്കാൻ കഴിഞ്ഞത്. ശാസ്ത്രത്തിന്റെ സഹായത്തോടെ മനുഷ്യൻ ജീവിതത്തെ കൂടുതൽ ഉയർന്ന ഘട്ടങ്ങളിലേയ്ക്ക് നയിക്കുകയും ചെയ്യും. ജീവിതത്തിന്റെയും സമൂഹത്തിന്റെയും വികാസത്തിന്റെ ഈ വസ്തുനിഷ്ഠ പ്രക്രിയ മനസ്സിലാക്കിയിട്ടില്ലാത്തവർ അത് മനസ്സിലാക്കണം. പക്ഷെ, ഈ ധാരണയെ എതിർക്കുന്നവർ ജീവിതത്തിന്റെ വളർച്ചയെ ഫലത്തിൽ തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത് എന്നതിനാൽ അവർ മനുഷ്യരാശിയുടെ ശത്രുക്കളാണ്.

എന്റെ ഈ സന്ദേശം ഒരല്പം ദീർഘമായിട്ടുണ്ടാകാം. ശാസ്ത്രത്തിന്റെ മേഖലയിലുള്ള ചിന്താക്കുഴപ്പങ്ങൾ ആഴത്തിലും പരപ്പിലും അത്രമാത്രം വിപുലമായതിനാൽ ഇത്രയും വിശദീകരണം ആവശ്യമായി വന്നു. എന്നിട്ടും ചില ചെറിയ ആശയക്കുഴപ്പങ്ങളെ ഇവിടെ കൈകാര്യം ചെയ്യാൻ എനിക്ക് കഴിഞ്ഞിട്ടില്ല. പിന്നീട് അത് ചെയ്യാൻ ശ്രമിക്കാം.

അവസാനമായി, ഞാൻ നിങ്ങളെ ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു. നിങ്ങൾ നിങ്ങളുടെ ശാസ്ത്രപ്രസ്ഥാനത്തെ വിജയത്തിലെത്തിക്കുമെന്ന് കേവലം ആഗ്രഹിക്കുകയല്ല, അങ്ങനെ ഉറച്ചുവിശ്വസിക്കുന്നു.

ആശംസകളോടെ,

**കൃഷ്ണചക്രവർത്തി**

■

# ദേശീയപാത വികസനം: സംസ്ഥാനത്തുടനീളമുള്ള തീരദേശ ജില്ലകളിൽ പ്രതിഷേധമിരമ്പി

## തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് ധർണ്ണ, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കളക്ട്രേറ്റ് മാർച്ച്


കാസർഗോഡ് കളക്ട്രേറ്റ് മാർച്ച് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്യുന്നു


സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന പ്രതിഷേധ സംഗമത്തിൽ എം. ഷാജർഖാൻ സംസാരിക്കുന്നു

**ബി**ഒടി. 45 മീറ്റർ പാത വീണ്ടും അടിച്ചേൽപ്പിക്കാനുള്ള നീക്കത്തിനെതിരെ എൻ.എച്ച്.17 ആക്ഷൻ കൗൺസിൽ,എൻ.എച്ച്. 47 ആക്ഷൻ ഫോറം എന്നീ സമരവേദികൾ സംസ്ഥാനത്തെ തീരദേശ ജില്ലകളിൽ സമരം ശക്തമാക്കി. പാതയേറ്റെടുക്കലിനുള്ള വിജ്ഞാപനങ്ങൾ മൂന്നുതവണ സർക്കാരിനു പിൻവലിക്കേണ്ടി വന്നത് ശക്തമായ ജനസമരത്തിന്റെ വേലിയേറ്റമുണ്ടായതുകൊണ്ടാണ്.

പാലിയേക്കര ടോൾബൂത്തിലെ കെട്ടടങ്ങാത്ത പ്രതിഷേധവും ബി.ഒ.ടി. പാതക്കായുള്ള സ്ഥലമേറ്റെടുക്കലിനെതിരെയുള്ള 6 വർഷമായി നടക്കുന്ന നിരന്തരമായ ചെറുത്തുനിൽപ്പും ജനസമരത്തിന്റെ വൻ നേട്ടമാണ്. സ്ഥലമേറ്റെടുക്കുമെന്നും മൃദുസമീപനം ഇനിയുമുണ്ടാവില്ലെന്നുമാണ് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പ്രസ്താവന. 45 മീറ്ററിൽ സ്ഥലമേറ്റെടുത്തു നൽകിയാലേ ദേശീയപാത വികസനം നടക്കൂ എന്നാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പിടിവാശി. ദേശീയപാത 45 മീറ്ററിൽത്തന്നെയെന്ന സർക്കാരിന്റെ പ്രസ്താവന ബി.ഒ.ടി ലോബിക്കുവേണ്ടിയാണെന്ന് സമരനോതാക്കൾ പറഞ്ഞു.

കഴിഞ്ഞ മെയ് മാസത്തിൽ 30 മീറ്ററിൽ6വരിയായി സംസ്ഥാനത്തെ പാതകൾ വികസിപ്പിക്കുമെന്ന സർക്കാർ പരസ്യം രൂപരേഖ സഹിതം എല്ലാ പത്രങ്ങളിലും പ്രസിദ്ധീകരിച്ചതാണ്. എന്നാൽ 6 മാസത്തിനകത്തുള്ള സർക്കാരിന്റെ ഈ മലക്കംമറിച്ചിലിൽ ദുരൂഹതയുണ്ട്.

ഇതാദ്യമായാണ് കേരളത്തിലെ എല്ലാ ജില്ലകളും ഒരേ ദിവസം തന്നെ ഈ വിഷയത്തിൽ സമരത്തിനിറങ്ങുന്നത്. ജനകീയസമരം വീണ്ടും ശക്തിപ്പെടുകയാണ്. വിവിധ ജില്ലകളിലെ പ്രതിഷേധ പരിപാടികൾ ബി.ഒ.ടി വിരുദ്ധ പ്രക്ഷോഭണത്തിന് ആക്കം കൂട്ടുകയാണ്

**കാസർഗോഡ്**

കളക്ട്രേറ്റ് മാർച്ച് എൻ. എച്ച്. 17 ആക്ഷൻ കൗൺസിൽ ജനറൽ കൺവീനർ ടി. കെ.സുധീർകുമാർ ഉൽഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ഷാഫി ഹാജി അദ്ധ്യക്ഷനായിരുന്നു. ജില്ലാ കൺവീനർ കെ. കെ.സുരേഷ്, എൻ.പവിത്രൻ, ഖാദർ ഹാജി, രമേഷ് മൂലക്കണ്ടം, സലാം ഹാജി, അബ്ദുൾ ഖാദർ ഹാജി ഉപ്പള, ബി.മുഹമ്മദ്, ജുഗേഷ് മാവുങ്കാൽ, വിശ്വാസ് പള്ളിക്കര എന്നിവർ മാർച്ചിനു നേതൃത്വം നൽകി.കളക്ടക്ക് നിവേദനം സമർപ്പിച്ചു.

**കണ്ണൂർ**

ടൗണിൽ നടന്ന പ്രതിഷേധ സംഗമത്തിൽ ഡോ. ഡി.സുരേന്ദ്രനാഥ് അദ്ധ്യക്ഷനായിരുന്നു. എൻ എച്ച്.17 ആക്ഷൻ കൗൺസിൽ ജനറൽ കൺവീനർ ടി.കെ.സുധീർകുമാർ സംഗമം ഉൽഘാടനം ചെയ്തു. ജില്ലാ കൺവീനർ പോൾ ടി. സാമുവൽ, പി.പി.മോഹനൻ (ആർ.എം.പി),പള്ളിപ്പുറംപ്രസന്നൻ (വെൽഫയർ പാർട്ടി), അഡ്വ. വിനോദ് പയ്യട, എടക്കാട് പ്രേമരാജൻ, കെ.കെ. ഉത്തമൻ, രാജു മാത്യു, അനൂപ് അരിമറ്റം(എസ്.യു.സി.ഐ-കമ്മ്യൂണിസ്റ്റ്) എന്നിവർ സംസാരിച്ചു.

**കോഴിക്കോട്**

കോഴിക്കോട് കളക്ട്രേറ്റ് മാർച്ച് മണ്ണിൽതാഴ ലീല ഉദ്ഘാടനം ചെയ്തു. സി.വി.ബാലഗോപാലൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ആർ.ശശി(സിപിഐ), ടി.കെ.വിജയൻ, അബ്ദുൾ റഹിം, കുഞ്ഞിപ്പള്ളി അൻവർഹാജി, കെ.സലാം ഹാജി, പ്രകാശൻ, ശ്യാം, മണലിൽ മോഹനൻ, റസാക്ക് പാലേരി, എ.ടി.മഹേഷ് എന്നിവർ പ്രസംഗിച്ചു.

**മലപ്പുറം**

കളക്ട്രേറ്റിനു മുന്നിലുള്ള കലമുടയ്ക്കൽ സമരം ബിനോയ് വിശ്വം ഉൽഘാടനം ചെയ്തു. ഡോ. ആസാദ് ഉൽഘാടനം ചെയ്തു. എൻ.എച്ച്.17 ആക്ഷൻ കൗൺസിൽ സംസ്ഥാന പ്രസിഡന്റ് ഇ.വി. മുഹമ്മദാലി, ജില്ലാ കൺവീനർ അബുലൈസ് തേഞ്ഞിപ്പാലം, ഹമീദ് വാണിയമ്പലം(വെൽഫയർ പാർട്ടി), കെ.പി.ഇസ്മായിൽ(ഐ.എൻ.എൽ), അലി കാടാംപുഴ (പി.ഡി.പി), ഇ.കെ. ചെറി(കെ.വി.വി.ഇ.എസ്), മഹറഫ് കൊടിഞ്ഞി, ഇല്യാസ് കൊണ്ടൂർ എന്നിവർ പ്രസംഗിച്ചു.

**തൃശ്ശൂർ**

കളക്ട്രേറ്റ് മാർച്ചിനെ തുടർന്നുള്ള പ്രതിഷേധ സമ്മേളനത്തിൽ എൻ. എച്ച്. 17 ആക്ഷൻ കൗൺസിൽ ജില്ലാ പ്രസിഡന്റ് എ.ജി.ധർമ്മരത്നം അദ്ധ്യക്ഷത വഹിച്ചു. മുൻ മന്ത്രി കെ.പി.രാജേന്ദ്രൻ ഉൽഘാടനംചെയ്ത യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഇ.വി. മുഹമ്മദാലി മുഖ്യപ്രഭാഷണം നടത്തി. ജില്ലാ കൺവീനർ സി.കെ.ശിവദാസൻ, വിവിധ സമര സംഘടനകളെ പ്രതിനിധീകരിച്ച് ടി.കെ. വാസു, പ്രൊഫ. കെ.ബി. ഉണ്ണിത്താൻ, ടി. എൽ. സന്തോഷ് , പി.ജെ.മോൺസി ,മോഹനൻ വൈദ്യൻ,ഡോ.പി. എസ്.ബാബു, സിയാദ് പി.ആർ, മിർസാദ് റഹ്മാൻ,, ഹരിദാസ് മാഷ് (ശാസ്ത്ര-സാഹിത്യ പരിഷത്ത്)ടി. ആർ. രമേഷ്, രാജേഷ് അപ്പാട്ട്, അബുലൈസ് തേഞ്ഞിപ്പലം, പി. കെ.സെയ്താലിക്കുട്ടി, പി.എം. മജീദ് ,എൻ.ഡി.വേണു ,സുധീർ ജി. കൊല്ലാറ,, പി.കെ.മൊയ്തുണ്ണി, എന്നിവർ സംസാരിച്ചു. കെ.ഡി. മേനോൻ, വി. സിദ്ധിഖ്, എൻ.കെ. ശങ്കരൻ കുട്ടി, പി.കെ.നുറുദ്ദീൻ ഹാജി, കെ. ഇ. നസീർ, വി.എച്ച്. റഫീഖ്, മുഹമ്മദ് ഇടമുട്ടം എന്നിവരടങ്ങുന്ന സംഘം കളക്ടർക്ക് നിവേദനം സമർപ്പിച്ചു.

**എറണാകുളം**

ഹൈബി ഈഡൻ എം. എൽ. എ. മാർച്ച് ഉൽഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ഹാഷിം ചേന്ദാംപിള്ളി അദ്ധ്യക്ഷനായ യോഗത്തിൽ കൺവീനർ സത്യൻ മാഷ്, സി. ആർ.നീലകണ്ഠൻ, പി.രാജു, ടി. ആർ.ബോസ്, എൻ.എം. പീയേഴ്സൺ, അഡ്വ. എൻ.എ.അലി, ഫ്രാൻസിസ് കളത്തുങ്കൽ, കെ.പി. സാൽവിൻ, എസ്.എം.സൈനുദ്ദീൻ, ജ്യോതിവാസ്, അജ്മൽ ഇസ്മയിൽ, കുരുവിള മാത്യൂസ്,മുജീബ് റഹ്മാൻ, എം.എൻ. ഗിരി, ഐ.എം.ആന്റണി,എം.വി.ലോറൻസ്, അഡ്വ.ടി. ബി.മിനി,വി.കെ. അബ്ദുൾ ഖാദർ, പ്രൊഫ.നാണപ്പൻപിള്ള, രാജൻ ആന്റണി, ജസ്റ്റിൻ ഇലഞ്ഞിക്കൽ എന്നിവർ പ്രസംഗിച്ചു.

**ആലപ്പുഴ**

കളക്ട്രേറ്റ് മാർച്ച് എഐവൈഎഫ് സംസ്ഥാന നേതാവ് കൃഷ്ണപ്രസാദ് ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടേറിയറ്റംഗം ആർ.പാർത്ഥസാരഥി വർമ്മ, ആക്ഷൻഫോറം നേതാക്കളായ ഡോ.വേണുഗോപാൽ, സുഭദ്രാമ്മ തുടങ്ങിയവർ പ്രസംഗിച്ചു.

**കൊല്ലം**

കൊല്ലം കളക്ട്രേറ്റ് മാർച്ച് സിപിഐ നേതാവ് അഡ്വ.സജിലാൽ ഉദ്ഘാടനം ചെയ്തു. ആക്ഷൻ ഫോറം നേതാവ് പ്രകാശ്മേനോൻ അദ്ധ്യക്ഷത വഹിച്ചു.എസ്‌യുസിഐ(സി) ജില്ലാ കമ്മറ്റിയറ്റംഗം എസ്.രാധാകൃഷ്ണൻ, ആക്ഷൻഫോറം നേതാവ് നാസർ, കെ.പി. മുഹമ്മദ് തുടങ്ങിയവർ പ്രസംഗിച്ചു.

**തിരുവനന്തപുരം**

ഹൈവേ ആക്ഷൻ ഫോറം സെക്രട്ടറിയേറ്റിനു മുന്നിൽ പ്രതിഷേധ ധർണ്ണ സി.പി.ഐ സംസ്ഥാന സെക്രട്ടറി പന്ന്യൻ രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ്പ്രസിഡന്റ് എം. ഷാജർഖാൻ അദ്ധ്യക്ഷത വഹിച്ചു. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതാവ് വി.ഹരിലാൽ, സോളിഡാരിറ്റി നേതാവ് സാദിഖ് ഉളിയിൽ, എസ്‌യുസിഐ ജില്ലാ കമ്മിറ്റിയംഗം ആർ. ബിജു, ആക്ഷൻ ഫോറം ജില്ലാ പ്രസിഡന്റ് ബി.ഗോപി, സെക്രട്ടറി ജി.മുകുന്ദരാജ്, ശ്രീദേവി, ഇ.കെ.റഷീദ്, എ.എം.കുഞ്ഞ്, കല്ലമ്പലം രാജീവ് എന്നിവർ പ്രസംഗിച്ചു.



തൃശൂരിൽ നടന്ന കളക്ട്രേറ്റ് മാർച്ച്


മലപ്പുറത്ത് കളക്ട്രേറ്റിൽ നടന്ന കലമുടക്കൽ സമരത്തിൽ ആക്ഷൻ കൗൺസിൽ ചെയർമാൻ ഇ.വി.മഹമ്മദാലി, ഡോ. ആസാദ് തുടങ്ങിയവർ


കണ്ണൂരിൽ നടന്ന പ്രതിഷേധകൂട്ടായ്മ ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്യുന്നു



**ജ**നകീയ പ്രതിരോധ സമിതി തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മൂക്കുന്നിമല ജനകീയ സമരത്തെ അടിച്ചമർത്താനുള്ള പോലീസ് നടപടികൾക്കെതിരെ നടന്ന ജനകീയ പ്രതിഷേധ സംഗമം ബി ആർ പി ഭാസ്കർ ഉദ്ഘാടനം ചെയ്യുന്നു.

# ഇടതുപക്ഷ ഐക്യമുന്നണി കൊല്ലം ജില്ലാ കൺവൻഷൻ




കൊല്ലം ജില്ലാ കൺവൻഷൻ സഖാവ് കെ.എസ്.ഹരിഹരൻ ഉദ്ഘാടനം ചെയ്യുന്നു.

**ഇ**ടതുപക്ഷ ഐക്യമുന്നണിയുടെ കൊല്ലം ജില്ലാ കൺവൻഷൻ നവംബർ 30 ന് കരുനാഗപ്പള്ളി ടൗൺഹാളിൽ നടന്നു. മുന്നണി സംസ്ഥാന ചെയർമാനും ആർഎംപി സംസ്ഥാന സെക്രട്ടേറിയറ്റംഗവുമായ സഖാവ് കെ.എസ്.ഹരിഹരൻ ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗവും മുന്നണിയുടെ സംസ്ഥാന കൺവീനറുമായ സഖാവ് വി.വേണുഗോപാൽ മുഖ്യപ്രഭാഷണം നടത്തി. എംസിപിഐ(യു) കേന്ദ്രകമ്മിറ്റിയംഗം സഖാവ് ടി.എസ്.നാരായണൻമാസ്റ്റർ, എസ്‌യുസിഐ(സി) കൊല്ലം ജില്ലാ സെക്രട്ടറി സഖാവ് ജ്യോതികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. എംസിപിഐ(യു) ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് വി.എസ്. മോഹൻലാൽ, ഡിസംബർ 5ന്റെ പണിമുടക്കിന് പിന്തുണപ്രഖ്യാപിക്കുന്ന പ്രമേയം അവതരിപ്പിച്ചു. എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം സഖാവ് എസ്.രാധാകൃഷ്ണൻ പിന്താങ്ങി. എംസിപിഐ(യു) സംസ്ഥാന സെക്ര ട്ടേറിയറ്റംഗം സഖാവ് വി.എസ്.രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച കൺവൻഷനിൽ എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം സഖാവ് ബി.വിനോദ് സ്വാഗതവും എംസിപിഐ(യു) ജില്ലാകമ്മിറ്റിയംഗം സഖാവ് എ. ഡെന്നിസ് നന്ദിയും പറഞ്ഞു. സഖാവ് ജ്യോതികൃഷ്ണൻ ചെയർമാനും സഖാവ് വി.എസ്.രാജേന്ദ്രൻ കൺവീനറുമായുള്ള ജില്ലാ കമ്മിറ്റിയുടെ പാനൽ എസ്‌യുസിഐ(സി) സംസ്ഥാനകമ്മിറ്റിയംഗം സഖാവ് ഷൈല കെ. ജോൺ അവതരിപ്പിച്ചു. കൺവൻഷൻ ഏകകണ്ഠമായി പാനൽ അംഗീകരിച്ചു.

വിലക്കയറ്റം തടയുക, ഔഷധങ്ങളുടെയും പെട്രോളിയം ഉൽപ്പന്നങ്ങളുടെയും വിലനിയന്ത്രണം പുനസ്ഥാപിക്കുക, തൊഴിലാളി ദ്രോഹകരമായ തൊഴിൽനിയമ ഭേദഗതി പിൻവലിക്കുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് നടന്ന കൺവൻഷന് മുന്നോടിയായി നൂറുകണക്കിന് മുന്നണി പ്രവർത്തകർ പങ്കെടുത്ത പ്രകടനം കരുനാഗപ്പള്ളി ടൗണിൽ നടന്നു. ■

## ഡിസംബർ 5: ദേശീയ തൊഴിലാളി പ്രക്ഷോഭം

# ജില്ലകളിൽ തൊഴിലാളി റാലിയും പൊതു സമ്മേളനങ്ങളും



സംയുക്ത ട്രേഡ് യൂണിയൻ ഡിസംബർ 5 അഖിലേന്ത്യാ പ്രക്ഷോഭത്തിന്റെ ഭാഗമായി എറണാകുളം വൈറ്റിലയിൽ നടന്ന പൊതുയോഗത്തിൽ എഐയുടിയുസി സംസ്ഥാന ജോയിന്റ് സെക്രട്ടറി എൻ.ആർ.മോഹൻകുമാർ സംസാരിച്ചു.

**ദേ**ശീയ തൊഴിലാളി പ്രക്ഷോഭത്തിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ സംയുക്ത ട്രേഡ് യൂണിയന്റെ നേതൃത്വത്തിൽ കളക്ട്രേറ്റ് പരിസരത്ത് നിന്ന് ആയിരക്കണക്കിന് തൊഴിലാളികൾ പങ്കെടുത്ത തൊഴിലാളി റാലിയും പൊതുസമ്മേളനവും നടന്നു. എഐറ്റിയുസി സംസ്ഥാന സെക്രട്ടറി ജെ. ഉദയഭാനു സമ്മേളനം ഉദ്ഘാടനം ചെയ്തു. സിഐറ്റിയു ജില്ലാ പ്രസിഡന്റ് വി.എൻ. വാസവൻ, ഐഎൻറ്റിയുസി ജില്ലാ പ്രസിഡന്റ് ഫിലിപ്പ് ജോസഫ്, ബിഎംഎസ് ജില്ലാ സെക്രട്ടറി നളിനാക്ഷൻ നായർ, എഐയുറ്റിയുസി ജില്ലാ പ്രസിഡന്റ് കെ.പി.വിജയൻ തുടങ്ങിയവർ പ്രസംഗിച്ചു. സംയുക്ത ട്രേഡ് യൂണിയൻ സമിതി ജില്ലാ കൺവീനർ വി.പി. കൊച്ചുമോൻ കൃതജ്ഞത പറഞ്ഞു.

കൊല്ലത്ത് കളക്ട്രേറ്റിലേക്ക് മാർച്ച് നടന്നു. എഐടിയുസി സംസ്ഥാന ജനറൽസെക്രട്ടറി സഖാവ് കാനം രാജേന്ദ്രൻ മാർച്ച് ഉദ്ഘാടനം ചെയ്തു. എഐയുടിയുസി ജില്ലാ പ്രസിഡന്റ് സഖാവ് എസ്.രാധാകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു. ആനത്തലവട്ടം ആനന്ദൻ(സിഐടിയു), എൻ.അഴകേശൻ (ഐഎൻടിയുസി), ശിവജി സുദർശൻ (ബിഎംഎസ്), പത്രപ്രവർത്തക യൂണിയൻ നേതാവ് വിമൽകുമാർ, ടി.സി.വിജയൻ(യുടിയുസി), കൃഷ്ണമ്മാൾ(എൻടിയുഐ) തുടങ്ങിയവർ പ്രസംഗിച്ചു.

തിരുവനന്തപുരത്ത് പടുകൂറ്റൻ തൊഴിലാളിറാലി നടന്നു. സിഐടിയു സംസ്ഥാന സെക്രട്ടറി ഇളമരം കരിം ഉദ്ഘാടനം ചെയ്തു. ബിഎംഎസ് സംസ്ഥാന സെക്രട്ടറി ഭാർഗ്ഗവ് അദ്ധ്യക്ഷത വഹിച്ചു. എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ തുടങ്ങിയവർ പ്രസംഗിച്ചു. ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ചന്ദ്രശേഖരൻ സ്വാഗതം പറഞ്ഞു.

എറണാകുളത്ത് വൈറ്റിലയിൽ നടന്ന തൊഴിലാളിസംഗമം ബിഎംഎസ് സംസ്ഥാന സെക്രട്ടറി എം.പി.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. എം.എം.ലോറൻസ്(സിഐടിയു),പി.രാജു(എഐടിയുസി), അഡ്വ.കെ.പി. ഹരിദാസ് (ഐഎൻടിയുസി), എൻ.ആർ.മോഹൻകുമാർ(എഐയുടിയുസി), എം.രാജൻ(എൻടിയുഐ) തുടങ്ങിയവർ പ്രസംഗിച്ചു.

തൃശൂരിൽ എഐടിയുസി അഖിലേന്ത്യാ സെക്രട്ടറി പി. നന്ദകുമാർ പൊതുസമ്മേളനം ഉൽഘാടനം ചെയ്തു. എഐയുടിയുസി യെ പ്രതിനിധീകരിച്ച് യുണിയൻ ജില്ലാ പ്രസിഡന്റ് സഖാവ് ഡോ.പി.എസ്.ബാബു സംയുക്ത റാലിക്ക് നേതൃത്വം കൊടുത്തു. എഐയുടിയുസിയെ പ്രതിനിധീകരിച്ച് യുണിയൻ ജില്ലാ സെക്രട്ടറി സഖാവ് സി.കെ. ശിവദാസൻ സംസാരിച്ചു.

ആലപ്പുഴയിൽ ഐഎൻടിയുസി ദേശീയ സെക്രട്ടറി സുരേഷ്കുമാർ ഉദ്ഘാടനം ചെയ്തു. എഐടിയുസി ജില്ലാപ്രസിഡന്റ് ടി.ജെ.ആഞ്ചലോസ് അദ്ധ്യക്ഷത വഹിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറി കെ.ഒ. ഹബീബ്, ആൾ ഇന്ത്യാ യുടിയുസി ജില്ലാ പ്രസിഡന്റ് എസ്.സീതിലാൽ, ബിഎംഎസ് ജില്ലാ പ്രസിഡന്റ് ടി.ബി.ഗോപകുമാർ, എച്ച്എംഎസ് ജില്ലാ സെക്രട്ടറി ജേക്കബ് ഉമ്മൻ, അഡ്വ.ബി.രാജേന്ദ്രൻ (യുടിയുസി), എ.വി.ഉദയഭാനു(ടിയുസിഐ), ബി.വിശ്വംഭരൻ(ടിയുസിസി), മുഹമ്മദാലി(എസ്ടിയു), പി.സി.വിനോദിനി(സേവ), പി.എസ്.മണി(സിഐടിയു) തുടങ്ങിയവരും പ്രസംഗിച്ചു. ■

## ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ അനുസ്മരണം



**ജ**സ്റ്റിസ് വി.ആർ.കൃഷ്ണയ്യർ അനുസ്മരണ സമ്മേളനം കോഴിക്കോട് അഡ്വ.മഞ്ചേരി സുന്ദർരാജ് ഉദ്ഘാടനം ചെയ്യുന്നു. എ.ശേഖർ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.ഹരിഹരൻ, പ്രൊഫ.സി.വി.കുമാരൻ, സി.എം.കുട്ടപ്പൻ, ഇറവട്ടൂർ ബാലകൃഷ്ണൻ, മൊയ്തു കണ്ണൻകോടൻ, പി.എം.ശ്രീകുമാർ, അഡ്വ.ടി.ജെ.ഡിക്സൺ തുടങ്ങിയവർ പ്രസംഗിച്ചു. പി.കെ.മധു സ്വാഗതവും മണിദാസ് നന്ദിയും പറഞ്ഞു. ■



**മൂ**ലമ്പിള്ളി കോ-ഓർഡിനേഷൻ കമ്മിറ്റി എറണാകുളത്ത് സംഘടിപ്പിച്ച ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ അനുസ്മരണ സമ്മേളനം പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ സി.ആർ.നീലകണ്ഠൻ, ഫ്രാൻസിസ് കളത്തുങ്കൽ, വി.പി.വിൽസൺ, കെ.രജികുമാർ, കുരുവിള മാത്യൂസ്, ഏലൂർഗോപിനാഥ് തുടങ്ങിയവർ ■

## ചർച്ചാ സമ്മേളനം




**ന**വംബർ 14 ന് പുനലൂർ എൻഎസ്എസ് ഹാളിൽ അയ്യൻകാളി അനുസ്മരണ സമിതി സംഘടിപ്പിച്ച ചർച്ചാസമ്മേളനം മുട്ടറ ഉദയഭാനു ഉദ്ഘാടനം ചെയ്തു. ആധുനിക ജനാധിപത്യകേരളം സൃഷ്ടിക്കുന്നതിൽ നിർണ്ണായകപങ്കുവഹിച്ച പ്രക്ഷോഭകാരിയും വിപ്ലവകാരിയുമായിരുന്നു അയ്യൻകാളിയെന്ന് അദ്ദേഹം പറഞ്ഞു.

വിദ്യാഭ്യാസ- തൊഴിൽ മേഖലകളിൽ നിഷേധിക്കപ്പെട്ടിരുന്ന അവകാശങ്ങൾ അടിയാള ജനവിഭാഗങ്ങൾക്ക് നേടിയെടുക്കാൻ കേരള ചരിത്രത്തിലാദ്യമായി പണിമുടക്ക് സമരം നടത്തി വിജയിപ്പിച്ച ചരിത്രവ്യക്തിത്വമായിരുന്നു അയ്യൻകാളിയുടെതെന്ന് പാർത്ഥസാരഥിവർമ്മ വിഷയാവതരണം നടത്തിക്കൊണ്ട് അഭിപ്രായപ്പെട്ടു.

ജി.ധ്രുവകുമാർ അദ്ധ്യക്ഷത വഹിച്ചു. അഡ്വ.റ്റി.വൈ.ലൂക്കോസ്, റ്റി.എൻ.ഗോപി(കെപിഎംഎസ്), ജ്യോതികൃഷ്ണൻ, കെ.ലീല(എസ്‌വിഎസ്‌വി) എന്നിവർ പ്രസംഗിച്ചു. കെ.നിസാം സ്വാഗതവും കെ.മഹേഷ് നന്ദിയും പറഞ്ഞു. ■

# മോദിയുടെ ഇതിഹാസ വചനങ്ങൾ

**അടിസ്ഥാനരഹിതമായ അവകാശവാദങ്ങൾ പലപ്പോഴും പരിഹാസവും അവജ്ഞയും മാത്രമേ ഉണർത്താറുള്ളൂ. എന്നാൽ, യുക്തിയുടേയും സാമാന്യബുദ്ധിയുടേയും സകലസീമകളും ലംഘിക്കുന്നവയാണെങ്കിലും ചിലപ്പോഴൊക്കെ അവയുടെ ദ്രോഹകരമായ ലക്ഷ്യങ്ങളെക്കുറിച്ച് നമ്മൾ ഉൽക്കണ്ഠാകുലരാകേണ്ടിവരും. പ്രത്യേകിച്ചും, പ്രധാനമന്ത്രിയെപ്പോലെ ഉന്നതസ്ഥാനീയനായ ഒരാൾ ഇത്തരം വാദങ്ങൾ ഉയർത്തുമ്പോൾ.**

ഇക്കഴിഞ്ഞ ഒക്ടോബർ 24-ന് മുംബൈയിലെ സർ എച്ച്.എൻ.റിലയൻസ് ഫൗണ്ടേഷൻ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ ഉദ്ഘാടനവേദിയിലാണ് പ്രധാനമന്ത്രി നരേന്ദ്രമോദി മഹാഭാരതകാലഘട്ടത്തിൽത്തന്നെ രാജ്യത്ത് ജനിതകശാസ്ത്രമുൾപ്പടെയുള്ളവ പ്രചാരത്തിലുണ്ടായിരുന്നുവെന്ന് അവകാശപ്പെട്ടത്. പ്ലാസ്റ്റിക് സർജറിയും, മൂലകോശ (സ്റ്റെം സെൽ) ചികിത്സാരീതിയും പോലും ഉപയോഗിച്ചിരുന്ന ശസ്ത്രക്രിയാവിദഗ്ധർ ആ കാലത്ത് ഇവിടെ ഉണ്ടായിരുന്നത്രേ! തന്റെ വാദത്തിനു ബലം പകരാൻ പുരാണ കഥാപാത്രമായ കർണ്ണനെയാണ് മോദി ഉദാഹരണമായെടുത്തത്. അവിവാഹിതയായ കുന്തി , തന്റെ ഗർഭപാത്രത്തിനു പുറത്ത് ജന്മം നൽകിയ മകനാണത്രേ കർണ്ണൻ. പുരാണങ്ങളനുസരിച്ച്, സൂര്യദേവൻ കുന്തിയിൽ തനിക്ക് പുത്രൻ പിറക്കണമെന്ന് ആഗ്രഹിക്കുകയും അദ്ദേഹത്തിന്റെ സ്പർശനം കൊണ്ടുമാത്രം കർണ്ണൻ ജനിക്കുകയും ചെയ്തത്രേ. പുരാതന ഇന്ത്യയിൽ ജനിതകശാസ്ത്രവും മൂലകോശഗവേഷണവുമൊക്കെ നിലനിന്നിരുന്നതിനു തെളിവാണിതെന്ന് മോദി അവകാശപ്പെടുന്നു. തീർന്നില്ല, മനുഷ്യന്റെ ഉടലിൽ ആനയുടെ തലയോടു കൂടിയ ഗണപതി (ഒരു ഹിന്ദു ദൈവം), പുരാതനകാലം മുതൽക്കേ പ്ലാസ്റ്റിക് സർജറി ഇവിടെ ചെയ്തിരുന്നുവെന്നതിന്റെ തെളിവാണ് എന്നത്രേ മോദിവാക്യം! ഇതുമായി ബന്ധപ്പെട്ട് ഗുജറാത്തിലെ ദിനനാഥ് ബത്രയെ നമുക്കു സ്മരിക്കാതിരിക്കാൻ കഴിയില്ല. അന്ന് മുഖ്യമന്ത്രിയായിരുന്ന മോദിയുടെ ആശീർവാദത്തോടെ, ഗുജറാത്തിലെ സ്കൂൾ പാഠപുസ്തകങ്ങളിൽ, മഹാഭാരതകാലഘട്ടത്തിൽ ഇന്ത്യയിൽ മൂലകോശഗവേഷണമുണ്ടായിരുന്നു; ടെലിവിഷൻ അന്നത്തെ കണ്ടുപിടിത്തമായിരുന്നു; വേദകാലത്ത് രാജ്യത്ത് കാറുകളുണ്ടായിരുന്നു, എന്നൊക്കെ എഴുതിപ്പിടിപ്പിച്ച ആളാണ് ബത്ര. മോദിയുടെ ഇത്തരം ദാസന്മാർ വല്ല കഥകളുമെഴുതി കഴിവു തെളിയിക്കുന്നതല്ലേ നല്ലത്?

പുരാണകഥകളും ചരിത്രവും തമ്മിലോ, മിത്തുകളും ശാസ്ത്രവും തമ്മിലോ ഉള്ള വ്യത്യാസം തിരിച്ചറിയാൻ കഴിയാത്തവിധത്തിലുള്ള, അങ്ങേയറ്റത്തെ യുക്തിരാഹിത്യവും സാമാന്യബോധത്തിന്റെ അഭാവവുമാണ് മോദിയുടെ ഇത്തരം നിരീക്ഷണങ്ങളിൽ നമുക്കു കാണാൻ കഴിയുന്നത്. നമുക്കറിയാം, മിത്തുകളെന്നത് മനുഷ്യഭാവനയുടെ സൃഷ്ടിയാണ് – ആരാധിക്കപ്പെടുന്ന ശ്രേഷ്ഠജീവിതങ്ങൾക്ക് അതിമാനുഷികവും പ്രകൃത്യാതീതവുമായ ഗുണങ്ങൾ ചാർത്തിയ ഒരു സങ്കല്പലോകത്തെ സൃഷ്ടിക്കുകയാണ് അവ ചെയ്യുന്നത്.. ഇത്തരം സങ്കല്പങ്ങൾ, അവയുടെ പുതുമയും പ്രത്യേകതകളും – യഥാർത്ഥ ജീവിതത്തിൽ മനുഷ്യനു സാധിക്കാവുന്നതിനുമപ്പുറമുള്ള കാര്യങ്ങൾ, ജനങ്ങളുടെ ഭാവനയെ ആകർഷിച്ചു കീഴടക്കുന്നവയാണെന്നത് അംഗീകരിച്ചേ പറ്റൂ.

എന്നാൽ മറുവശത്ത് ചരിത്രമെന്നത് വസ്തുതകളുടെ ആലേഖനമാണ്. യഥാർത്ഥ സംഭവങ്ങളുടെ നാൾവഴി. അപ്പോൾ സ്വാഭാവികമായി ഉയരുന്ന ചോദ്യമെന്താണ്? ഇതിഹാസകഥാപാത്രങ്ങളെ, അവ എഴുതപ്പെട്ട കാലഘട്ടത്തിൽ യഥാർത്ഥത്തിൽ നിലനിന്നവരായി ഉയർത്തിക്കാട്ടുവാനും, പ്രാചീന ഭാരതത്തിലെ മനുഷ്യവിജ്ഞാനം അതിവികസിതമായിരുന്നുവെന്ന് തെളിയിക്കുവാനുമൊക്കെയുള്ള പരിശ്രമം വിഡ്ഢിത്തമല്ലേ? അതുപോലെ, മൂലകോശപരീക്ഷണങ്ങളും പ്ലാസ്റ്റിക് സർജറിയുമൊക്കെപ്പോലെ ആധുനികശാസ്ത്രത്തിന്റെ അതിസങ്കീർണ്ണമായ കണ്ടുപിടിത്തങ്ങൾക്കുള്ള അംഗീകാരം, ചില മിത്തുകൾ അവകാശപ്പെടുന്നത് എന്തൊരു വിരോധാഭാസമാണ്. പ്രാചീനഭാരതത്തിലെ ശസ്ത്രക്രിയാവൈദഗ്ധ്യത്തിന്റെ തെളിവാണ് ദുർഗ്ഗാദേവിയെപ്പോലെ പത്തു കൈകളും രാവണനെപ്പോലെ പത്തു തലകളുമുള്ളവർ എന്നും കൂടി മോദി പറയാത്തത് ഭാഗ്യം! ഒരു പക്ഷേ അദ്ദേഹം പറയുമായിരിക്കും, പുരാതനഭാരതത്തിൽ ഹനുമാനെപ്പോലെ കുറച്ചാളുകൾക്ക് വാലുകളുണ്ടായിരുന്നു, അവർക്ക് ഹിമാലയം ഒറ്റക്കൈയിലെടുക്കുവാനും ഒറ്റച്ചാട്ടത്തിന് പാക് കടലിടുക്കു കടന്ന് ശ്രീലങ്കയിലെത്തുവാനുമുള്ള ഭയങ്കരശക്തിയുണ്ടായിരുന്നു എന്നൊക്കെ. ആ കാലത്ത് നമ്മൾ കായികരംഗത്ത് എന്തുമാത്രം വളർച്ച നേടിയിരുന്നു, പ്രത്യേകിച്ച് ഭാരോദ്വഹനത്തിലും ഹൈജമ്പിലുമൊക്കെ എന്തു നിലവാരം പുലർത്തിയിരുന്നു എന്നതിന്റെയൊക്കെ തെളിവാണതെന്നും അദ്ദേഹം സമർത്ഥിക്കുമായിരിക്കും! ഇത്തരം വീരവാദങ്ങൾ മുഴക്കുന്നയാൾ, ഇതിനൊക്കെയുള്ള വസ്തുതാപരമായ തെളിവുകൾ കൂടി കാട്ടിത്തരേണ്ടതാണ്. ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പ് ഇത്തരം ശാസ്ത്രീയമുന്നേറ്റങ്ങൾ നേടിയെടുക്കാനുള്ള വസ്തുനിഷ്ഠസാഹചര്യം ഇന്ത്യയിലുണ്ടായിരുന്നോ? അങ്ങനെയുണ്ടായിരുന്നുവെങ്കിൽ എന്തുകൊണ്ടത് നഷ്ടപ്പെട്ടു? ആരാണ് അവയെല്ലാം കൊണ്ടുപോയത്? എന്തുകൊണ്ട് വീണ്ടുമവയെല്ലാം പുതുതായി കണ്ടുപിടിക്കേണ്ടിവന്നു? അവ അത്രക്കു പ്രചാരത്തിലുണ്ടായിരുന്നുവെങ്കിൽ എന്തുകൊണ്ട് ശാസ്ത്രമുന്നേറ്റത്തിന്റെ ചരിത്രത്തിലൊരിടത്തും അവയൊന്നും രേഖപ്പെടുത്താതെ പോയി?

ഇവിടെ, ഇന്ത്യൻ ഭരണഘടനയിലെ ബന്ധപ്പെട്ട ഒരു വകുപ്പ് ചൂണ്ടിക്കാട്ടേണ്ടതുണ്ട്. ഭരണഘടനയുടെ അനുച്ഛേദം 51 A(h) പ്രകാരം, ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കുക എന്നത് ഓരോ പൗരന്റെയും മൗലികകടമയാണ്. ഈ കാലത്ത് ഒരു പൗരനിൽ നിന്നും പ്രതീക്ഷിക്കുന്നത്, ആധുനിക കാലത്തെ തന്റെ ജീവൽപ്രശ്നങ്ങളെ നേരിടുന്നതിന് പഴഞ്ചൻ വിശ്വാസങ്ങളും, യുക്തിരഹിത ചിന്തയും, അന്ധവിശ്വാസങ്ങളും തള്ളിക്കളഞ്ഞ്, പകരം സത്യം കണ്ടുപിടിക്കാൻ ശാസ്ത്രത്തെ ഉപയോഗിക്കുകയെന്നതാണ്. ഈ പശ്ചാത്തലത്തിൽ, നമ്മുടെ പ്രധാനമന്ത്രിയുടെ അബദ്ധജടിലവും അടിസ്ഥാനരഹിതവുമായ അവകാശവാദങ്ങൾ ഭരണഘടനാതത്വങ്ങൾക്കു പോലും വിരുദ്ധമല്ലേ?

മോദിക്ക് ചൊവ്വയിലേക്ക് ഉപഗ്രഹങ്ങൾ അയക്കുകയും, ഡിജിറ്റൽ ഇന്ത്യയെ സൃഷ്ടിക്കുകയും വേണം. അദ്ദേഹം സ്മാർട്ട് ഫോണും ആപ്ലിക്കേഷനുകളും അവതരിപ്പിക്കുന്നു, ബുള്ളറ്റ് ട്രെയിൻ പോലുള്ള ശാസ്ത്രസാങ്കേതികവിദ്യകളെ ഇരുകൈയും നീട്ടി സ്വീകരിക്കുന്നു. സാങ്കേതികവിദ്യാമുന്നേറ്റങ്ങളെ അഭിനന്ദിക്കുന്നു. അതേസമയം തന്നെ, തെളിയിക്കപ്പെടാത്ത പൗരാണികമിത്തുകളിലുള്ള യുക്തിരഹിതവിശ്വാസത്തേയും അദ്ദേഹം പ്രോൽസാഹിപ്പിക്കുന്നു. മിത്തുകളിലും പുരാണങ്ങളിലും നിരവധി സാങ്കൽപ്പിക കഥാപാത്രങ്ങളും രൂപങ്ങളും സംഭവങ്ങളുമുണ്ട് എന്ന് മോദിയും കൂട്ടാളികളും മനസ്സിലാക്കണം. അവയെല്ലാം സാങ്കൽപ്പികമാണ്. രഥങ്ങൾക്ക് വളരെ വേഗത്തിൽ സഞ്ചരിക്കാനാകുമെന്ന് അന്നത്തെ മനുഷ്യർക്കറിയാമായിരുന്നു. കൂടാതെ, ചിറകുള്ള പക്ഷികൾക്ക് പറക്കാൻ കഴിയുന്നതും അവർ കണ്ടു. അപ്പോൾ രഥങ്ങൾക്കും കുതിരകൾക്കും ചിറകുകൾ ഉണ്ടായിരുന്നെങ്കിൽ അവയ്ക്കും പറക്കാൻ സാധിക്കുമെന്ന് അവർ സങ്കൽപ്പിച്ചു. അതുപോലെ തന്നെ, മനുഷ്യൻ കൈകൾ കൊണ്ടാണ് എല്ലാ ജോലികളും ചെയ്യുന്നതെന്ന് അവർ കണ്ടറിഞ്ഞിട്ടുണ്ട്. അപ്പോൾ മനുഷ്യരേക്കാൾ ഉന്നതരായി കണക്കാക്കപ്പെടുന്ന ദേവന്മാർക്കും ദേവതകൾക്കും പത്തു കൈകളുണ്ടാകണമെന്ന് അവർ സങ്കൽപ്പിച്ചു. ആ കാലത്തെ ഭൗതിക സാഹചര്യങ്ങൾ അനുവദിക്കുന്ന അതിരുകൾക്കുള്ളിൽ നിന്ന് അക്കാലത്തെ മനുഷ്യർ ചിന്തിച്ചെടുത്ത ഭാവനകളാണിതെല്ലാം. ഇതു മനസ്സിലാക്കാൻ ഒരുപാടു ബുദ്ധിയൊന്നും ആവശ്യമില്ല.

മോദിക്ക് ഇതൊന്നും അറിയില്ല എന്നു നമ്മൾ കരുതരുത്. തെറ്റായ ധാരണകളും ആശയക്കുഴപ്പവും പരത്തുവാനും പിന്നോക്കാവസ്ഥയും മിത്തുകളിലുള്ള അന്ധവിശ്വാസവും വളർത്തുവാനുമൊക്കെയായി ബോധപൂർവം തന്നെയാണ് അദ്ദേഹം ഈ വിവരക്കേടുകൾ പറയുന്നത്. അതിലൂടെ ജനത്തിന്റെ കണ്ണുകൾ മൂടിക്കെട്ടി, യഥാർത്ഥ അറിവും ശാസ്ത്രീയവീക്ഷണവും അവർക്കു നിഷേധിക്കുകയെന്നതാണ് അദ്ദേഹത്തിന്റെ ഉദ്ദേശം. സത്യം ജനങ്ങൾക്ക് അപ്രാപ്യമാകും. യുക്തിരഹിതമായ അന്ധവിശ്വാസവും, മുൻവിധികളും മുരടിച്ച പിന്തിരിപ്പൻ ചിന്തകളും ഉത്തേജിപ്പിച്ച്, അതിന്റെ മറവിൽ മോദിക്കും അദ്ദേഹത്തിന്റെ ബിജെപി ആർഎസ്എസ് സംഘത്തിനും തങ്ങളുടെ ഗൂഢപദ്ധതികൾ നടപ്പാക്കാനും, കൂടുതൽ ആവേശത്തോടെ ഭരണം തുടരാനും സാധിക്കും. വ്യക്തമായ ഗൂഢലക്ഷ്യങ്ങൾ തന്നെയാണ് ഇത്തരം അസംബന്ധങ്ങൾ പുറത്തുവിടുന്നതിനു പിന്നിൽ.

ബൗദ്ധികപ്രവൃത്തികളെ പിന്തിരിപ്പനാക്കുന്നതും യുക്തിഹീനത വളർത്തുന്നതും അന്ധവിശ്വാസവും ഭ്രമാത്മക ചിന്തകളും ജനങ്ങളിൽ ഉറപ്പിക്കുന്നതുമെല്ലാം തന്നെ, മദ്ധ്യകാലങ്ങളിലെ അന്ധകാരം മനസ്സുകളിൽ നിറച്ച് ഫാസിസം നടപ്പാക്കാനുള്ള ഹീനപദ്ധതിയുടെ ഭാഗം തന്നെയാണ്. ശാസ്ത്രീയചിന്തയും, യുക്തിസഹമായ വീക്ഷണഗതിയും ഉയർത്തിപ്പിടിക്കുന്നതിലൂടെ മാത്രമേ ഫാസിസ്റ്റു ശക്തികളുടെ ഈ ഹീനപദ്ധതിയെ നമുക്കു ചെറുത്തു തോൽപ്പിക്കുവാൻ കഴിയൂ. അന്തിമവിജയം തിന്മക്കായിരിക്കില്ല എന്നത് മോദിക്ക് ഒരുപക്ഷേ അറിയില്ലായിരിക്കാം. അദ്ദേഹമത് രാമായണത്തിലും മഹാഭാരതത്തിലും നിന്നു തന്നെ പഠിക്കട്ടെ. ■

# ജനഹിതത്തിനെതിരായി മദ്യനയത്തിൽ കോടതി ഇടപെടരുത്

**ലഹരിവിരുദ്ധ സംഗമം**

ഭരണഘടനാനുസൃതവും ജനനന്മയ്ക്കുതകുന്നതുമായ മദ്യനയത്തെ കോടതി അട്ടിമറിക്കരുത്, പ്രഖ്യാപിത മദ്യനയത്തിൽ നിന്നും സർക്കാർ പിന്നോട്ട് പോകരുത്. എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് മദ്യവിരുദ്ധ ജനകീയ സമര സമിതി കോട്ടയം ജില്ലാക്കമ്മിറ്റി ലഹരി വിരുദ്ധ സംഗമം സംഘടിപ്പിച്ചു. ഗാന്ധിസ്ക്വയറിൽ നടന്ന യോഗം മദ്യനിരോധന സമിതി ജില്ലാ പ്രസിഡന്റ് പ്രൊഫ: സി. മാമച്ചൻ ഉദ്ഘാടനം ചെയ്തു.

അടച്ചു പൂട്ടിയ 312 ബാറുകൾ ഡിസംബർ 12 വരെ തുറന്ന് പ്രവർത്തിക്കുവാൻ ഡിവിഷൻ ബഞ്ച് നൽകിയ അനുമതി, കോടതികൾ ജനവിരുദ്ധമായി ചിന്തിക്കുന്നു എന്നതിന്റെ അവസാനത്തെ ഉദാഹരണമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മദ്യനയം രൂപീകരിക്കുവാനും നടപ്പിലാക്കുവാനും ഭരണഘടനാനുസൃതമായി അധികാരമുള്ള സർക്കാരിന്റെ അവകാശങ്ങളെ ഇല്ലാതാക്കുവാൻ കോടതി ശ്രമിക്കുന്നത് ജനാധിപത്യപരമല്ല അദ്ദേഹം കൂട്ടിച്ചേർത്തു. മദ്യവിരുദ്ധ ജനകീയ സമര സമിതി ജില്ലാ പ്രസിഡന്റ് പി.കെ. കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന കൺവീനർ മിനി കെ. ഫിലിപ്പ് മുഖ്യ പ്രസംഗം നടത്തി.

മദ്യനിരോധന സമിതി ജില്ലാ സെക്രട്ടറി പി.പി. മാധവ കൈമൾ, അയ്യൻകാളി നയിച്ച കാർഷിക പണിമുടക്കത്തിന്റെ ശതാബ്ദി ആചരണക്കമ്മിറ്റി ജില്ലാ പ്രസിഡന്റ് നൗഷാദ് എസ്. മുഹമ്മദ്, ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റി സംസ്ഥാന സെക്രട്ടറി പ്രൊഫ: പി.എൻ. തങ്കച്ചൻ, എ.ഐ.എം.എസ്.എസ്. ജില്ലാ പ്രസിഡന്റ് കെ.എസ്. ശശികല, എൻ.എ.ബാബു തുടങ്ങിയവർ പ്രസംഗിച്ചു. മദ്യവിരുദ്ധ ജനകീയ സമര സമിതി ജില്ലാ സെക്രട്ടറി ഇ.വി. പ്രകാശ് സ്വാഗതം ആശംസിച്ചു.

യോഗാനന്തരം നടന്ന പ്രകടനത്തിന് വി.പി. കൊച്ചുമോൻ, കെ.എൻ.രാജൻ, എ.ജി. അജയകുമാർ, ആശാ രാജ്, കെ.എസ്.ചെല്ലമ്മ, എം.കെ. ഷഹസാദ്, മേധാ സുരേന്ദ്രനാഥ്, എം.വി. ചെറിയാൻ, ഷീജ മറീന, സുനിൽ കുമാർ തുടങ്ങിയവർ നേതൃത്വം നൽകി.

മദ്യവിരുദ്ധ ജനകീയ സമര സമിതി കൊല്ലം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൊല്ലം ടൗണിൽ പ്രതിഷേധ പ്രകടനവും യോഗവും നടന്നു. മദ്യവിരുദ്ധ ജനകീയ സമരസമിതി സംസ്ഥാന കൺവീനർ ഷൈല കെ. ജോൺ യോഗം ഉദ്ഘാടനം ചെയ്തു. ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ.ജെയിംസ്, മദ്യവിരുദ്ധ ജനകീയസമരസമിതി നേതാക്കളായ വൈ.റോബർട്ട്, ജി.ധ്രുവകുമാർ, ടിങ്കിൾ പ്രഭാകരൻ എന്നിവർ പ്രസംഗിച്ചു. ■



ലഹരിവിരുദ്ധ സംഗമം പ്രൊഫ: സി. മാമച്ചൻ ഉദ്ഘാടനം ചെയ്യുന്നു. മിനി.കെ.ഫിലിപ്പ്, പി.കെ.കൃഷ്ണൻ, പി.പി.മാധവ കൈമൾ, നൗഷാദ് എസ്.മുഹമ്മദ് തുടങ്ങിയവർ സമീപം



കൊല്ലത്ത് മദ്യവിരുദ്ധ ജനകീയ സമരസമിതി സംഘടിപ്പിച്ച പ്രതിഷേധം ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു

സൈദ്ധാന്തിക പാഠങ്ങൾ

# മതവും മാർക്സിസവും

**അത്യന്തം ഗൗരവത്തോടെയും തികഞ്ഞ യാഥാർത്ഥ്യബോധത്തോടെയുമാണ് മാർക്സിസം മതത്തിന്റെ സാമൂഹികാസ്തിത്വത്തെ വിശകലനം ചെയ്യുന്നത്. 'ഹെഗലിന്റെ നിയമദർശനത്തെപ്പറ്റിയുള്ള വിമർശനാത്മക പഠന'ത്തിന്റെ ആമുഖത്തിൽ മാർക്സ്, സാമൂഹികവും ചരിത്രപരവുമായ പരിപ്രേക്ഷ്യത്തിൽ മതത്തെ ആഴത്തിൽ വിലയിരുത്തുന്നുണ്ട്. ഒറ്റതിരിഞ്ഞ് വിമർശിക്കുന്ന വിധത്തിൽ നിലവിൽ പ്രചാരത്തിലുണ്ടായിരുന്ന പ്രവണത പ്രയോജന രഹിതമാണെന്നും മറിച്ച് നിസ്സഹായനായ മനുഷ്യന്റെ വിഭ്രാമക ലോകബോധമായ മതത്തിനെതിരെയുള്ള പോരാട്ടം അതിനെ പരിപാലിക്കുന്ന വസ്തുനിഷ്ഠ സാഹചര്യത്തിനെതിരെയുള്ള പോരാട്ടമായി തിരിച്ചുവിടുക എന്നതാണവശ്യം എന്നും മാർക്സ് സമർത്ഥിക്കുന്നു.**

ജർമ്മനിയെ സംബന്ധിച്ചിടത്തോളം മതത്തെപ്പറ്റിയുള്ള വിമർശനം അതിന്റെ മുഖ്യാംശത്തിൽ പൂർത്തീകരിക്കപ്പെട്ടുവെന്ന് പറയാം. എല്ലാ വിമർശനവും അവിടെ മതവിമർശനത്തിന്റെ പരിസരത്തുനിന്നാണല്ലോ ആരംഭിക്കുന്നത്.

അൾത്താരയ്ക്കും കുടുംബത്തിനുംവേണ്ടിയുള്ള സ്വർഗ്ഗീയ പ്രഘോഷണം അസാധുവാണെന്ന് സ്ഥാപിക്കപ്പെട്ടതോടെ ഈശ്വരനിന്ദ എന്ന തെറ്റിന്റെ നിലനിൽപ്പ് അപഹാസ്യമായിത്തീർന്നിരിക്കുന്നു. സ്വർഗ്ഗമെന്ന കാൽപ്പനിക യാഥാർത്ഥ്യത്തിൽ ഒരു അമാനുഷനെ തേടിപ്പോയ മനുഷ്യന് സ്വന്തം പ്രതിച്ഛായയല്ലാതെ മറ്റൊന്നും കണ്ടെത്താനായില്ലെന്നിരിക്കെ, തന്നെക്കുറിച്ചുള്ള ശരിയായ യാഥാർത്ഥ്യം തേടുന്നതും തേടേണ്ടതുമായ സ്ഥാനത്ത് സ്വന്തം പ്രതിരൂപത്തിലുള്ള ഒരു ദൈവത്തെ പ്രതിഷ്ഠിച്ചുകൊണ്ട് ഇനിയങ്ങോട്ട് സംതൃപ്തനായിരിക്കാനാവില്ല.

നാസ്തിക വിമർശനത്തിന്റെ അടിസ്ഥാനമിതാണ്: മനുഷ്യനാണ് മതത്തെ സൃഷ്ടിക്കുന്നത്, മതം മനുഷ്യനെ സൃഷ്ടിക്കുകയല്ല. ഇനിയും സ്വയം കണ്ടെത്താത്തവനോ കണ്ടെത്തിയിട്ട് വീണ്ടും നഷ്ടപ്പെട്ടവനോ ആയ മനുഷ്യന്റെ ആത്മബോധവും ആത്മാഭിമാനവുമാണ് മതം. പക്ഷേ, ലോകത്തിനുപുറത്ത് അധിവസിക്കുന്ന ഒരു അമൂർത്ത ജീവിയല്ല മനുഷ്യൻ. മാനവലോകമാണ്, ഭരണകൂടമാണ്, സമൂഹമാണ്, മനുഷ്യൻ. ഈ ഭരണകൂടം, ഈ സമൂഹം, തലകുത്തനെയുള്ള ലോകബോധമായ മതത്തെ സൃഷ്ടിക്കുന്നത് സ്വയം അത് തലകുത്തിനിറുത്തപ്പെട്ട ഒരു ലോകമായതുകൊണ്ടാണ്. മതം ഈ ലോകത്തിന്റെ പൊതുസിദ്ധാന്തമാണ്, അത് അതിന്റെ സർവ്വവിജ്ഞാനകോശതുല്യമായ സംഗ്രഹമാണ്, ജനസമ്മതമായ അതിന്റെ യുക്തിയാണ്, അതിന്റെ ആത്മീയാഭിമാന സ്തംഭമാണ്, അതിന്റെ പ്രസരിപ്പാണ്, അതിന്റെ ധാർമ്മിക വഴക്കമാണ്, അതിന്റെ പാവനമായ പൂരകമാണ്, ആശ്വാസത്തിനും ന്യായീകരണത്തിനുമുള്ള അതിന്റെ സാർവ്വത്രികമായ ഉറവിടമാണ്. മാനവ സത്തയുടെ അയഥാർത്ഥവും ഭ്രമാത്മകവുമായ ഒരു സാക്ഷാത്കാരമാണത്. കാരണം, മാനവസത്തയ്ക്ക് ശരിയായ യഥാർത്ഥത ഇല്ലല്ലൊ. അതുകൊണ്ട് മതത്തിനെതിരായ പോരാട്ടമെന്നത് മതമെന്ന ആത്മീയ പരിമളത്തോടുകൂടിയ ആ ലോകത്തിനുകൂടി എതിരായുള്ള പരോക്ഷമായ ഒരു പോരാട്ടമാണ്.

മതപരമായ ആകുലത എന്നത് ഒരേ സമയം യഥാർത്ഥ ആകുലതകളുടെ ഒരു ബഹിർസ്ഫുരണവും യഥാർത്ഥ ആകുലതകൾക്കെതിരായ പ്രതിഷേധവുമാണ്. മതം മർദ്ദിത ജീവിയുടെ നെടുവീർപ്പാണ്. ഹൃദയശൂന്യമായ ലോകത്തിന്റെ ഹൃദയമാണത്. അതുപോലെതന്നെ ഉന്മേഷ രഹിതമായ സാഹചര്യങ്ങളിലെ ലഹരിയുമാണത്. ജനങ്ങളുടെ മയക്കുമരുന്നാണത്.

മതത്തെ ജനങ്ങളുടെ ഭാവനയിൽ മാത്രമായുള്ള സന്തുഷ്ടി എന്ന നിലയിൽ ഉന്മൂലനം ചെയ്യുക എന്നുപറഞ്ഞാൽ ജനങ്ങളുടെ യഥാർത്ഥ സന്തുഷ്ടിക്കുവേണ്ടിയുള്ള അവകാശം ഉയർത്തുക എന്നാണർത്ഥം. നിലവിലുള്ള സ്ഥിതിഗതികളെ സംബന്ധിച്ച വ്യാമോഹം ഉപേക്ഷിക്കാൻ ആവശ്യപ്പെടുക എന്നുപറഞ്ഞാൽ വ്യാമോഹങ്ങൾ ആവശ്യമായ തരം സ്ഥിതിഗതികൾ ഉപേക്ഷിക്കാൻ ആവശ്യപ്പെടുക എന്നാണർത്ഥം. അതിനാൽ മതവിമർശനമെന്നത് മതത്തിന്റെ പ്രഭാവലയം ചാർത്തിയ ആ കണ്ണുനീർത്താഴ്‌വരയെപ്പറ്റിയുള്ള വിമർശനത്തിന്റെ ബീജരൂപമാണ്.

വിമർശനം മനുഷ്യന്റെ കാൽച്ചങ്ങലയിൽ നിന്ന് അതിലുണ്ടായിരുന്ന ഭാവനാകുസുമങ്ങൾ പറിച്ചെറിഞ്ഞത് അവൻ അലങ്കാരങ്ങളില്ലാത്ത വെറുംചങ്ങല അണിഞ്ഞുകൊള്ളട്ടെയെന്നുകരുതിയല്ല, മറിച്ച്, അവൻ ആ ചങ്ങല പൊട്ടിച്ചെറിഞ്ഞ് യഥാർത്ഥ പുഷ്പങ്ങൾ ശേഖരിച്ചുകൊള്ളട്ടെയെന്നുകരുതിയാണ്. മതവിമർശനം മനുഷ്യന്റെ വ്യാമോഹങ്ങൾ തകർക്കുന്നത് വ്യാമോഹ വിമുക്തനും യുക്തിബോധം കൈവന്നവനുമായ ഒരുവനെപ്പോലെ ചിന്തിക്കുകയും പ്രവർത്തിക്കുകയും സ്വന്തം യാഥാർത്ഥ്യം കരുപ്പിടിപ്പിക്കുകയും ചെയ്യാൻ അവനെ പ്രേരിപ്പിക്കുന്നതിനുവേണ്ടിയാണ്. അപ്പോൾ അവന് തനിക്കുചുറ്റും തന്നെ, തന്റെ യഥാർത്ഥ സൂര്യനുചുറ്റുംതന്നെ കറങ്ങിക്കൊണ്ടിരിക്കാൻ കഴിയും. മനുഷ്യൻ അവനെത്തന്നെ കേന്ദ്രമാക്കി കറങ്ങാത്തിടത്തോളം അവനുചുറ്റും കറങ്ങുന്ന ഭാവനാസൂര്യൻ മാത്രമാണ് മതം.

അതിനാൽ, സത്യത്തിന് അപ്പുറത്തുള്ള സാങ്കൽപ്പിക ലോകം അപ്രത്യക്ഷമായിക്കഴിഞ്ഞാൽ, പിന്നെ ഈ ലോകത്തിന്റെ സത്യം സ്ഥാപിക്കുയെന്നതാണ് ചരിത്രത്തിന്റെ കർത്തവ്യം. മനുഷ്യൻ സ്വയം നടത്തുന്ന അന്യവൽക്കരണത്തിന്റെ വിശുദ്ധമായ ആ ആവരണം നീക്കം ചെയ്യപ്പെട്ടുകഴിഞ്ഞാൽ പിന്നെ അവന്റെതന്നെ അന്യവൽക്കരണത്തിന്റെ അവിശുദ്ധ രൂപങ്ങളുടെയും മറനീക്കുകയെന്നതാണ് ചരിത്ര സേവനാർത്ഥം നിലകൊള്ളുന്ന തത്ത്വശാസ്ത്രത്തിന്റെ അടിയന്തിര കടമ. **അങ്ങനെ സ്വർഗ്ഗത്തെപ്പറ്റിയുള്ള വിമർശനം, ഭൂമിയെപ്പറ്റിയുള്ള വിമർശനമായി പരിവർത്തനപ്പെടുന്നു. മതത്തെപ്പറ്റിയുള്ള വിമർശനം ഭൂമിയിലെ നിയമത്തെപ്പറ്റിയുള്ള വിമർശനമായി മാറുന്നു. ദൈവശാസ്ത്രത്തെപ്പറ്റിയുള്ള വിമർശനമാകട്ടെ, രാഷ്ട്രീയത്തെപ്പറ്റിയുള്ള വിമർശനമായും പരിണമിക്കുന്നു.....**

വിമർശനമെന്ന ആയുധത്തിന് ആയുധംകൊണ്ടുള്ള വിമർശനത്തിന്റെ സ്ഥാനമേറ്റെടുക്കാൻ കഴിയില്ലല്ലോ. ഭൗതികശക്തിയെ ഭൗതികശക്തികൊണ്ടുതന്നെ തൂത്തെറിയേണ്ടിവരും. എന്നാൽ, ബഹുജനങ്ങളുടെ മനസ്സിൽ ഗാഢമായി പതിഞ്ഞുകഴിഞ്ഞാൽ സിദ്ധാന്തവും ഒരു ഭൗതികശക്തിയായി മാറും. ജനങ്ങൾക്ക് ബോധ്യപ്പെട്ടാൽ അത് അവരുടെ മനസ്സുകളിൽ പതിയും. മൗലികമായാൽ അത് ആളുകൾക്ക് ബോധ്യപ്പെടുകയും ചെയ്യും. മൗലികമാവുകയെന്നു പറഞ്ഞാൽ കാര്യത്തിന്റെ മൂലം മനസ്സിലാവുകയെന്നാണർത്ഥം. പക്ഷേ, മനുഷ്യനെ സംബന്ധിച്ചിടത്തോളം മൂലം മനുഷ്യൻതന്നെയാണല്ലോ. ജർമ്മൻ സിദ്ധാന്തം മതത്തെ ശക്തിയുക്തം ക്രിയാത്മകമായി ഉന്മൂലനം ചെയ്തുകൊണ്ടാണ് മുന്നോട്ടുനീങ്ങുന്നതെന്നതാണ് അതിന്റെ മൗലികതയ്ക്കും, അങ്ങനെ, അതിന്റെ പ്രായോഗിക ഓജസ്സിനുമുള്ള സ്പഷ്ടമായ തെളിവ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഏറ്റവും ഉയർന്ന ജീവി മനുഷ്യൻതന്നെയാണെന്ന് പഠിപ്പിക്കപ്പെടുന്നതോടെ, അങ്ങനെ, മനുഷ്യന്റെ വില ഇടിക്കുന്നതും അവനെ അടിമയാക്കുന്നതും നിസ്സാരനാക്കുന്നതും നിന്ദ്യനാക്കുന്നതുമായ സർവ്വബന്ധങ്ങളും പിഴുതെറിയുന്നത് അനിവാര്യമാകുന്നതോടെ മതവിമർശനം അവസാനിക്കുന്നു. പട്ടികളുടെമേൽ നികുതി ചുമത്താൻ തുടങ്ങിയപ്പോൾ ഒരു ഫ്രഞ്ചുകാരൻ പരിഹാസപൂർവ്വം പറഞ്ഞ സംഗതിയോളം മനുഷ്യന്റെ ഈ ബന്ധങ്ങളുടെ ശോചനീയത വ്യക്തമാക്കാൻ പറ്റുന്ന മറ്റൊരു പ്രസ്താവനയുണ്ടോ എന്ന് സംശയമാണ്. അദ്ദേഹം പറഞ്ഞു: "പാവം പട്ടികൾ! നിങ്ങളെയും മനുഷ്യരെപ്പോലെയാക്കാൻ നോക്കുകയാണവർ."

**.....തത്ത്വചിന്ത അതിന്റെ ഭൗതിക ആയുധം തൊഴിലാളിവർഗ്ഗത്തിൽ കണ്ടെത്തുന്നു. തൊഴിലാളിവർഗ്ഗമാകട്ടെ അവരുടെ ആത്മീയായുധം തത്ത്വചിന്തയിൽ കണ്ടെത്തുന്നു. ജനങ്ങളാകുന്ന കന്നിമണ്ണിൽ ചിന്തയുടെ മിന്നൽപ്പിണർ ആഴത്തിൽപ്പതിക്കുമ്പോൾ അവർ വിമോചിതരായിത്തീരുന്നു, മനുഷ്യരായിത്തീരുന്നു... തൊഴിലാളിവർഗ്ഗത്തിന് മറ്റെല്ലാ വർഗ്ഗങ്ങളിൽനിന്നും തങ്ങളെ വേർപെടുത്തിക്കൊണ്ടും വിമുക്തരാക്കിക്കൊണ്ടും അതിലൂടെ സ്വയം വിമോചിതരായിക്കൊണ്ടുമല്ലാതെ സ്വാതന്ത്ര്യം പ്രാപിക്കാനാവുകയില്ല.**

(*കാറൽ മാർക്സ്*, 'ഹെഗലിന്റെ നിയമദർശനത്തെപ്പറ്റിയുള്ള നിരൂപണത്തിന് ഒരു സംഭാവന'–1843 അവസാനത്തിനും 1844 ജനുവരിക്കുമിടയ്ക്ക് എഴുതിയത്.) ■

## ബാംഗ്ലൂരിൽ വിദ്യാഭ്യാസ ശിൽപ്പശാല

പ്രമുഖ ചരിത്രകാരന്മാർ, മാദ്ധ്യമപ്രവർത്തകർ, ശാസ്ത്രജ്ഞർ, വിദ്യാഭ്യാസ വിചക്ഷണർ, അദ്ധ്യാപകർ തുടങ്ങിയവരെയൊക്കെ പങ്കെടുപ്പിച്ചുകൊണ്ട് സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെ കർണ്ണാടക ഘടകം നവംബർ 16 ന് ബാംഗ്ലൂരിൽ ഒരു ഏകദിന വിദ്യാഭ്യാസ ശിൽപ്പശാല സംഘടിപ്പിച്ചു. കർണാടകത്തിലെ സ്കൂൾപാഠപുസ്തകങ്ങളിൽ പ്രത്യക്ഷപ്പെട്ട വൈകൃതങ്ങളും വളച്ചൊടിക്കലുകളും വിശദമായി ചർച്ച ചെയ്ത ശിൽപ്പശാല അവ തിരുത്തണമെന്നാവശ്യപ്പെട്ട് വിദ്യാഭ്യാസ മന്ത്രിയെ സമീപിക്കാനും തീരുമാനിച്ചു. ആൾ പ്രൊമോഷൻ സമ്പ്രദായം പിൻവലിച്ച് ജയവും തോൽവിയുമുള്ള പരീക്ഷാ സമ്പ്രദായം പുനഃസ്ഥാപിക്കണമെന്നും ശിൽപ്പശാല സർക്കാരിനോടാവശ്യപ്പെട്ടു. വിദ്യാഭ്യാസരംഗത്തുണ്ടാകുന്ന ആക്രമണങ്ങളെക്കുറിച്ച് അക്കാദമിക് സമൂഹത്തെ ജാഗരൂകരാക്കുകയും ചരിത്രത്തോടും ശാസ്ത്രത്തോടും ശാസ്ത്രീയമായ സമീപനം വച്ചുപുലർത്തേണ്ടതിന്റെ ആവശ്യകത അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്ന കാര്യത്തിന്നാണ് ശിൽപ്പശാല ഊന്നൽ നൽകിയത്.

പ്രൊഫ. പി.വി.നാരായണ (പ്രമുഖ സാഹിത്യകാരൻ), പ്രൊഫ. മാരുലുസിദ്ധപ്പ(പ്രമുഖ എഴുത്തുകാരൻ, നാടക അക്കാദമി മുൻ ഡയറക്ടർ, പാഠപുസ്തക പുനഃരവലോകന കമ്മിറ്റിയംഗം), പ്രൊഫ.എസ്.ബാലചന്ദ്ര റാവു(ഗണിത ശാസ്ത്രജ്ഞൻ, ബസവാങ്കുടി നാഷണൽ കോളേജ് മുൻ പ്രിൻസിപ്പാൾ, ഭാരതീയ വിദ്യാഭവൻ ഗാന്ധിപഠനകേന്ദ്രം ഡയറക്ടർ), സനത് കുമാർ ബലഗളി (പ്രമുഖ മാദ്ധ്യമ പ്രവർത്തകൻ), പ്രൊഫ.അല്ലമപ്രഭു ബട്ടദൂർ (പ്രമുഖ സാഹിത്യകാരൻ, സേവ് എജ്യൂക്കേഷൻ കമ്മിറ്റി കർണ്ണാടക സംസ്ഥാന പ്രസിഡന്റ്), കെ.ഉമ (സംസ്ഥാന സെക്രട്ടറി, സേവ് എജ്യൂക്കേഷൻ കമ്മിറ്റി), ഡോ.ചന്ദ്രഗിരീഷ്, വി.എൻ.രാജശേഖർ (സംസ്ഥാന ജോ.സെക്രട്ടറിമാർ, സേവ് എജ്യൂക്കേഷൻ കമ്മിറ്റി) തുടങ്ങി പ്രമുഖർ ചർച്ചകളിൽ പങ്കെടുത്തു. പ്രൊഫസർമാരും അദ്ധ്യാപകരും പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികളും വിദ്യാഭ്യാസപ്രവർത്തകരും ഡോക്ടർമാരും എഞ്ചിനീയർമാരും ഉൾപ്പെടെ നൂറുകണക്കിനുപേർ ശിൽപ്പശാലയിൽ പങ്കെടുത്തു. ■

## വായ്പയെടുത്ത വിദ്യാർത്ഥികളും രക്ഷിതാക്കളും കുട്ടനാട് താലൂക്ക് ഓഫീസിലേക്ക് മാർച്ച് നടത്തി

വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുക, ഡോക്ടർ എസ്. ബലരാമൻ കമ്മറ്റി റിപ്പോർട്ട് നടപ്പിലാക്കുക, പലിശയിളവ് അനുവദിക്കാത്ത ബാങ്കുകൾക്കെതിരെ കർശന നടപടി കൈക്കൊള്ളുക, റവന്യൂറിക്കവറി നടപടികൾ അവസാനിപ്പിക്കുക. തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് വായ്പയെടുത്ത വിദ്യാർത്ഥികളും രക്ഷിതാക്കളും ഐഎൻപിഎയുടെ നേതൃത്വത്തിൽ കുട്ടനാട് താലൂക്ക് ഓഫീസിലേക്ക് മാർച്ച് നടത്തി. ഐഎൻപിഎ ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ അദ്ധ്യക്ഷത വഹിച്ച മാർച്ച് ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്. മിനി ഉദ്ഘാടനം ചെയ്തു. ലോണെടുത്തു പഠിക്കാൻ വിദ്യാർത്ഥികളെ നിർബന്ധിതരാക്കിക്കൊണ്ട് സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സ്ഥാപനവൽകരിച്ചത് സർക്കാരിന്റെ നയങ്ങളായതിനാൽ ഈ സ്ഥാപനങ്ങളിൽ പഠിച്ചിറങ്ങുന്നവർക്ക് മാന്യമായ ശമ്പളത്തിൽ ജോലി നൽകേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണെന്നും സർക്കാർ സർവീസിൽ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടന്നിട്ടും അവിടെ സ്ഥിരനിയമനം നടത്താതെ ഉദ്യോഗാർത്ഥികളെ തെരുവുതെണ്ടികളാക്കിയിട്ട് ബാങ്ക് വായ്പയുടെ പേരിൽ അവരുടെ കുടുംബങ്ങൾ ജപ്തിചെയ്യാൻ വന്നാൽ ഇന്നാട്ടിലെ മനുഷ്യസ്നേഹികൾ ഒറ്റക്കെട്ടായി ഈ ധിക്കാരത്തെ ചെറുക്കാൻ രംഗത്തുവരുമെന്നും എസ്. മിനി തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. ഐഎൻപിഎ ജില്ലാ സെക്രട്ടറി ശ്രീമതി കെ.ജെ ഷീല, അഡ്വ. എം.എ. ബിന്ദു, തോമസ് റോസ് ഭവൻ, സുധാകരൻ നീലംപേരൂർ, പി.ആർ. സതീശൻ, വിശ്വരാജ് നീരേറ്റുപുറം, കെ. ശിവൻകുട്ടി, വിജയകുമാരി കാവാലം എന്നിവർ പ്രസംഗിച്ചു. മങ്കൊമ്പ് തെക്കേക്കരയിൽനിന്നും ആരംഭിച്ച മാർച്ചിന് പ്രസന്ന കാവാലം, മൈനാ ഗോപിനാഥ്, റ്റി. ശശി, ബിജു സേവ്യർ, ജോയി വെളിയനാട്, സുമ, മോഹനൻ നാരകത്തറ എന്നിവർ നേതൃത്വം നൽകി. ■



ഐഎൻപിഎയുടെ നേതൃത്വത്തിൽ കുട്ടനാട് താലൂക്ക് ഓഫീസിലേക്ക് മാർച്ച് സംസ്ഥാന സെക്രട്ടറി എസ്.മിനി ഉദ്ഘാടനം ചെയ്യുന്നു

# സദാചാരപ്പോലീസും ചുംബനസ്വാതന്ത്ര്യത്തിന്റെ സമരാഭാസവും: ഫാസിസത്തെ അരാജകവാദംകൊണ്ട് ചെറുക്കാനാവില്ല

**കോഴിക്കോട് നഗരത്തിലെ ഒരു സ്വകാര്യഹോട്ടലിൽ സദാചാരവിരുദ്ധമായ ഇടപാടുകൾ നടക്കുന്നുവെന്ന മാധ്യമവാർത്തയെത്തുടർന്ന് കഴിഞ്ഞ ഒക്ടോബർ മാസത്തിൽ ബിജെപി പ്രവർത്തകർ പ്രസ്തുത ഹോട്ടൽ അടിച്ചുതകർക്കുകയുണ്ടായി. സദാചാരം സംരക്ഷിക്കാനെന്ന പേരിൽ അവർ നടത്തിയ ആക്രമണത്തോടുള്ള പ്രതിഷേധമെന്ന നിലയിൽ കൊച്ചി നഗരത്തിൽ പരസ്യചുംബനം നടത്തുമെന്ന് ചിലർ സോഷ്യൽ നെറ്റ് വർക്കുകളിലൂടെ തുടർന്ന് പ്രഖ്യാപിച്ചു. മാധ്യമങ്ങൾ ആഘോഷപൂർവ്വം ഈ പ്രഖ്യാപനത്തെ ഏറ്റെടുത്ത് ചുംബനസമരം എന്ന് പേരും നൽകി ഈ പരിപാടിയുടെ പ്രചാരകരായി മാറുന്നതാണ് പിന്നീട് നാം കണ്ടത്. 'സമരദിന'ത്തിൽ മാധ്യമങ്ങൾ സൃഷ്ടിച്ച ഉദ്വേഗഭരിതമായ അന്തരീക്ഷത്താൽ സ്വാധീനിക്കപ്പെട്ട് ഈ ആഘോഷം കണ്ടുകളയാമെന്ന് കരുതി കൂടിയ കുറെയധികം ജനങ്ങളും ഏതാനും ചുംബകന്മാരും കുറുവടികളും ആക്രോശങ്ങളുമായി അവരെ നേരിടാനായി എത്തിയ ബിജെപി - എസ്ഡിപിഐ പ്രവർത്തകരും വലിയ ഒരു പോലീസ് പടയും എല്ലാം ചേർന്ന് കൊച്ചിയെ ഒരു പടക്കളമാക്കി മാറ്റി. ആൾക്കൂട്ടത്തിന്റെ പേശീബലത്തിൽ സദാചാരം സംരക്ഷിക്കാനിറങ്ങിയ ഫാസിസ്റ്റ് കൂട്ടരും ഉമ്മവച്ച് ഇവരെ തോൽപ്പിക്കാനിറങ്ങിയ സ്വതന്ത്രവാദികളും അന്തിമവിശകലനത്തിൽ ഒരേ ജീർണ്ണതയുടെ രണ്ടുമുഖങ്ങളാണ്. ചുംബനസമരമെന്ന് പേരിട്ട പുകിലുകൾ അവസാനിക്കുന്നില്ല എന്നതാണ് പുതിയ വാർത്തകൾ വ്യക്തമാക്കുന്നത്.**

സദാചാരം ബലപ്രയോഗത്തിലൂടെ സ്ഥാപിക്കാനിറങ്ങിത്തിരിച്ചിട്ടുള്ളവരുടെ ലക്ഷ്യം ഉയർന്ന സദാചാര-ധാർമ്മിക മൂല്യങ്ങൾ സംരക്ഷിക്കലല്ല. വർഗ്ഗീയ കലാപത്തിന്നിടയിൽ സ്ത്രീകളെയും എന്തിന് ഗർഭിണികളെ പോലും വെട്ടിക്കൊല്ലുകയും ബലാൽസംഗം ചെയ്യുകയും ചെയ്യുന്ന ഇക്കൂട്ടർ കാണിക്കുന്ന സദാചാരത്തെ പ്രതിയുള്ള വേവലാതി ശുദ്ധ കാപട്യം മാത്രമാണ്. അറുപിന്തിരിപ്പനായ ആശയഗതികളാൽ നയിക്കപ്പെടുന്ന ഇക്കൂട്ടരുടെ തിട്ടൂരങ്ങൾ സമൂഹം കുഴിച്ചുമൂടിയ മൃതധാരണകളാണ്. ജാതിയും മതവും മാറി വിവാഹം കഴിയ്ക്കുന്നവരെ വെട്ടിക്കൊല്ലാനും പരസ്പരം സംസാരിച്ചുവെന്ന 'സദാചാരലംഘന'ത്തിന്റെ പേരിൽ ആണിന്റെയും പെണ്ണിയും തലതള്ളിപ്പൊളിക്കാനും നടക്കുന്ന പുതിയ സദാചാരപ്പോലീസുകാരുടെ സംസ്കാരശൂന്യമായ ചെയ്തികളെ സമൂഹം പാടെ നിരാകരിച്ചേമതിയാകൂ. സൂര്യൻ അസ്തമിച്ച് കഴിഞ്ഞ് സ്ത്രീകൾ വീടിനുവെളിയിൽ ഇറങ്ങിക്കൂടാ, അവരുടെ വേഷങ്ങൾ ആണുങ്ങളെ പ്രകോപിപ്പിക്കുന്നത് ആകരുത്, അടുക്കളയും സൂതികാഗേഹവുമാണവരുടെ സ്വാഭാവിക ഇടങ്ങൾ തുടങ്ങിയതും ഇക്കൂട്ടരുടെ കൽപ്പനകളാണ്. സ്ത്രീസ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന ആധുനിക ജനാധിപത്യധാരണകൾ തരിമ്പും അംഗീകരിക്കാത്ത നിലപാടിൽ ബിജെപിയെയും എസ്ഡിപിഐയെയും പോലുള്ളവർ യോജിക്കുന്നത് വളരെ സ്വഭാവികം മാത്രം. ഭാരതീയ ജനതാപാർട്ടിയുടെയും ശിവസേനയുടെയും മാത്രമല്ല, കോൺഗ്രസ്സിന്റെയും ഇസ്ലാമിസ്റ്റ് പാർട്ടികളുടെയും യുവാക്കൾ തോളോട് തോൾ ചേർന്നുവെന്നതാണ് ശ്രദ്ധിക്കപ്പെടേണ്ട സംഗതി. രണ്ടുകൂട്ടരും സ്ത്രീയെ വ്യക്തിത്വമുള്ള മനുഷ്യജീവിയായി ഈ നിമിഷം വരെയും കണ്ടിട്ടില്ല. അതിനാൽ ജനാധിപത്യമൂല്യങ്ങളുടെ കണികപോലും ഇവരിൽ എത്തിനോക്കിയിട്ടുകൂടിയില്ല. അതിനാൽ ജനാധിപത്യബോധമുള്ള മുഴുവൻ ജനങ്ങളും ഇവരെ ഒറ്റപ്പെടുത്താൻ ഒരുമിക്കേണ്ടതുണ്ട്.

### സ്ത്രീവിരുദ്ധ നിലപാടുകളെ ചെറുക്കേണ്ടതെങ്ങിനെ?

ഫാസിസ്റ്റുകളുടെ സദാചാരപ്പോലീസിംഗിനെ ചെറുക്കാനായി പ്രഖ്യാപിച്ച പരസ്യചുംബന പരിപാടിയെ എതിർത്തും അനുകൂലിച്ചും മാധ്യമങ്ങളിലൂടെ നിരവധി പ്രതികരണങ്ങൾ വരികയുണ്ടായി. സംഘപരിവാറിന്റെ രാഷ്ട്രീയനിലപാടുകളെ ജനപക്ഷത്തുനിന്നുകൊണ്ട് എതിർക്കുന്ന സുമനസ്സുകളായ വ്യക്തികൾ, ഫാസിസ്റ്റുകളുടെ സദാചാരഗുണ്ടായിസത്തെ ചോദ്യം ചെയ്തത് ഏറെ ആശ്വാസകരം തന്നെ. "വർദ്ധിച്ചുവരുന്ന അസഹിഷ്ണുത, പ്രകടവും അപകടകരവുമായ മാടമ്പിത്തരങ്ങൾ, പെട്ടെന്ന് വ്രണപ്പെടുന്ന വികാരത്തള്ളിച്ചകൊണ്ട് എതിരഭിപ്രായം പറയുന്നവരുടെമേൽ കുതിരകയറ്റം, പൊതുസംവാദത്തിൽ കയറിവരുന്ന ചട്ടമ്പിഭാഷ, എന്നിങ്ങനെ നാഗരികവും പരിഷ്കൃതവുമായ മുഖം അതിവേഗം നഷ്ടപ്പെടുന്ന ഒരു സമൂഹമായി മാറിക്കൊണ്ടിരിക്കുകയാണ് കേരളം." എന്ന ശ്രീ.എൻ.എസ്.മാധവന്റെയും "കാപട്യം മൊറാലിറ്റിയുടെ കൂടെ എന്നുമുണ്ടായിരുന്നു, മോറൽ പോലീസിന്റെ നടപടികളുടെ എണ്ണം പെരുകുവാനുള്ള സഹായവും പിന്തുണയും സാക്ഷാൽ പോലീസും സർക്കാരും നിരന്തരം എത്തിച്ചുകൊണ്ടിരിക്കുന്നു, മുഴുവൻ രാജ്യത്തെയും അവസ്ഥ വേറൊന്നല്ല" എന്ന ശ്രീ. ആനന്ദിന്റെയും നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. (മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 92, ലക്കം 37) ഫാസിസ്റ്റ് വിപത്ത് മുമ്പെന്നത്തെക്കാളും ഭീതിദമായ അളവിൽ രാജ്യത്തെ വേട്ടയാടുന്ന ഈ വേളയിൽ, അതിൽ ആശങ്കപ്പെടുന്ന സുബോധമുള്ള വ്യക്തികളുടെ സംഗതമായ സംഭീതകൾ പ്രസ്തുത പ്രതികരണങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. എന്നാൽ ഫാസിസ്റ്റുകളുടെ ഒരു നടപടിയെ ചെറുക്കാൻ സ്വീകരിക്കുന്ന മാർഗ്ഗം ഏറ്റവും യുക്തിസഹവും ചരിത്രത്തിന് നിരക്കുന്നതും ഉയർന്ന സദാചാര - നൈതിക മൂല്യങ്ങൾ പ്രകാശിപ്പിക്കുന്നതുമല്ലെങ്കിൽ, എത്ര ഉദ്ദേശശുദ്ധിയോടെയാണ് സ്വീകരിക്കുന്നതെങ്കിലും അത് അന്തിമമായി അവരെതന്നെ സഹായിക്കുന്ന ഒന്നായി മാറുമെന്ന കാര്യം നമുക്ക് വിസ്മരിക്കാനാവില്ല. മൃഗീയമായ ഫാസിസ്റ്റ് വിപത്തിനെ ചെറുക്കാൻ ദുസ്വാതന്ത്ര്യവാദംകൊണ്ടോ അരാജകവാദംകൊണ്ടോ സാധ്യമാവുകയില്ല. മറിച്ച്, ഇത്തരം ശക്തികൾക്ക് അത് കൂടുതൽ വളംവച്ച് കൊടുക്കുകയേയുള്ളൂ. 'ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത്' എന്ന ചൊല്ലുണ്ടല്ലോ.സംസ്ക്കാരത്തിന്റെയും മാനവികതയുടെയും നെഞ്ചത്ത് കഠാര കുത്തിയിറക്കുകയാണ് ഫാസിസം. കളരിക്ക് പുറത്തുചാടിക്കൊണ്ട് അതിനെ എങ്ങിനെ പ്രതിരോധിക്കും.

### ജനാധിപത്യജീവിതത്തിന്റെ സാംസ്കാരിക ശീലങ്ങൾ ആചരിക്കപ്പെടണം

എന്താണ് പരസ്യചുംബനത്തിന്റെ പ്രശ്നം? മാതൃ-പിതൃ വാൽസല്യത്തിന്റേയോ സഹോദര സ്നേഹത്തിന്റേയോ പ്രകാശനമെന്ന നിലയിലുള്ള ചുംബനമല്ല ഇവിടുത്തെ വിഷയം. ശ്രീ.എൻ.എസ്.മാധവൻ നമ്മെ വാൽസ്യായനന്റെ പതിനേഴാമത്തെ ചുംബനം -പ്രകടനാത്മക ചുംബനം- പരസ്യചുംബനമാണെന്ന് ഓർമ്മപ്പെടുത്തുന്നു. അതു നൽകുന്ന സൂചന ലൈംഗികതയുടെ പ്രകടനമെന്ന നിലക്കുള്ള ചുംബനത്തെക്കുറിച്ചാണ് ചർച്ച എന്നുതന്നെയാണ്. അപ്പോൾ വിഷയം ലൈംഗികതയുടെ പ്രകടനങ്ങൾ പൊതുസമൂഹത്തിൽ പ്രകടനങ്ങൾ എവിടെ വരെയാകാം എന്നതാണ്. പ്രണയബദ്ധരായ രണ്ട് പേരുടെ പരസ്യമായ ഇടപഴലുകൾ എവിടെവരെയാകാം? എന്തായാലും പരസ്യമായ ശാരീരികവേഴ്ച വരെയുമാകാമെന്ന് ചുംബനവാദികളും വാദിക്കില്ലെന്ന് നമുക്ക് പ്രതീക്ഷിക്കാം. (ചുംബനവാദിയായ ഒരു മഹിള അപ്രകാരം അഭിപ്രായപ്പെട്ടതായി കണ്ടെങ്കിലും ഈ ആഘോഷത്തെ അനുകൂലിച്ചവരിൽ ഭൂരിപക്ഷവും അങ്ങിനെ പറയില്ലെന്ന് കരുതാം.) പരസ്യമായ ഇടപഴകലിന് ഒരു പരിധി ഉണ്ടെന്നാണ് അത് വ്യക്തമാക്കുന്നത്. ആ പരിധി, ചുംബനവാദികൾ പറയുന്നതുപോലെ 'കപടസദാചാരവാദികൾ' ഏകപക്ഷീയമായി അടിച്ചേൽപ്പിച്ചതല്ല. വ്യക്തികളുടെ പ്രണയം, ലൈംഗികത തുടങ്ങിയ ഉന്നതമായ മനുഷ്യഭാവങ്ങളെ പാപമാണെന്നോ സദാചാരവിരുദ്ധമാണെന്നോ വിവേകമതികളായ ആരും കരുതുന്നുമില്ല. വസ്തുനിഷ്ഠ സാമൂഹ്യയാഥാർത്ഥ്യങ്ങളാണ് സദാചാരമൂല്യങ്ങൾ മാത്രമല്ല ധാർമ്മിക - നൈതിക -ജീവിത മൂല്യങ്ങളെല്ലാം സൃഷ്ടിക്കുന്നത്. മാനവരാശിയുടെ പ്രയാണത്തിൽ ഓരോ ചരിത്ര കാലഘട്ടവും അതിന് നിരക്കുന്ന മൂല്യങ്ങൾ സ്ഥാപിച്ചു. ഒരു നിശ്ചിത കാലഘട്ടത്തെ സദാചാര സങ്കൽപ്പങ്ങൾ മറ്റൊരു സാമൂഹ്യ വ്യവസ്ഥയിൽ സദാചാരവിരുദ്ധമായി മാറാം. സ്വജാതിക്കാരോ മേൽജാതിക്കാരോ ഇംഗിതം അറിയിച്ചാൽ വഴങ്ങാത്തവരെ സ്വഭാവഹീനകളായി കണക്കാക്കി വധിക്കുവാൻ ഉത്തരവിറങ്ങിയട്ടുള്ളത് ഫ്യൂഡൽകേരളത്തിന്റെ സദാചാരത്തെയാണ് വ്യക്തമാക്കുന്നത്. ആധുനികജനാധിപത്യത്തിന്റെ സദാചാരം ഇതിനു നേർവിപരീതമായ സദാചാരമൂല്യം സ്ഥാപിച്ചു.

അതാത് നാടിന്റെ സാംസ്കാരികസവിശേഷതകളും ജനാധിപത്യമൂല്യങ്ങളും സ്വാഭാവികമായി ലയിച്ചുചേർന്നാണ് പൊതുപെരുമാറ്റത്തിന്റെ സമ്പ്രദായങ്ങൾ വികസിച്ചുവന്നത്. സമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിനും മുന്നേറ്റത്തിനും സഹായകരമെന്ന് വിലയിരുത്തി നമ്മുടെ നാട് ആദരപൂർവ്വം ശീലിച്ചുവന്നിട്ടുള്ളതും പൊതുസമൂഹം അംഗീകരിക്കുന്നതുമായ സമ്പ്രദായങ്ങൾ അങ്ങിനെയാണ് നിലവിൽവന്നത്. അത്തരം സമ്പ്രദായങ്ങളെല്ലാം തള്ളിക്കളയേണ്ടവയാണ് എന്നൊരു സമീപനം ഉയർന്ന ഒരു സമൂഹസൃഷ്ടിക്കായി ഗൗരവപൂർവ്വം പ്രവർത്തിക്കുന്നവരെ സംബന്ധിച്ചിടത്തോളം സ്വീകാര്യമല്ല. എല്ലാ വേരും അറുത്തുകളഞ്ഞ് ഒരു അസ്തിത്വമുണ്ടോ? നാളുകളായി സമൂഹം ആചരിച്ചുപോരുന്നവയിൽ തള്ളേണ്ടവയും കൊള്ളേണ്ടവയും ഉണ്ട്. വർജ്ജിക്കേണ്ടവ വർജ്ജിക്കപ്പെടണം. അല്ലാത്തവ സ്വീകരിക്കപ്പെടണം. എങ്കിൽ മാത്രമേ നാം സൃഷ്ടിക്കുന്നവയ്ക്ക് സ്വഭാവിക തുടർച്ചയുണ്ടാകൂ. സാംസ്കാരികശീലങ്ങളുടെ ശരിതെറ്റുകൾ വിലയിരുത്തുന്നതിൽ മാനദണ്ഡമാകേണ്ടത് സമൂഹത്തെ പരിവർത്തപ്പെടുത്താനുള്ള വർത്തമാനകാലത്തെ കടമകളാകണം. സ്ത്രീ-പുരുഷ സമത്വ ധാരണയ്ക്ക് നിരക്കാത്തത് തള്ളിക്കളയണം. ജീവിതപങ്കാളിയെ സ്വതന്ത്രമായി തെരഞ്ഞെടുക്കാനും പരസ്പരാദരവിന്റെ അടിസ്ഥാനത്തിൽ ആശയങ്ങൾ പങ്കുവയ്ക്കാനും ഇടപഴകാനുമുള്ള അവകാശം അംഗീകരിക്കപ്പെടണം. സമൂഹനിർമ്മാണപ്രക്രിയയിൽ സ്ത്രീയ്ക്ക് ഒരു വിലക്കുമില്ലാതെ പ്രവർത്തിക്കുവാൻ അവസരം നൽകാത്ത സമീപനം തള്ളിക്കളയപ്പെടേണ്ടതാണ്. ആകെത്തുകയിൽ ആധുനികമായ ജനാധിപത്യജീവിതത്തിന്റെ വർത്തനത്തിന് ഇണങ്ങുന്ന സാംസ്കാരികശീലങ്ങൾ ആചരിക്കപ്പെടുകയാണ് വേണ്ടത്.

സ്ത്രീയുടെ വ്യക്തിത്വത്തെ അംഗീകരിച്ചുകൊണ്ടുള്ള പ്രണയത്തിന്റെ ഉൽകൃഷ്ടമായ ധാരണകളും നവോത്ഥാനത്തിന്റെ സംഭാവനയാണ്. പ്രണയത്തിന്റെ സൗന്ദര്യത്തിനും ഈട്വയ്പിനുമായി സന്തോഷത്തോടെ, സന്നദ്ധതയോടെ പാലിക്കുന്ന ഒന്നാണ് ചില വേളകളിലെ അതിന്റെ സ്വകാര്യത. മനോഹരമായ പ്രണയം തന്നെ രണ്ട് വ്യക്തികൾ മാത്രമുൾപ്പെട്ട സവിശേഷമായ ബന്ധമാണെന്നതിനാൽ അതിന്റെ വൈകാരികപ്രകാശനവും അവരുടെ മാത്രം സ്വകാര്യഅനുഭവങ്ങളാണ്. ചുംബനവും അടുത്തിടപഴകലും അതിൽ വ്യാപരിക്കുന്നവരുടെ മാത്രം സ്വകാര്യവിഷയവുമാണ്. അതിൽ പ്രകടനപരമായ ഒന്നുമില്ല. ആരോടും മൽസരിച്ച് ചെയ്യേണ്ട ഒന്നല്ല അത്. അത് ഒരുസമരമുറയും ആവുകവയ്യ.

### നവോത്ഥാനം ആൺ പെൺ ബന്ധങ്ങളുടെ ഉത്കൃഷ്ടമായ സങ്കൽപ്പങ്ങൾ പ്രദാനം ചെയ്തു

ആധുനിക ജനാധിപത്യക്രമത്തിന്റെ പുതുസമൂഹ രചന ഉണ്ടായപ്പോൾ ആൺ പെൺ ബന്ധങ്ങളുടെ ഉൽകൃഷ്ടമായ സങ്കൽപ്പങ്ങളും ഉദയം ചെയ്തു. സ്വതന്ത്രമായ വ്യക്തിത്വത്തിന്റെ പരസ്പരമുള്ള അംഗീകാരമാണ് ഈ ബന്ധത്തിന്റെ അടിസ്ഥാനം. ജീവിതപങ്കാളിയെ സ്വതന്ത്രമായി തെരഞ്ഞെടുക്കാൻ ഏവർക്കും സ്വാതന്ത്ര്യം നൽകപ്പെട്ടു. ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കും സാമ്പത്തികസ്ഥിതിക്കും ദേശീയതകൾക്ക് പോലും അതീതമായി ഉദാത്തമായ പ്രേമബന്ധങ്ങൾ ഉദയം ചെയ്തുവന്നു. അത്തരം പ്രണയങ്ങളെ സമൂഹം വലിയതോതിൽ സ്വീകരിക്കുന്ന ഉൽകൃഷ്ടമായ സാഹചര്യം ക്രമേണ രൂപപ്പെട്ടുവന്നു. ആണും പെണ്ണും പരസ്പരം കണ്ടുകൂടാ, മിണ്ടിക്കൂടാ തുടങ്ങിയ ഫ്യൂഡൽവിലക്കുകൾ തകർന്നുവീണു. നവമായ സദാചാര ധാർമ്മിക മൂല്യങ്ങളുടെ അടിസ്ഥാനത്തിലുള്ള ഉന്നതമായ ആൺ പെൺ സൗഹൃദങ്ങൾ വികസിച്ചുവന്നു. ലൈംഗികതയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരേയൊരു ബന്ധത്തിലേക്ക് ചുരുക്കിയിരുന്ന ആൺ പെൺ ബന്ധത്തിൽ അനേകവർണ്ണങ്ങളുള്ള, വ്യതിരിക്തതകളുള്ള ഊഷ്മളമായ നിരവധി തലങ്ങൾ വികസിച്ചുവന്നു. ജ്ഞാനോദയത്തിന്റെയും നവോത്ഥാനത്തിന്റെയും നാളുകൾ മുതൽ അത്തരം അനേകം ബന്ധങ്ങൾ- പ്രത്യേകിച്ചും മഹാരഥന്മാരുടെ ജീവിതമാതൃകകളിലൂടെ - വിടർന്ന് പരലസിക്കുന്നത് നാം കണ്ടു. ആധുനിക ജനാധിപത്യക്രമം ആണും പെണ്ണും തമ്മിലുള്ള ഇടപെടലുകൾക്കും കൊടുക്കൽവാങ്ങലുകൾക്കും അലംഘനീയമായ സ്വാതന്ത്ര്യം നൽകി. സാമൂഹ്യരംഗത്തെ സ്ത്രീകളുടെ സ്വതന്ത്രമായ ഇടപഴകലിന് ഫ്യൂഡൽസമൂഹം നിലനിർത്തിയിരുന്ന മുഴുവൻ വിലക്കുകളും തകർന്നുവീണു. പുരുഷനോടൊപ്പം ഒട്ടും പിന്നിലല്ലാതെ ഏതുകർമ്മരംഗത്തും തങ്ങളുടെ പ്രതിഭയും ശേഷിയും പ്രകാശിപ്പിച്ചുകൊണ്ട് സ്ത്രീകൾ അഭിമാനപൂർവ്വം കടന്നുവന്നു. ലോകമെമ്പാടുമുള്ള ആധുനിക സാഹിത്യകൃതികൾ മനുഷ്യബന്ധങ്ങളുടെ ഈ പുതുകാഴ്ചപ്പാട് പ്രഘോഷിച്ചു. സമൂഹം മുന്നേറി.

എന്നാൽ മുതലാളിത്തം പ്രതിസന്ധിയലകപ്പെട്ടതോടെ ഈ മൂല്യങ്ങളെയെല്ലാം കൈയ്യൊഴിഞ്ഞു. ജനാധിപത്യം സ്ത്രീയ്ക്കു നൽകിയ സ്വാതന്ത്ര്യം സ്വയം ഒരു കമ്പോളവസ്തുവമായി മാറാനുള്ള സ്വാതന്ത്ര്യമായി മുതലാളിത്തം അധഃപതിപ്പിച്ചു. പ്രതിഭയും പ്രബുദ്ധതയും നേടി വ്യക്തിത്വമായി

(ശേഷം പേജ് 13-ൽ)

# സദാചാരത്തെപ്രതിയുള്ള ഫാസിസ്റ്റുകളുടെ വേവലാതി ശുദ്ധകാപട്യം മാത്രം

(12-ാം പേജിൽ നിന്നു തുടർച്ച)

വളർന്നുവികസിച്ച സ്ത്രീയെ മുതലാളിത്തത്തിനുവേണ്ട. സ്വയം ഒരു കച്ചവടവസ്തുവാകാൻ വേണ്ട യോഗ്യതകളെയാണ് അവരിപ്പോൾ സ്വാതന്ത്ര്യമെന്നു വിളിക്കുന്നത്. അവരുടെ സ്വാതന്ത്ര്യം അധ:പതനത്തിലേക്കുള്ള പാതയായി മാറുകയാണ്. സെക്സ് പബ്ബുകളിലും സെക്സ് ഷോപ്പുകളിലും സ്വൈരവിഹാരം നടത്താനുള്ള യാത്രയെ സ്ത്രീകൾക്ക് രാത്രിയിൽ പുറത്തിറങ്ങാനുള്ള സ്വാതന്ത്യമായി അവർ വിശേഷിപ്പിക്കും. പരമാവധി വിവസ്ത്രരായി സൗന്ദര്യമൽസരത്തിലോ ഫാഷൻ പരേഡിലോ സ്വയം പ്രദർശനവസ്തുവായി അപമാനിതമാകുന്നതിനെയാണ് മുതലാളിത്തവും അവരുടെ കൂലിയെഴുത്തുകാരും തന്റേടം എന്ന് വിളിക്കുന്നത്. അരാജകപൂർണ്ണമായ ലൈംഗികജീവിതത്തെയാണ് അവർ ലൈംഗിക സ്വാതന്ത്ര്യമെന്ന് വിളിക്കുന്നത്. രതിവൈകൃതങ്ങളെ ഈ സ്വാതന്ത്ര്യത്തിന്റെ അഭേദ്യഭാഗങ്ങളായി വിശേഷിപ്പിക്കുന്നു. മുതലാളിത്ത മാധ്യമങ്ങൾ അതിന്റെ ശക്തരായ പ്രചാരകരായും മാറിയിരിക്കുന്നു. ജനാധിപത്യവ്യവസ്ഥ പ്രദാനം ചെയ്ത ലൈംഗികസ്വാതന്ത്ര്യം വർത്തമാന നാളുകളിൽ നാം കാണുന്ന കുത്തഴിഞ്ഞ ലൈംഗിക അരാജകത്വത്തിന്റെ ആടിത്തിമർക്കലല്ല. ഉയർന്ന ജീവിതവീക്ഷണങ്ങളാൽ നയിക്കപ്പെടുന്ന മനുഷ്യൻ രചിക്കുന്ന പ്രണയവും ഇതര മാനുഷികബന്ധങ്ങളും ഇന്ന് നാം കാണുന്ന ആഭാസകരവും അരാജകപൂർണ്ണവുമായ സ്വതന്ത്ര ലൈംഗികത തമ്മിലും അന്തരമേ ഉള്ളൂ. സമാനതകൾ തീരെയില്ല.

### ചുംബനമാമാങ്കം ആഘോഷിക്കപ്പെടുന്ന സാമൂഹ്യാവസ്ഥയെന്ത്?

ലോകമെമ്പാടും സാംസ്കാരികരംഗത്തും ജീവിതമനോഭവങ്ങളിലും വന്നുഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ മനസ്സാക്ഷിയുള്ള ഏതൊരാളിലും ഉൾക്കിടിലമുണ്ടാക്കുന്നവയാണ്. ആഗോളവൽക്കരണത്തിന്റെ കാലത്തെ പ്രധാന മൂലധനനിക്ഷേപ മേഖലകളിലൊന്നായി ലൈംഗികവ്യവസായം മാറിയിരിക്കുന്നു. സ്ത്രീശരീരത്തെയും ലൈംഗികതയെയും വിൽപ്പനവസ്തുവാക്കിക്കൊണ്ട് മുതലാളിത്ത ശക്തികൾ വികസിപ്പിച്ചെടുത്തിരിക്കുന്ന വിപണിയാണ് ഭയാനകമായ സാംസ്കാരിക അപചയത്തിന്റെ കേന്ദ്രകാരണം. ടൂറിസത്തിന്റെ പേരിൽ നടക്കുന്ന ലൈംഗികവ്യവസായം വേശ്യാവൃത്തിയെ സർവ്വത്ര വ്യാപകമാക്കി. മക്കാവ് ദ്വീപിന്റെയും തായ്‌ലന്റിന്റെയും സ്ഥാനത്ത് ലോകം മുഴുവൻ വ്യഭിചാരത്തിന്റെ ഹോട്ട് സ്പോട്ടുകൾ സ്ഥാപിച്ചത് സെക്സ് ടൂറിസമാണ്. നീലച്ചിത്രനിർമ്മാണത്തിനും ലൈംഗികപേക്കൂത്തുകൾക്കും വ്യഭിചാരത്തിനുമായി ആൺകുട്ടികളെയും പെൺകുട്ടികളെയും കടത്തി പബ്ബുകളിലും സെക്സ് ഷോപ്പുകളിലും എത്തിക്കുന്നത് ലോകത്തെ ഏറ്റവും വലിയ കുറ്റകൃത്യമായി മാറിയിരിക്കുന്നു. 92ൽ വേശ്യാവൃത്തിയിൽ അകപ്പെട്ടിരുന്ന കുട്ടികളുടെ എണ്ണം 12 ലക്ഷമായിരുന്നത് ഇന്ന് ഒരു കോടിയായി ഉയർന്നിരിക്കുന്നു! 72 രാജ്യങ്ങളിൽ വേശ്യാവൃത്തി നിയമവിധേയമാക്കിക്കഴിഞ്ഞു. ഇൻഡ്യയും അതേ പാതയിൽത്തന്നെ മുന്നേറുകയാണ്. യൂറോപ്പിലെയും തെക്കേ അമേരിക്കയിലെയും 8 രാജ്യങ്ങളിൽ സെക്സ് ഷോപ്പുകൾ നിയമവിധേയമാക്കിയിരിക്കുന്നു. ലൈംഗികവിപണിയുടെ ഭാഗമായ സൗന്ദര്യമൽസരവും നിയന്ത്രിക്കുന്നത് അധോലോക ശക്തികളാണെന്ന് ഹോണ്ടുറാസിലെ സുന്ദരിയുടെ കൊലപാതകം വ്യക്തമാക്കുന്നു. ഇന്റർനെറ്റ് ഉപയോഗപ്പെടുത്തിക്കൊണ്ട് സൃഷ്ടിച്ചിരിക്കുന്ന അതിബൃഹത്തായ ഒരു ലൈംഗികവിപണിയുടെ പിടിയിൽ ഒരു വിഭാഗം ജനങ്ങൾ അമർന്നു കഴിഞ്ഞു. അങ്ങിനെ ലോകമെമ്പാടും വീശിയടിക്കുന്ന സാംസ്കാരികത്തകർച്ചയുടെ കൊടുങ്കാറ്റ് നമ്മുടെ രാജ്യത്തും വിനാശങ്ങൾ സൃഷ്ടിക്കുകയണ്. സ്ത്രീകൾക്കെതിരെ രാജ്യമെമ്പാടും നിമിഷംപ്രതി പെരുകിക്കൊണ്ടേയിരിക്കുന്ന മനസ്സാക്ഷിയെ നടുക്കുന്ന അതിക്രമങ്ങൾ അതിന്റെ ഫലമാണ്.

കോടികൾ കുമിയുന്ന ലൈംഗികവിപണിയെ വിപുലമാക്കണമെങ്കിൽ അതിനിണങ്ങുന്ന ഒരു മനോഘടന ജനങ്ങൾക്കിടയിൽ സൃഷ്ടിക്കണമെന്ന് മുതലാളിത്ത ശക്തികൾക്ക് നന്നായി അറിയാം. ജനാധിപത്യ മൂല്യങ്ങൾ സ്ഥാപിച്ച സദാചാരമൂല്യങ്ങളെ പഴഞ്ചനെന്ന് ആക്ഷേപിക്കുന്നതും ലൈംഗികസ്വാതന്ത്ര്യത്തിന്റെ പുതിയ പ്രഖ്യാപനങ്ങൾ അരങ്ങ് നിറയുന്നതും നിർദ്ദോഷമായി വന്നുചേരുന്നതല്ല. അതിന്റെ പിറകിൽ വ്യക്തമായ മൂലധനതാൽപ്പര്യങ്ങൾ ഉണ്ട്. രാഷ്ട്രീയമുണ്ട്. മനുഷ്യന്റെ സഹജമായ ചിന്താശേഷിയും അതിന്റെ പ്രകാശനമായ പ്രബുദ്ധതയും മൂല്യബോധവുമാണ് ലൈംഗികവിപണി വിപുലമാക്കാൻ പണിപ്പെടുന്ന മുതലാളിത്തം നേരിടുന്ന വിഘ്നങ്ങൾ. ഇൻഡ്യ പോലുള്ള രാജ്യങ്ങളിൽ ടൂറിസത്തിന്റെ രംഗത്തേക്ക് സ്ത്രീകൾ കടന്നുവരാത്തതിന്റെ കാരണം ഇവിടെ നിലനിൽക്കുന്ന കുടുംബബന്ധങ്ങളുടെ ദാർഢ്യവും സാംസ്കാരികശീലങ്ങളുമാണെന്ന് ഹോട്ടലുടമകളുടെ ആഗോളസംഘടനയുടെ ലഘുലേഖയിൽ വിശദമാക്കിയിട്ടുണ്ട്. സൗന്ദര്യമൽസരങ്ങൾ ലോകമെമ്പാടും ഇത്രമേൽ കൊണ്ടാടപ്പെടുന്നത് അതുകൊണ്ടാണ്. കഴിഞ്ഞ ഒരു പത്ത് വർഷത്തിനു മുമ്പ് ആർക്കും അറിയുകപോലുമില്ലാതിരുന്ന വാലന്റൈൻ ദിനാചരണം ഇൻഡ്യയിൽ വന്നെത്തിയത് അങ്ങിനെയാണ്. സ്വവർഗ്ഗരതിയുടെ വാഴ്ത്തിപ്പാടലുകളും ഇതേ താൽപ്പര്യപ്രകാരം സൃഷ്ടിക്കപ്പെടുന്നതാണ്. മുതലാളിത്ത ശക്തികൾ നിയന്ത്രിക്കുന്ന മാധ്യമങ്ങൾ ആസൂത്രിതമായി ജനങ്ങൾക്കിടയിൽ ലൈംഗികസ്വാതന്ത്ര്യത്തെ സംബന്ധിച്ച വികലമായ കാഴ്ചപ്പാടുകൾ നിർമ്മിച്ചെടുക്കുകയാണ്. സൗന്ദര്യമൽസരവും വാലന്റൈൻ ദിനാചരണവും വളരെ നിരുപദ്രവകരമായ, എന്നാൽ ആസ്വാദ്യകരമായ ഒരിനമായി സ്ഥാപിപച്ചെടുക്കുമ്പോൾ അത് നിറവേറ്റുന്നത് കൃത്യമായ കച്ചവട താൽര്യമാണെന്ന് നാം തിരിച്ചറിയണം. ചുംബനസ്വാതന്ത്ര്യത്തിന്റെ 'വിപ്ലവപ്രഖ്യാപന'ത്തോട് മുതലാളിത്ത മാധ്യങ്ങൾ കാട്ടിയ അമിതമായ അഭിനിവേശത്തിന്റെ പിറകിലെ കാരണവും ഇതേ കച്ചവട താൽപ്പര്യങ്ങൾ തന്നെയാണ്. നിർമ്മലമായ പ്രേമവും പ്രണയവും സ്ത്രീസ്വാതന്ത്യവും ഈ മാധ്യമങ്ങളുടെ അജണ്ടയാണെന്ന് ആരും വിലയിരുത്തുന്നില്ല. പരസ്യ ചുംബനത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രഖ്യാപനം നടത്തിയവരോ അതിനുവേണ്ടി വാദിച്ചവരോ ഈ കമ്പോളശക്തികൾക്കുവേണ്ടി പ്രവർത്തിച്ചവരാകണമെന്നില്ല. എന്നാൽ വീണുകിട്ടിയ സന്ദർഭം ഉപയോഗപ്പെടുത്തിയ മുതലാളിത്ത ശക്തികളുടെ കൈയിലെ അബോധകരുക്കളായി അവർ മാറി എന്നത് കാണാതിരിക്കാനാവില്ല.

### ലൈംഗിക സ്വാതന്ത്ര്യത്തിന്റെ വായ്ത്താരികൾ ലൈംഗിക അരാജകത്വത്തിലേക്ക് നയിക്കുന്നു

നമ്മുടെ രാജ്യവും രതിവൈകൃതങ്ങളുടെയും ലൈംഗികസ്വാതന്ത്ര്യമെന്ന അരാജകത്വത്തിന്റെയും പടിഞ്ഞാറൻ ചുഴിയിൽ അതിവേഗം അകപ്പെടുകയാണ്. സാംസ്കാരത്തിന്റെ ആധാരശിലകൾ തകർക്കപ്പെട്ടാൽ സമൂഹത്തിന്റെ അസ്തിത്വമെന്താകും? ലൈംഗിക അരാജകത്വവും മൃഗീയചോദനകളും അരങ്ങുവാഴുന്ന ഒരു സാമൂഹ്യസാഹചര്യത്തിൽ ചുംബനസ്വാതന്ത്ര്യത്തിന്റെ ആഘോഷം ഒരു ഫലവും സൃഷ്ടിക്കാതെയല്ല കടന്നുപോവുക. സത്യസന്ധമായ ഒരു വിശകലനത്തിന് നാം തയ്യാറായാൽ, ഈ ആഘോഷം സൃഷ്ടിക്കുന്ന സ്വാധീനം നിഷേധപരമാണെന്നും വർത്തമാന അപചയത്തിന്റെ വേഗത ഏറ്റുന്ന ഒന്നാണെന്നും കാണാൻ കഴിയും. ഉയർന്ന ജീവിതവീക്ഷണത്തിന്റെയും ഉൽകൃഷ്ടമായ ആദർശത്തിന്റെയും അടിസ്ഥാനമില്ലാതെയുള്ള രാത്രി പിടിച്ചെടുക്കൽ സമരവും ചുംബനസമരവും വേശ്യയുടെ ആത്മകഥയെ കൊണ്ടാടുന്നതും മുതലാളിത്ത ജീർണ്ണത പ്രചരിപ്പിക്കുന്ന ലൈംഗികസ്വാതന്ത്ര്യത്തിന്റെ പ്രചാരണമാർഗ്ഗങ്ങളായി മാത്രം മാറുകയാണ്. ആഗോളവൽക്കരണത്തിന്റെ സ്വന്തം സൃഷ്ടിയായ ലൈംഗികവ്യവസായത്തിന്റെ വളർച്ചയ്ക്കായി മുതലളിത്തം അതിനെ പ്രയോജനപ്പെടുത്തപ്പെടുകയാണ്. സ്നഹത്തെയും പ്രേമത്തെയും സംബന്ധിച്ചുള്ള സാരവത്തായ ചർച്ചകളോ സംവാദങ്ങളോ ആശയവിനിമയങ്ങളോ ചുംബനമാമാങ്കത്തെ അധികരിച്ച് നടന്നോ? എന്തുപുതിയ മൂല്യബോധമാണ് പകർന്നു നൽകിയത്? സമൂഹത്തെ ആകെ പിന്നോട്ടുവലിയ്ക്കുന്ന പ്രചണ്ഡമായ സംസ്കാരികത്തകർച്ചയ്ക്ക് ഉപരിപ്ലവമായ ഒരു പരസ്യചുംബന പരിപാടി എന്ത് പ്രതിപ്രവാഹമാണ് സൃഷ്ടിച്ചത്? കഴമ്പുകെട്ട പ്രകടനപരതയിലല്ല ജീവിതമൂല്യങ്ങൾ പുഷ്പിക്കുന്നത്. അർത്ഥപൂർണ്ണമായ പ്രേമം വിടർന്നുവളരാൻ വേണ്ട പ്രബുദ്ധതയും ആശയപരമായ ഔന്നത്യവും സമൂഹത്തിൽ പ്രബലമാകുമ്പോൾ മാത്രമേ മനോഹരമായ പ്രണയവും ഉദയം ചെയ്യൂ. പണവും ഭോഗപരതയും ഭൗതികസുഖങ്ങളുടെ പിന്നാലെയുള്ള പാച്ചിലും പ്രേമത്തെ മാത്രമല്ല, എല്ലാ മാനുഷികബന്ധങ്ങളെയും തകർക്കുമ്പോൾ അതേ ശക്തികളുടെ താൽപ്പര്യങ്ങളെ അബോധമായിട്ടാണെങ്കിലും പ്രതിനിധാനം ചെയ്താൽ അത് സമൂഹത്തിൽ സൃഷ്ടിക്കാനിടയുള്ള ദുരന്തങ്ങൾ വലുതായിരിക്കും.

> ......മനോഹരമായ പ്രണയത്തിന്റെ സൗധം പണിയാൻ ചുംബനത്തിന്റെ പ്രകടനപരത പോര. പ്രേമത്തെ വിപണനവസ്തുവാക്കി മാറ്റുകയും എല്ലാ മാനുഷിക ബന്ധങ്ങളെയും യൂട്ടിലിറ്റേറിയൻ സിദ്ധാന്തം കൊണ്ട് തകർക്കുകയും ചെയ്തിട്ട് തെരുവുകളിൽ പ്രണയകേളികൾ ആടിയാൽ സമൂഹം വികസിക്കില്ല. മുന്നേറില്ല. പുതിയൊരു മൂല്യവും സൃഷ്ടിക്കപ്പെടില്ല. പടിഞ്ഞാറൻ മുതലാളിത്തത്തിന്റെ വൈകൃതങ്ങളെ അനുകരിക്കൽ സ്വാതന്ത്ര്യമല്ല. നിന്ദ്യമായ മുതലാളിത്തത്തിന്റെ കരങ്ങളിലെ കരുക്കളായിക്കൊണ്ട് സ്വയം അപമാനിതമാകുന്നത് സ്വാതന്ത്ര്യമല്ല.......

സമൂഹത്തിന്റെ എല്ലാ സമ്പ്രദായങ്ങൾക്കും തങ്ങൾ അതീതരാണെന്ന സ്വാതന്ത്ര്യത്തിന്റെ ദുർവ്യാഖ്യാനം സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തെ സഹായിക്കുന്ന ഒന്നല്ല. ലൈംഗിക സ്വാതന്ത്ര്യത്തിന്റെ വായ്ത്താരികൾ ലൈംഗികഅരാജകത്വത്തിന്റെയും വൈകൃതങ്ങളുടെയും ഭയാനകമായ അപചയത്തിലേക്കാണ് യൂറോപ്പിനെയും അമേരിക്കൻ ഭൂഖണ്ഡത്തെയും നയിച്ചതെന്ന് നാം കാണാതിരിക്കരുത്. നിമിഷത്തിന്റെ ആയുസ്സ് പോലുമില്ലാത്ത ദാമ്പത്യബന്ധങ്ങളും ശിഥിലമായ കുടുംബങ്ങളും അനാഥമാകുന്ന ബാല്യങ്ങളും പടിഞ്ഞാറൻ നാടിനെ ഭയപ്പെടുത്തുകയാണ്. ചുംബനം മാത്രമല്ല, അറപ്പുളവാക്കുന്ന പ്രണയലീലകളും തെരുവ് കാഴ്ചകളാക്കുന്ന ആ നാടുകളിൽ ഈടുറ്റ സ്നേഹം മാത്രമുണ്ടാകുന്നില്ല. ഉദാത്തമായ പ്രണയബന്ധങ്ങൾ ആവിഷ്കരിക്കാനാവുന്നില്ല. പ്രേമത്തെ പ്രകടനത്തിലും ചുംബനത്തിലും ഒതുക്കിയിരിക്കുന്നു. ഭോഗപരതയും മൃഗീയമായ തൃഷ്ണകളും പ്രേമത്തെ സൃഷ്ടിക്കില്ല. മനോഹരമായ പ്രണയത്തിന്റെ സൗധം പണിയാൻ ചുംബനത്തിന്റെ പ്രകടനപരത പോര. പ്രേമത്തെ വിപണനവസ്തുവാക്കി മാറ്റുകയും എല്ലാ മാനുഷിക ബന്ധങ്ങളെയും യൂട്ടിലിറ്റേറിയൻ സിദ്ധാന്തം കൊണ്ട് തകർക്കുകയും ചെയ്തിട്ട് തെരുവുകളിൽ പ്രണയകേളികൾ ആടിയാൽ സമൂഹം വികസിക്കില്ല. മുന്നേറില്ല. പുതിയൊരു മൂല്യവും സൃഷ്ടിക്കപ്പെടില്ല. പടിഞ്ഞാറൻ മുതലാളിത്തത്തിന്റെ വൈകൃതങ്ങളെ അനുകരിക്കൽ സ്വാതന്ത്ര്യമല്ല. നിന്ദ്യമായ മുതലാളിത്തത്തിന്റെ കരങ്ങളിലെ കരുക്കളായിക്കൊണ്ട് സ്വയം അപമാനിതമാകുന്നത് സ്വാതന്ത്ര്യമല്ല. ഒരാണും പെണ്ണും പരസ്യമായി ചുംബിച്ചാൽ ആകാശം ഇടിഞ്ഞുവീഴുമെന്ന് ഞങ്ങൾ കരുതുന്നില്ല. എന്നാൽ ഈ പരസ്യ ചുംബനത്തെ ഒരാഘോഷവും വിപണനവുമാക്കിക്കൊണ്ട് നികൃഷ്ടമായ മുതലാളിത്ത ലാഭദുരയ്ക്ക് പ്രചാരണഉപാധി നൽകി എന്നിടത്താണ് ഇതിന്റെ അപകടം.

### മാധ്യമങ്ങൾ സാമൂഹ്യപ്രതിബദ്ധതയോടെ നിലകൊള്ളണം

ഒരു ജനാധിപത്യക്രമത്തിൽ പാലിക്കേണ്ട ഔചിത്യമോ അവധാനതയോ ഈ വിഷയത്തിന്റെ പ്രചാരണത്തിൽ മാധ്യമങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടായില്ല. മാധ്യമങ്ങൾ എക്കാലത്തും വിവാദങ്ങളെ വിളയിച്ചും വിളവെടുത്തും കച്ചവടം നടത്തുന്നതിൽ അഭിരമിക്കാറുണ്ട്. ഈ സന്ദർഭവും അവർ പാഴാക്കിയില്ല. സദാചാരപ്പോലീസിംഗ് ശരിയോ തെറ്റോ എന്ന ചർച്ചയേക്കാൾ വിപണനമൂല്യമുള്ളത് ചുംബനപ്രകടനം ശരിയോ തെറ്റോ എന്ന ചർച്ചയ്ക്കാണെന്ന് അവർക്ക് നന്നായി അറിയാം. തെറ്റും ശരിയുമായ സാംസ്കാരികശീലങ്ങളിൽ തള്ളേണ്ടവയെ തള്ളുകയും കൊള്ളേണ്ടവയെ കൊള്ളുകയും ചെയ്യണമെങ്കിൽ അവയുടെ ശരി തെറ്റുകൾ അവധാനതയോടെ, കൂടുതലുയർന്ന പ്രബുദ്ധ

(ശേഷം 14-ാം പേജിൽ)




കൊച്ചിയിൽ എഐഡിഎവൈഒ സംഘടിപ്പിച്ച യുവജനജാഗ്രത കൂട്ടായ്മ. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു പ്രസംഗിക്കുന്നു. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി ടി.കെ.സുധീർകുമാർ, എഐഎംഎസ്എസ് ജില്ലാ പ്രസിഡന്റ് കെ.കെ.ശോഭ, കെ.ഒ. സുധീർ, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി രശ്മി രവി തുടങ്ങിവരും പ്രസംഗിച്ചു. ■

## ചുംബനസ്വാതന്ത്ര്യവും സദാചാരപോലീസും

# കഴമ്പുകെട്ട പ്രകടനപരതയിലല്ല ജീവിതമൂല്യങ്ങൾ പുഷ്പിക്കുന്നത്

(13-ാം പേജിൽ നിന്നു തുടർച്ച)

തയും മൂല്യങ്ങളും സൃഷ്ടിക്കുക എന്ന ലക്ഷ്യം മനസ്സിൽവച്ചുകൊണ്ട് വിലയിരുത്തേണ്ടതുണ്ട്. നിലവിലുള്ള സാംസ്കാരിക സമ്പ്രദായങ്ങൾ ചോദ്യം ചെയ്യപ്പെടുമ്പോൾ അത് സൃഷ്ടിക്കാനിടയുള്ള ഫലങ്ങളെസംബന്ധിച്ച് ഗൗരവതരമായ ആലോചനയോ വീണ്ടുവിചാരമോ വേണ്ടേ? ഇതൊന്നും മാധ്യമങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടായില്ല എന്നത് അതീവ ഖേദകരമാണ്.

**ഉന്നതമായ സാംസ്കാരിക നിലവാരം മുറുകെപ്പിടിക്കണം**

മൃഗീയതയുടെ അഴിഞ്ഞാട്ടത്തിന് തടയിടാൻ ഉയർന്ന സാംസ്കാരിക നൈതിക ധാരണകൾ മുറുകെപ്പിടിക്കുന്നതിലൂടെയേ സാധ്യമാകൂ. മനുഷ്യൻ സംസ്കാര സമ്പന്നനാണ്. മനുഷ്യൻ എന്ന പദവിക്ക് അർഹനായവനെയാണ് ഇവിടെ വിവക്ഷിക്കുന്നത്. മനുഷ്യരാശിയുടെ അമൂല്യമായ സമ്പത്താണ് സംസ്കാരം. എന്താണ് സംസ്കാരം. ധാർമ്മിക-സദാചാര മാനദണ്ഡങ്ങൾ, നൈതികത, സൗന്ദര്യാവബോധം, മൂല്യസങ്കൽപ്പങ്ങൾ ഇവയെല്ലാം ലയിച്ചുചേർന്നതാണ് സംസ്കാരം. ദൈനംദിന ജീവിതത്തിൽ, വ്യവഹാരങ്ങളിൽ, പരസ്പര ബന്ധങ്ങളിൽ എല്ലാം സ്വാഭാവികമായി പ്രതിഫലിക്കുന്ന നിലവാരമാണത്. ആടയാഭരണങ്ങൾപോലെ എടുത്തണിയുന്ന ഒന്നല്ല അത്.

കാലോചിതമായ വളർച്ചയുള്ളതുമാണ് സംസ്കാരം. മൃഗീയമായ ഇണചേരലിന്റെയും പരസ്യചേഷ്ടകളുടെയും പ്രാകൃതാവസ്ഥയിൽനിന്ന്, ചിലതെല്ലാം ഗോപ്യമാക്കപ്പെടണമെന്നും ആവരണം ചെയ്യപ്പെടണമെന്നും മനുഷ്യനെക്കൊണ്ട് ചിന്തിപ്പിച്ചത് സൗന്ദര്യാവബോധമാണ്; പുരോഗമിച്ച സാംസ്കാരികതയാണ്. എല്ലാം തുറന്നുവയ്ക്കപ്പെടേണ്ടതല്ലെന്നും സ്വകാര്യമായിരിക്കേണ്ടത് സ്വകാര്യമായിരിക്കണമെന്നും അല്ലെങ്കിൽ അത് വിരൂപമാകുമെന്നും സമൂഹത്തെക്കൊണ്ട് ചിന്തിപ്പിച്ചത് ഉയർന്ന സൗന്ദര്യസങ്കൽപ്പമാണ്.

രതി തുറന്നുചർച്ച ചെയ്യപ്പെടുന്നതും രതിഭാവങ്ങൾ സൗന്ദര്യവൽക്കരിക്കപ്പെടുന്നതുമായ ഒരു കാലമുണ്ടായിരുന്നു. വിശേഷിച്ചും കലാ-സാഹിത്യരംഗങ്ങളിൽ. നിശ്ചയമായും പരസ്യമായ, മൃഗതുല്യമായ ലൈംഗിക വേഴ്ചകളുടെ കാലം കഴിഞ്ഞിട്ടാണിത്. സമൂഹത്തിൽ തുറന്ന രൂപത്തിൽ നിലനിന്നിരുന്ന സ്ഥിതിവിശേഷത്തിന്റെ ആവിഷ്ക്കാരമായിരുന്നിരിക്കില്ല ഖജുരാഹോയിലെ രതിശില്പങ്ങളും ഇന്നത്തെ നിലയ്ക്ക് മനംപിരട്ടുന്ന രതിവൈകൃതങ്ങളുടെ ചിത്രീകരണവും. മൃഗങ്ങളുമായിപ്പോലും ലൈംഗിക കൃത്യത്തിലേർപ്പെടുന്നതും കൂട്ടരതിക്രിയകളുമെല്ലാം ആരുടെയൊക്കെയോ ഭാവനാസൃഷ്ടികളായിരുന്നിരിക്കണം. എന്തായാലും അന്നവയ്ക്ക് ആസ്വാദകരുണ്ടായിരുന്നതുകൊണ്ടാണല്ലോ അവ ആവിർഭവിച്ചതും നിലനിന്നുപോന്നതും. ഇന്നത്തെ മനുഷ്യചേതനയ്ക്കും സൗന്ദര്യസങ്കൽപ്പത്തിനും നിരക്കുന്നവയല്ല അവ എന്നതുകൊണ്ട് അവയെല്ലാം തല്ലിത്തകർത്തുകളയണമെന്ന് ചരിത്രബോധമുള്ള ആരും പറയില്ല. എന്നല്ല, അതതുകാലഘട്ടത്തിന്റെ സർഗ്ഗസൃഷ്ടിയായി അതിനെക്കണ്ടാൽ അത്ഭുതകരമെന്നല്ല ആസ്വാദ്യകരം പോലുമാണവ. നമ്മുടെ വെണ്മണി കവിതകളുടെ കാര്യവും അതുപോലെതന്നെ. അത് ആവിർഭവിച്ച കാലഘട്ടത്തിലും സാഹചര്യത്തിലും നിർത്തി അതിനെ പരിശോധിക്കുകയും വിലമതിക്കുകയും ചെയ്യുന്നതിനുപകരം വർത്തമാനകാലത്ത് അതിന് പ്രസക്തിയുണ്ടെന്ന് ചിന്തിക്കുന്നത് വികൃതമാണ്. കാലമിന്നെത്രയോ മുന്നോട്ടുപോയിരിക്കുന്നു. ശൃംഗാരവർണ്ണനകളുടെ അതിപ്രസരത്തിനുള്ളപ്രതിക്രിയയെന്നവണ്ണം ഭക്തിപ്രസ്ഥാനത്തിന്റെ ആവിർഭാവമുണ്ടായി. അവിടെനിന്നും പടിപടിയായി മുന്നേറി നാച്യുറലിസത്തിലേക്കും ധ്വനിഭാവനകളുടെ കാൽപ്പനികതയിലേക്കും റിയലിസത്തിലേക്കും സോഷ്യലിസ്റ്റ് റിയലിസത്തിലേക്കും സൗന്ദര്യോപാസന വളർച്ച പ്രാപിച്ചു. ഇന്ന് മനുഷ്യന്റെ പൂർണ്ണവിമോചന സ്വപ്നം സങ്കൽപ്പത്തിൽനിന്ന് യാഥാർത്ഥ്യത്തിലേക്ക് കടന്നുവന്നുകൊണ്ടിരിക്കുന്നു. അതായത് അദ്ധ്വാനം, സർഗ്ഗാത്മകതയും സൃഷ്ടിപരതയും, മനുഷ്യന്റെ പ്രാഥമിക ആവശ്യകതയും സംഗീതംപോലെ ആസ്വാദ്യകരവുമാകുന്ന അവസ്ഥ വിദൂരമല്ലാതായിരിക്കുന്നു. മാർക്സ് ചൂണ്ടിക്കാണിക്കുന്നു: മനുഷ്യനെ സംബന്ധിച്ചിടത്തോളം ഏറ്റവും ഉയർന്ന ജീവി മനുഷ്യൻതന്നെയാണെന്ന് തിരിച്ചറിയപ്പെടുന്നതോടെ, അങ്ങനെ, മനുഷ്യന്റെ വിലകെടുത്തുന്നതും അവനെ അടിമയാക്കുന്നതും അന്യവൽക്കരിക്കുന്നതും നിസ്സാരനും അധമനും നിന്ദ്യനുമാക്കുന്നതുമായ സർവ്വബന്ധങ്ങളും പിഴുതെറിയപ്പെടുന്നത് അനിവാര്യമാകുന്നതോടെ അവൻ വിമോചിതനായിത്തീരുന്നു.

എംഗൽസാകട്ടെ പൂർണ്ണതയാർജ്ജിച്ച നവോത്ഥാന മാനവനെക്കുറിച്ച് പറയുന്നു. 'സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം' എന്ന മുദ്രാവാക്യം നവോത്ഥാനം മുന്നോട്ടുവച്ചെങ്കിലും മുതലാളിത്ത വാഴ്ചയുടെ സാഹചര്യത്തിൽ അതൊന്നും സഫലമായിത്തീർന്നില്ല. തൊഴിലാളിവർഗ്ഗത്തിന്റെ മുൻകൈയിൽ അത് സാക്ഷാൽക്കരിക്കപ്പെടേണ്ടിയിരിക്കുന്നു. ആ മഹാപ്രയത്നത്തിലൊത്തുചേരുകയാണ് അപ്പോൾ സാർത്ഥകമായിട്ടുള്ളത്.

**സ്ത്രീ സ്വാതന്ത്ര്യത്തിനും സാമൂഹ്യപുരോഗതിക്കും വേണ്ടി നിലകൊള്ളുന്നവരോടുള്ള അഭ്യർത്ഥന**

ജനാധിപത്യ ആശയങ്ങൾ മുന്നോട്ടുവച്ചിട്ടുള്ള സദാചാരമൂല്യങ്ങളെ ഫാസിസ്റ്റുകൾ ചോദ്യംചെയ്യുമ്പോൾ അതിനെ ചെറുക്കാനുള്ള പ്രസ്ഥാനത്തിന്റെ രൂപപ്പെടുത്തലിനു കൂടുതൽ മൂർച്ചയുള്ള ദാർശനികവും രാഷ്ട്രീയവുമായ ആയുധങ്ങൾ അത്യന്താപേക്ഷിതമാണ്. അതിനായി ശ്രമകരമായ സമരസന്നാഹങ്ങൾ ചരിത്രം നമ്മോടാവശ്യപ്പെടുന്നു. അതിന്റെ പ്രാഥമികവും പ്രധാനവുമായ ഉപാധി നവോത്ഥാനപ്രസ്ഥാനം സ്ഥാപിച്ചെടുത്ത ശാസ്ത്രീയ- ജനാധിപത്യ- സദാചാര- നൈതിക മൂല്യങ്ങളുടെ ശരിയായ സ്വാംശീകരണവും വിപുലീകരണവുമാണ്. പിന്തിരിപ്പൻ ശക്തികളുടെ സാമൂഹ്യവിരുദ്ധമായ നിലപാടുകളെ എതിർക്കുന്നതിനുള്ള നിലപാടുതറ സുഭദ്രമായിരിക്കണം. നിലവിലുള്ളതിനേക്കാൾ കൂടുതലുയർന്ന മൂല്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് മാത്രമേ പഴയവയെ സ്ഥാനഭ്രഷ്ടമാക്കാൻ കഴിയൂ. ഫാസിസ്റ്റുകളെ എതിർക്കാനുള്ള വ്യഗ്രതയ്ക്കിടയിൽ ചരിത്രബോധവും ശാസ്ത്രീയവീക്ഷണവും കൈമോശം വന്നാൽ അത് ആത്യന്തികമായി ഫാസിസ്റ്റുകളെ തന്നെ വലിയളവിൽ സഹായിക്കും. ഈ ചുംബനമാമാങ്കത്തെ മഹത്തായ സ്നേഹസന്ദേശ പ്രവാഹ പ്രതീകമായും നവോത്ഥാനപ്രസ്ഥാനകാലത്തെ പ്രക്ഷോഭങ്ങളുടെ തുടർച്ചയായും തെറ്റിദ്ധരിച്ചു പിന്തുണയ്ക്കുന്ന ഉദ്ദേശശുദ്ധിയുള്ള ഒരു വിഭാഗമുണ്ടെന്നതാണ് അതീവ ദുഃഖകരമായ വസ്തുത. ചരിത്രപാഠങ്ങളെ മനസ്സിലാക്കുന്നതിലും സ്വാംശീകരിക്കുന്നതിലും വളരെ വലിയ പരിമിതി നിലനിൽക്കുന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഫാസിസ്റ്റുവിപത്തിനെതിരെ മനുഷ്യസ്നേഹികളുടെ കഴിയുന്നത്ര വിപുലമായ ജനാധിപത്യ ചേരി വളർത്തിയെടുത്തുകൊണ്ടാണ് നാം പൊരുതേണ്ടത്. ഫാസിസ്റ്റ് സമീപനങ്ങൾക്കെതിരെ ചുംബനസമരം ആഹ്വാനം ചെയ്യുന്നതുവഴി വലിയതോതിൽ ജനാധിപത്യവിശ്വാസികളെയും മനുഷ്യസ്നേഹികളെയും പ്രക്ഷോഭരംഗത്തുനിന്ന് അകറ്റിക്കളയാനേ അതിടവരുത്തൂ. ഫാസിസ്റ്റ് വിരുദ്ധ പ്രക്ഷോഭത്തെ അത് ദുർബ്ബലപ്പെടുത്തും. സ്ത്രീസ്വാതന്ത്ര്യത്തിനും സാമൂഹ്യപുരോഗതിക്കും വേണ്ടി നിലകൊള്ളുന്നവർ അതീവഗൗരവപൂർവ്വം ഈ വിലയിരുത്തൽ പരിശോധിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ■

## മെഡിക്കൽ സർവ്വീസ് സെന്റർ സംഘടിപ്പിച്ച ചർച്ച

# ഗർഭഛിദ്ര നിയമം - ഭേദഗതി അനിവാര്യമോ?




ഡോ.സി.പി.വിജയൻ ചർച്ച ഉദ്ഘാടനം ചെയ്യുന്നു. ഡോ.വി.വേണുഗോപാൽ, ഡോ. ജോസ് സ്റ്റാൻലി, ഡോ.ജിനേഷ് പി.എസ്., ഡോ.കെ.ഹരിപ്രസാദ് തുടങ്ങിയവർവേദിയിൽ

**1971-ലെ** മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി നിയമത്തിന്റെ ഭേദഗതിയുടെ കരട് കേന്ദ്ര ആരോഗ്യ മന്ത്രാലയം ഒക്ടോബർ 29ന് പുറപ്പെടുവിക്കുകയുണ്ടായി. നിർദ്ദേശങ്ങളും നിരീക്ഷണങ്ങളും നവംബർ 9നു മുമ്പുതന്നെ സമർപ്പിക്കണമെന്നും വ്യക്തമാക്കയിരുന്നു. വ്യക്തമായി നിർവ്വചിക്കപ്പെട്ട സാഹചര്യങ്ങളിൽ 20 ആഴ്ച വരെയുള്ള ഗർഭം, ടെർമിനേറ്റ് ചെയ്യാൻ നിലവിലെ നിയമം അനുവദിക്കുന്നുണ്ട്. ഗൈനക്കോളജിയിൽ പ്രാവീണ്യമുള്ള രജിസ്ട്രേഡ് ഡോക്ടർമാർക്കു മാത്രമേ ഗർഭച്ഛിദ്രം നിയമപരമായി അവകാശമുള്ളൂ. ഇപ്രകാരം ചുമതലപ്പെടുത്താത്ത ആരെങ്കിലും ഗർഭഛിദ്രം നടത്തിയാൽ 10 വർഷംവരെ തടവ് ശിക്ഷയാണ് നിയമത്തിൽ ഉറപ്പാക്കിയിട്ടുള്ളത്.

1971-ലെ ഈ നിയമത്തിൽ ചില ഭേദഗതികൾ വരുത്താനാണ് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്. രണ്ട് ഭേദഗതികളാണ് പ്രധാനമായും നിർദേശിക്കപ്പെട്ടിരിക്കുന്നത്. 6 മാസം (24 ആഴ്ച)വരെ പ്രായമുള്ള ഗർഭച്ഛിദ്രം നിയമവിധേയമാക്കുക എന്നതാണ് ഒരു നിർദ്ദേശം. ഹോമിയോ, ആയുർവേദം, സിദ്ധ, യുനാനി, മിഡ്‌വൈഫുമാർ (വയറ്റാട്ടിമാർ) വരെയുള്ളവർക്ക് ഗർഭച്ഛിദ്രം നടത്താൻ നിയമപരമായി അനുമതി നൽകുക എന്നതാണ് മറ്റൊരു സുപ്രധാന ഭേദഗതി. അതീവ പ്രാധാന്യമുള്ള ഈ ഭേദഗതിയുടെ കരട് കേന്ദ്രസർക്കാർ ജനങ്ങളുടെ ശ്രദ്ധയിൽ നിന്നും പരമാവധി മറച്ചുവച്ചിരിക്കുകയാണ്. ആരോരുമറിയാതെ കരട് പാസ്സാക്കിയെടുക്കാനുള്ള ഗൂഢനീക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്.

ഈ സാഹചര്യത്തിലാണ് ആരോഗ്യമേഖലയിലെ ഡോക്ടർമാർ മുതൽ ആരോഗ്യപ്രവർത്തകർ വരെ അണിനിരന്നിട്ടുള്ള സമരസംഘടനയായ മെഡിക്കൽ സർവ്വീസ് സെന്റർ(എം.എസ്.സി) മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി നിയമം -ഭേദഗതി അനിവാര്യമോ എന്ന വിഷയത്തിൽ ഡിസംബർ 3ന് കോട്ടയം മെഡിക്കൽ കോളേജിനു സമീപമുള്ള ഹോട്ടൽ നിത്യ ഹാളിൽ ചർച്ച സംഘടിപ്പിച്ചത്. കോട്ടയം മെഡിക്കൽ കോളേജിൽ നിന്നുള്ള പ്രഗത്ഭരായ 9 ഡോക്ടർമാരും കേരള ഹോമിയോ ശാസ്ത്രവേദിയുടെ ചെയർമാൻ ഡോ.റ്റി.എൻ.പരമേശ്വരക്കുറുപ്പ്, ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ കോട്ടയം ഡി.എം.ഒ ഡോ.രതി ബി.ഉണ്ണിത്താൻ എന്നിവരും ചർച്ചയിൽ പങ്കെടുത്തു. മെഡിക്കൽ സർവീസ് സെന്റർ സംസ്ഥാന രക്ഷാധികാരി ഡോക്ടർ വി.വേണുഗോപാൽ മോഡറേറ്ററായി പങ്കെടുത്തു. മെഡിക്കൽ കേളേജിൽ നിന്നുള്ള നിരവധി ഡോക്ടർമാർ, മെഡിക്കൽ വിദ്യാർത്ഥികൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവരുടെ വലിയൊരു നിര ചർച്ചയിൽ പങ്കെടുക്കുന്നതിനായി എത്തിച്ചേർന്നു.

കോട്ടയം മെഡിക്കൽ കോളജ് ഗൈനക്കോളജി വിഭാഗത്തിലെ പ്രൊഫസറും കെ.ജി.എം.സി.ടി.എ സംസ്ഥാന സെക്രട്ടറിയുമായ ഡോ.സി.പി.വിജയൻ ചർച്ച ഉൽഘാടനം ചെയ്തു. നിർദേശിച്ചിരിക്കുന്ന ഭേദഗതികൾ സ്ത്രീകളുടെ ആരോഗ്യത്തിന് പ്രതികൂലമാവയവയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഹൃദയസംബന്ധമായ തകരാറുകൾ കൂടുതൽ വ്യക്തമാകുന്നത് ഇരുപത് ആഴ്ചകൾക്ക് ശേഷമാണ് എന്ന വാദമാണ് ഇരുപത്തിനാല് ആഴ്ചവരെ പ്രായമുള്ള ഗർഭം അലസിപ്പിക്കൽ നിയമ വിധേയമാക്കുന്നതിനായി ഉയർത്തിയിരിക്കുന്നത്. പക്ഷെ പ്രസവംവരെ തിരിച്ചറിയാൻ സാധിക്കാത്ത വൈകല്യങ്ങളുമുണ്ട്. അതിനാൽ വൈകല്യങ്ങളുടെ പേരിൽ അമ്മയുടെ ആരോഗ്യത്തെ എന്തിന് ജീവനെപോലും ആപത്കരമായ നിലയിലേക്ക് തള്ളിവിടുന്നത് ഒട്ടും ഉചിതമല്ല. മറ്റ് വൈദ്യശാസ്ത്ര വിഭാഗങ്ങൾക്കും ഗർഭച്ഛിദ്രം നടത്താനുള്ള അനുമതി നൽകുന്നതും വളരെ ആപൽക്കരമാണ്. ആധുനിക ഉപകരണങ്ങളും സംവിധാനങ്ങളും ലഭ്യമായിടങ്ങളിലേ ഗർഭഛിദ്രം നടത്താവൂ എന്ന് നിലവിലെ നിയമം അനുശാസിക്കുമ്പോൾ മറ്റ് വൈദ്യശാസ്ത്ര ധാരകൾക്ക് എങ്ങിനെ അത് സാധ്യമാകും? അദ്ദേഹം ചോദിച്ചു. ആയുർവേദ ഡോക്ടർമാർക്കും ഗർഭച്ഛിദ്രം നടത്തുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള നിർദേശത്തെ ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡി.എം.ഒ ഡോക്ടർ രതി.ബി ഉണ്ണിത്താൻ സ്വാഗതം ചെയ്തു. പക്ഷേ,നാട്ടുവൈദ്യത്തെ ആയുർവേദവുമായി കൂട്ടികുഴക്കരുത്,അവർ കൂട്ടിച്ചേർത്തു.

ഗർഭച്ഛിദ്രം പ്രാവീണ്യവും പ്രാഗൽഭ്യവുമുള്ള ഡോക്ടർമാരാണ് നടത്തേണ്ടതെന്നും അത്കൊണ്ട് തന്നെ ഒരു ഹോമിയോ മെഡിക്കൽ പ്രാക്ടീഷണർ ഗർഭച്ഛിദ്രം നടത്തേണ്ടതില്ലെന്നും ഹോമിയോ ശാസ്ത്രവേദി സംസ്ഥാന ചെയർമാൻ ഡോക്ടർ ടി.എൻ. പരമേശ്വരൻ അഭിപ്രായപ്പെട്ടു. ഡമോക്രാറ്റിക് ലോയേഴ്സ് ഫോറം സംസ്ഥാന സെക്രട്ടറി അഡ്വ.ഇ.എൻ.ശാന്തിരാജ്, കമ്മ്യൂണിറ്റി മെഡിസിൻ അസിസ്റ്റന്റ് പ്രൊഫസർ ഡോ.ബിനു അരീക്കൽ, ഡോക്ടർ ദീപു സദാശിവൻ, കോട്ടയം മെഡിക്കൽ കോളജ് സർജറി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോക്ടർ ജോസ് സ്റ്റാൻലി, ഫോറൻസിക് മെഡിസിൻ സീനിയർ റസിഡന്റ് ഡോക്ടർ ജിനേഷ്. പി.എസ്, മെഡിക്കൽ സർവീസ് സെന്റർ സംസ്ഥാന കൺവീനർ ഡോ. കെ.ഹരിപ്രസാദ്, ഡോ.ബാബു മുഹമ്മദ് റാഫി, അനന്തകൃഷ്ണൻ, യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ മുഹമ്മദ് ജാസിം എന്നിവർ പ്രസംഗിച്ചു. മെഡിക്കൽ സർവീസ് സെന്റർ കോട്ടയം ജില്ലാ കോ -ഓർഡിനേറ്റർ മുഹമ്മദ് ഷഫീഖ് സ്വാഗതവും എം.കെ.ഷഹസാദ് നന്ദിയും രേഖപ്പെടുത്തി. ■

# ജഡ്ജിമാരുടെ നിയമനം: നാഷണൽ ജുഡീഷ്യൽ അപ്പോയിൻമെന്റ് കമ്മീഷൻ അഭികാമ്യമോ? സെമിനാർ

**ജ**ഡ്ജിമാരുടെ നിയമനം: നാഷണൽ ജുഡീഷ്യൽ അപ്പോയിൻമെന്റ് കമ്മീഷൻ അഭികാമ്യമോ എന്ന വിഷയത്തിൽ നവംബർ 13 ന് ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറം ഹൈക്കോടതി ബാർ കൗൺസിൽ ഹാളിൽ സംഘടിപ്പിച്ച **സെമിനാർ** ജസ്റ്റിസ് സി.എൻ രാമചന്ദ്രൻ നായർ ഉദ്ഘാടനം ചെയ്തു.

കൊളീജിയം സംവിധാനത്തിന് ധാരാളം നല്ല ജഡ്ജിമാരെ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പിന്നീട് കൊളീജിയം അധഃപതിക്കാൻ തുടങ്ങി. ഇത് തടയുവാൻ ആരും ഒന്നും ചെയ്തില്ല. അഴിമതികാട്ടിയ ജഡ്ജിമാരെ തടയാൻ സുപ്രീം കോടതിക്കുപോലും കഴിയാതിരുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ജഡ്ജിമാരെ തെരഞ്ഞെടുക്കുന്ന സമിതി വളരെ വലുതായിരിക്കുന്നതാണ് നല്ലത്. ഹൈക്കോടതിയിൽ 35 ജഡ്ജിമാരുണ്ട്. അതിൽ 10 പേരെങ്കിലും വേണം തെരെഞ്ഞെടുപ്പ് സമിതിയിൽ. ജഡ്ജിമാരെ തെരഞ്ഞെടുക്കുന്ന സംവിധാനത്തിന് വളരെ വിശദമായ ചട്ടങ്ങൾ വേണം. ജഡ്ജിയായി നിയമിക്കപ്പെടേണ്ടവരുടെ നിയമപാണ്ഡിത്യം, സത്യസന്ധത, കഴിവ് തുടങ്ങിയവയെല്ലാം നോക്കി സെലക്ട് ചെയ്യാൻ സംവിധാനം വേണം. പ്രവർത്തിക്കാത്ത ധാരാളം ജഡ്ജിമാരുണ്ട്. കഴിവും സത്യസന്ധതയും ഉള്ളവരെ ജഡ്ജിമാരാക്കാൻ നിലവിൽ സംവിധാനമില്ല. ഹൈക്കോടതിയിലെ അഭിഭാഷകരെ വിലയിരുത്താൻ ജഡ്ജിമാർക്ക് കഴിയും. ഒരു ശരിയായ പ്രവർത്തന വിലയിരുത്തൽ വേണം. എന്നാൽ ഇന്നുള്ളത് നാല് ഒഴിവു വന്നാൽ നാല് സമുദായങ്ങൾക്കിടയിൽ പങ്കിട്ടെടുക്കലാണ്. തെരഞ്ഞെടുപ്പിൽ സുതാര്യത അത്യാവശ്യമാണ്. പുതിയ ജുഡീഷ്യൽ അപ്പോയ്ൻമെന്റ് കമ്മീഷൻ ഒരു പങ്കിടൽ വ്യവസായമായി മാറുമോ എന്ന് സംശയമുണ്ട്. ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

കൊളീജിയം സംവിധാനം പൂർണ്ണമായും ജനാധിപത്യവിരുദ്ധമാണ്. കൊളീജിയം സംവിധാനം ഒരു രാജകീയ ഏർപ്പാടാണ്. പഴയ കൊച്ചിരാജാവിന്റെ നേത്യാരമ്മമാരുടെ സ്ഥാനമാണ് കൊളീജിയത്തിനുള്ളത്. 5 ജഡ്ജിമാരിരുന്ന് രാജ്യത്തെ ആയിരത്തിഅഞ്ഞൂറ് ജഡ്ജിമാരെ തെരഞ്ഞെടുക്കുന്ന സംവിധാനമാണിന്നുള്ളത്. തെരഞ്ഞെടുപ്പ് എങ്ങനെയാണ് നടന്നത് എന്ന് ആർക്കും അറിയാൻ കഴിയുന്നില്ല. മിനുട്ട്സ് ഇല്ല, എന്തുകാരണമാണ് തെരഞ്ഞെടുപ്പിനടിസ്ഥാനം എന്നൊന്നും ആരും അറിയുന്നില്ല. ഇന്ത്യൻ സുപ്രീം കോടതി ഇന്ന് സമ്പന്നരുടെ പറുദീസയായിരിക്കുന്നു. ഇവിടെ സാധാരണക്കാരന് കേസ് നടത്താൻ കഴിയുമോ? നമുക്ക് ജുഡീഷ്യറിയെ ജനാധിപത്യവൽക്കരിക്കേണ്ടതുണ്ട്. എന്നാൽ ഇത് കൊളീജിയത്തേക്കാൾ മോശം സംവിധാനമാകരുത്. ജുഡീഷ്യറിയുടെ വിശ്വാസ്യത സംരക്ഷിക്കുന്നതിന് കുറ്റമറ്റ സംവിധാനം കണ്ടുപിടിക്കാൻ നാം മുൻകൈയെടുക്കണം. സീനിയർ അഭിഭാഷകൻ കെ. രാംകുമാർ അഭിപ്രായപ്പെട്ടു.



സെമിനാർ ജസ്റ്റിസ് സി.എൻ രാമചന്ദ്രൻ നായർ ഉദ്ഘാടനം ചെയ്യുന്നു.

കുടുംബദുഷ്പ്രഭുത്വമാണ് ഇന്ന് കൊളീജിയം സംവിധാനത്തിൽ നടക്കുന്നത്. ജഡ്ജിമാർക്ക് മാർക്കിടാൻ സംവിധാനം വേണം. ബാർ കൗൺസിലിനും സാധാരണ ജനങ്ങൾക്കും കൂടി പങ്കാളിത്തമുള്ള ബൃഹത്തായ തെരഞ്ഞെടുപ്പ് സംവിധാനമാണ് വേണ്ടത്. നിയമനക്കാര്യത്തിൽ മാത്രമല്ല ജഡ്ജിമാർ തത്ത്വങ്ങളിൽ നിന്നും കർത്തവ്യങ്ങളിൽ നിന്നും വ്യതിചലിക്കുന്നുണ്ടോ എന്നു കൂടി ഈ സമിതി പരിശോധിക്കണം. കോടതികളിലെ ഏറ്റവും വലിയ വ്യവഹാരിയായ ഗവണ്മെന്റിന് ജഡ്ജി നിയമനത്തിൽ മേൽക്കൈ ലഭിക്കുന്നത് അഭിലഷണീയമല്ല. അഡ്വ.കെ.എസ്.മധുസൂദനൻ പറഞ്ഞുയ

കൊളീജിയം സമ്പ്രദായം നാഷണൽ ജുഡീഷ്യൽ അപ്പോയ്ൻമെന്റ് കമ്മീഷനെക്കാൾ മെച്ചമാണ്. ജുഡീഷ്യൽ അപ്പോയ്ൻമെന്റ് കമ്മീഷൻ അധഃപതിക്കില്ല എന്ന് ആർക്കുപറയാൻ കഴിയും? സംവിധാനമേതായാലും അത് കൈകാര്യം ചെയ്യുന്ന ആളുകളെ ആശ്രയിച്ചിരിക്കും അതിന്റെ ഫലപ്രാപ്തി- അഡ്വ. പി.ചന്ദ്രശേഖരൻ സൂചിപ്പിച്ചു

ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളീകരണം എന്നിവയുടെ ഫലപ്രദമായ നടപ്പാക്കലിന് അനുപൂരകമായ നിയമപരിഷ്കാരം വേണമെന്ന് നിർദ്ദേശിക്കുന്ന ലോകബാങ്കിന്റെ നയപ്രകാരമാണ് നാഷണൽ ജുഡീഷ്യൽ അപ്പോയ്ൻമെന്റ് കമ്മീഷൻ നിയമം കൊണ്ടുവരുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അഡ്വ. ബി.കെ.രാജഗോപാൽ അഭിപ്രായപ്പെട്ടു.

ഒന്നിന്റെ ദൂഷിപ്പ് പറഞ്ഞ് അതിനേക്കാൾ അധഃപതിച്ച മറ്റൊന്ന് കൊണ്ടുവരികയെന്നതാണ് ഗവണ്മെന്റ് നയം. ഗവണ്മെന്റ് എല്ലാ മേഖലയിലും സ്വേച്ഛാധിപത്യമാണ് കൊണ്ടുവരുന്നത്. സമൂഹം മെച്ചപ്പെട്ടാൽ മാത്രമേ ജുഡീഷ്യറിയെ രക്ഷപെടുത്താൻ കഴിയൂ.- ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഡോ. വി. വേണുഗോപാൽ പറഞ്ഞു.

അഡ്വ. ടി.ജെ ഡിക്സൻ മോഡറേറ്റർ ആയിരുന്നു. ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറം കൺവീനർ അഡ്വ.ഇ.എൻ.ശാന്തിരാജ് സ്വാഗതവും അഡ്വ.പി.സി.വിവേക് നന്ദിയുംപറഞ്ഞു. ■


സദസ്സിന്റെ ദൃശ്യം

# ഡോ:മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയുക

**പ**രമ്പരാഗത- യന്ത്രവൽകൃത മത്സ്യത്തൊഴിലാളികളുടെ ജീവിതം ഇപ്പോൾ തന്നെ കടുത്ത പ്രതിസന്ധികളെ നേരിടുന്ന സാഹചര്യത്തിൽ അവരെ ഈ മേഖലയിൽ നിന്നു തന്നെ പിഴുതെറിയുന്ന നിർദ്ദേശങ്ങളടങ്ങിയ ഡോ:മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയണമെന്നാവശ്യപ്പെട്ടുകൊണ്ട് അമ്പലപ്പുഴ ടൗൺ ഹാളിൽ മത്സ്യത്തൊഴിലാളി കൺവൻഷൻ നടന്നു. കേരള മത്സ്യബന്ധന തൊഴിലാളി യൂണിയനും, കേരള മത്സ്യസംസ്കരണ തൊഴിലാളി യൂണിയനും സംയുക്തമായി സംഘടിപ്പിച്ച കൺവൻഷൻ ജനകീയ പ്രതിരോധസമിതി സംസ്ഥാന ജനറൽ സെക്രട്ടറിയും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ സ. വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. കുമരകം കാർഷിക ഗവേഷണകേന്ദ്രം മുൻ ഡയറക്ടർ ഡോ.കെ.ജി.പത്മകുമാർ മുഖ്യ പ്രഭാഷണം നടത്തി. ഹരിത വിപ്ലവവും ധവളവിപ്ലവവും ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ളതായിരുന്നു. എന്നാൽ നീലവിപ്ലവം എന്ന് അവകാശപ്പെടുന്ന ഡോ.മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് മത്സ്യസമ്പത്ത് എങ്ങനെ കൊള്ളയടിക്കാം എന്ന ഉള്ളടക്കമുള്ളതാണ്. വർഷകാല ട്രോളിങ്ങ് നിരോധനം ആഴക്കടൽ മത്സ്യബന്ധനത്തിന് ബാധകമല്ല. 200 മീറ്റർ മുതൽ 300 മീറ്റർ വരെ ആഴമുള്ളിടത്ത് ഇപ്പോൾ പരമ്പരാഗത യന്ത്രവൽകൃത മത്സ്യബന്ധന തൊഴിലാളികൾ മത്സ്യബന്ധനം നടത്തിവരികയാണ്. ഈ മേഖലയെ ഫ്രീ സോണായി പ്രഖ്യാപിച്ച് ഇവിടെ മത്സ്യബന്ധനം നിരോധിക്കണം എന്ന നിർദ്ദേശവും, 1178 പടുകൂറ്റൻ ഫാക്ടറികപ്പലുകൾക്ക് ആഴക്കടലിൽ അനിയന്ത്രിതമായി മത്സ്യബന്ധനം നടത്താൻ അനുമതിനൽകുന്ന നിർദ്ദേശവും കൂട്ടിവായിക്കേണ്ടതാണ്. എന്നുമാത്രമല്ല ഈ കപ്പലുകളിൽ ഇന്ത്യയിലെ അവിദഗ്ധ തൊഴിലാളികളെ ഒഴിവാക്കി വിദഗ്ധ വിദേശ തൊഴിലാളികളെ ഒന്നരലക്ഷം രൂപ മാസശമ്പളം നൽകി നിയമിക്കണമെന്നതും നാം ഗൗരവമായി കാണേണ്ട നിർദ്ദേശങ്ങളാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ റിപ്പോർട്ട് തള്ളിക്കളയുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഡിസംബർ 22 പ്രതിഷേധദിനമായി ആചരിക്കുവാനും ജനുവരിയിൽ കളക്ട്രേറ്റ് മാർച്ച് നടത്തുവാനും കൺവൻഷൻ തീരുമാനിച്ചു. ആൾ ഇന്ത്യ യുറ്റിയുസി ജില്ലാ പ്രസിഡന്റ് സ. എസ്.സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. കേരള മത്സ്യബന്ധന തൊഴിലാളി യുണിയൻ ജനറൽ സെക്രട്ടറി സ. പി.ആർ. സതീശൻ, കെഎംഎസ്റ്റിയു ജില്ലാപ്രസിഡന്റ് രേവമ്മ ചന്ദ്രൻ, സെക്രട്ടറി ആർ.അർജുനൻ, ജില്ലാക്കമ്മിറ്റി അംഗങ്ങളായ കെ.ആർ.ശശി, എം. എ.ബിന്ദു, കെ.ജെ.ഷീല, കെ.പി.സുബൈദ, മൈനാഗോപിനാഥ് എന്നിവരും കെഎംബിറ്റിയു ജില്ലാകമ്മറ്റിയംഗങ്ങളായ കെ. പ്രതാപൻ, കെ.കെ.വിക്രമൻ എന്നിവരും പ്രസംഗിച്ചു.

കേരള മത്സ്യബന്ധന തൊഴിലാളി യൂണിയൻ ചെല്ലാനം പഞ്ചായത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മത്സ്യബന്ധന തൊഴിലാളികളുടെ അവകാശപ്രഖ്യാപന സമ്മേളനം നവംബർ 17 ന് ചെല്ലാനം ഗൊണ്ടുപറമ്പിൽ നടന്നു. സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. ഇൻഡ്യയുടെ വിസ്തൃതമായ കടൽത്തീരം മത്സ്യബന്ധനത്തിനായി സമ്പൂർണ്ണമായും വിദേശ-സ്വദേശ കുത്തകകൾക്ക് തീറെഴുതുന്നതിന് വേണ്ടി തയ്യാറാക്കിയ ഡോ. മീനാകുമാരി റിപ്പോർട്ട് നടപ്പിലാക്കുന്നതു വഴി ലക്ഷോപലക്ഷം യന്ത്രവൽകൃത ബോട്ടുതൊഴിലാളികളേയും, പരമ്പരാഗത രീതിയിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരേയും നിത്യദാരിദ്ര്യത്തിലേയ്ക്കും, പട്ടിണിമരണത്തിലേക്കും തള്ളിവിടുന്ന ദുരന്തമാണുണ്ടാകാൻ പോകുന്നതെന്നും വസ്തുനിഷ്ഠമായ യാതൊരു പിൻബലവുമില്ലാതെ തയ്യാറാക്കിയിരിക്കുന്ന റിപ്പോർട്ടിൽ മോദിസർക്കാരിന്റെ തൊഴിലാളിവിരുദ്ധവും കുത്തകാനുകൂലവുമായ നിർദ്ദേശങ്ങളാണുള്ളതെന്നും സീതിലാൽ പറഞ്ഞു. ഉൾനാടൻ മത്സ്യമേഖലയിൽ പരമ്പരാഗതമായി മത്സ്യബന്ധനം നടത്തി ഉപജീവനം കഴിച്ചിരുന്നവരെ അവരുടെ തൊഴിലിടങ്ങളിൽ നിന്നും ആട്ടിപ്പായിച്ച്, സർക്കാരിന്റെ *ഒരു നെല്ല് ഒരു മീൻ നയം* പോലും അട്ടിമറിച്ച് ചെമ്മീൻ കെട്ടുലോബികൾ നടത്തുന്ന കർഷകവിരുദ്ധവും തൊഴിലാളിവിരുദ്ധവുമായ നടപടികളിൽ നിന്നും അവരും അവർക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പിൻമാറണമെന്നും സമ്മേളനത്തിൽ ആശംസ അർപ്പിച്ചുകൊണ്ട് സംസാരിച്ച ആൾ ഇൻഡ്യ യുടിയുസി ജില്ലാസെക്രട്ടറി പി.എം. ദിനേശൻ ആവശ്യപ്പെട്ടു. മത്സ്യത്തൊഴിലാളികളുടെ 11 ഇന ആവശ്യങ്ങൾ മത്സ്യബന്ധന തൊഴിലാളി യൂണിയൻ സംസ്ഥാന സെക്രട്ടറി പി.ആർ.സതീശൻ അവതരിപ്പിച്ചു.

ഷൈൻ പരിമളത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ പൊക്കാളി സംരക്ഷണസമിതി ജനറൽ കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ, മത്സ്യബന്ധന തൊഴിലാളി യൂണിയൻ എഴുപുന്ന മേഖല കമ്മിറ്റി പ്രസിഡന്റ് കെ.പ്രതാപൻ, സെക്രട്ടറി കെ.കെ. വിക്രമൻ, യൂണിയന്റെ ചെല്ലാനം പഞ്ചായത്തിലെ പ്രധാന സംഘാടകരായ റോജി ആറാട്ടുകുളങ്ങര, കെ.കെ.തിലകൻ, വർഗ്ഗീസുകുട്ടി മുണ്ടുപറമ്പിൽ എന്നിവർ പ്രസംഗിച്ചു. ■


ഡോ:മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയണമെന്നാവശ്യപ്പെട്ടുകൊണ്ട് അമ്പലപ്പുഴ ടൗൺ ഹാളിൽ മത്സ്യത്തൊഴിലാളി കൺവൻഷന്റെ സദസ്സ്


കൺവൻഷനിൽ കുമരകം കാർഷിക ഗവേഷണകേന്ദ്രം മുൻ ഡയറക്ടർ ഡോ.കെ.ജി.പത്മകുമാർ മുഖ്യപ്രഭാഷണം നടത്തുന്നു ■


കേരള മത്സ്യബന്ധന തൊഴിലാളി യൂണിയൻ ചെല്ലാനം പഞ്ചായത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന അവകാശപ്രഖ്യാപന സമ്മേളനം സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു ■

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing December 1st, 2014.
P.R. No. KL/TV(N)/452/2012-2014
R. N. 24773/1992

# UNITY
MALAYALAM MONTHLY

Vol 41 No.8
Price : Rs 5.00
December 2014

# നവംബർ വിപ്ലവ വാർഷികാചരണ വേളയിൽ വിപ്ലവത്തിന്റെ സിരാകേന്ദ്രമായി പുതിയ കേന്ദ്രകമ്മിറ്റി ഓഫീസ്




കൊൽക്കത്തയിലെ പുതിയ കേന്ദ്രകമ്മിറ്റി ഓഫീസ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് ഉദ്ഘാടനം ചെയ്യുന്നു. പൊളിറ്റ്ബ്യൂറോ അംഗങ്ങളായ സഖാക്കൾ മണിക്മുഖർജി, രഞ്ജിത് ധർ, അസിത് ഭട്ടാചര്യ തുടങ്ങിയവരും ഇതര കേന്ദ്ര കമ്മിറ്റിയംഗങ്ങളും വേദിയിൽ

മഹാനായ ലെനിന്റെ നേതൃത്വത്തിൽ നടന്ന ഐതിഹാസികമായ റഷ്യൻവിപ്ലവത്തിന്റെ 97-ാം വാർഷികാചരണവേളയിൽ, 2014 നവംബർ 17 ന് നമ്മുടെ പാർട്ടി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)യുടെ പുതിയ കേന്ദ്രകമ്മിറ്റി ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെട്ടു. ഉദ്ഘാടനവേളയിൽ കൽക്കത്തയിലെ ലെനിൻസരണിയിലുള്ള സുബോധ് മല്ലിക് സ്ക്വയറിൽ നൂറുകണക്കിന് പാർട്ടി പ്രവർത്തകരും അനുഭാവികളും ഒത്തുകൂടി. കെട്ടിടനിർമ്മാണ ഫണ്ടിലേക്ക് സംഭാവന നൽകിയ ആയിരക്കണക്കിനാളുകൾ ഇതുവഴി കടന്നുപോകുമ്പോൾ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണപുരോഗതി അതീവ താൽപ്പര്യത്തോടെ വീക്ഷിക്കുമായിരുന്നു. നവംബർ 17 ന് ഓഫീസ് മന്ദിരം ഉദ്ഘാടനം ചെയ്യപ്പെടുന്നു എന്ന വാർത്ത നാടിന്റെ നാനാകോണുകളിൽ എത്തിയിരുന്നു. ഒരുപിടി സഖാക്കളുമൊത്ത് സഖാവ് ശിബ്ദാസ്ഘോഷ് നടത്തിയ ഐതിഹാസികമായ പോരാട്ടത്തിലൂടെ 1948-ൽ പാർട്ടി രൂപംകൊണ്ട് നീണ്ട 66 വർഷങ്ങൾക്കൊടുവിലാണ് പാർട്ടിക്ക് സ്വന്തമായി ഒരു ഓഫീസ് മന്ദിരം ഉണ്ടാകുന്നത്. ഇപ്പോഴിതാ തൊഴിലാളിവർഗ്ഗത്തിന്റെ മഹാന്മാരായ ആചാര്യന്മാരായ മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ സെതുങ് എന്നിവരുടെ ചിത്രങ്ങൾ ആലേഖനം ചെയ്ത ഓഫീസ് മന്ദിരം തലയെടുപ്പോടെ നമ്മുടെ മുന്നിൽ ഉയർന്നു നിൽക്കുന്നു. രാജ്യമെമ്പാടും വിപ്ലവ ബഹുജന പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കുന്നതിലും ലോക വിപ്ലവപ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ നമ്മുടേതായ പങ്കുവഹിക്കുന്നതിലും സർവ്വാത്മനാ മുഴുകിയിരിക്കുക്കയായിരുന്നു ഇക്കാലമത്രയും നമ്മുടെ പാർട്ടി. നവംബർ 17-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് നമ്മുടെ ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് ചെമ്പതാക ഉയർത്തിയപ്പോൾ, നാടിന്റെ നാനാകോണുകളിൽ വിപ്ലവപ്പോരാട്ടങ്ങൾ വളർത്തിയെടുക്കാൻ അദ്ധ്വാനിച്ചു ജീവിക്കുന്ന ജനവിഭാഗങ്ങളോടാഹ്വാനം ചെയ്യുന്ന മുദ്രാവാക്യങ്ങൾ ഇടിമുഴക്കംപോലെ ഉയർന്നു. തൊഴിലാളി വർഗ്ഗത്തിന്റെ മാഹാന്മാരായ ഗുരുനാഥന്മാർ സഖാക്കൾ ലെനിനും ശിബ്ദാസ്ഘോഷിനും പാർട്ടി നേതാക്കൾ വിപ്ലവപ്രണാമങ്ങൾ അർപ്പിക്കുന്ന സമയത്ത് ചെങ്കൊടി ഉയരത്തിൽ പാറിപ്പറക്കുകയായിരുന്നു. ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ്, പോളിറ്റ്ബ്യൂറോ അംഗങ്ങളായ സഖാക്കൾ രഞ്ജിത്ധർ, മണിക് മുഖർജി, അസിത് ഭട്ടാചാര്യ എന്നിവരാണ് ആദ്യം പ്രണാമങ്ങളർപ്പിച്ചത്. ഗുരുതരമായ രോഗം ബാധിച്ച് ചികിത്സയിലായിരുന്നതിനാൽ പോളിറ്റ്ബ്യൂറോ മെമ്പർ സഖാവ് കൃഷ്ണ ചക്രവർത്തിക്ക് ചടങ്ങിൽ പങ്കെടുക്കാനായില്ല. പശ്ചിമ ബംഗാൾ സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് തപൻ റായ് ചൗധരിയാണ് സഖാവ് കൃഷ്ണ ചക്രവർത്തിക്കു വേണ്ടി പൂക്കൾ അർപ്പിച്ചത്. തുടർന്ന്, സഖാക്കൾ ദേബപ്രസാദ് സർക്കാർ, സി.കെ.ലൂക്കോസ്, കെ.രാധാകൃഷ്ണ, സൗമൻ ബസു, ഗോപാൽ കുണ്ടു, സത്യവാൻ, ശങ്കർസാഹ, ഛായ മുഖർജി എന്നീ കേന്ദ്ര കമ്മിറ്റിയംഗങ്ങളും പ്രണാമങ്ങൾ അർപ്പിച്ചു.

തുടർന്ന് വിവിധ സംസ്ഥാനങ്ങളിൽനിന്ന് ചടങ്ങിൽ പങ്കെടുക്കാനെത്തിയ സംസ്ഥാന സെക്രട്ടറിമാരും പ്രതിനിധികളും പ്രണാമങ്ങൾ അർപ്പിച്ചു. അതിനുശേഷം സഖാവ് പ്രൊവാഷ്ഘോഷ് ഹ്രസ്വമെങ്കിലും ആവേശദായകമായ ഉദ്ഘാടനപ്രസംഗം നടത്തി. പുതിയ ഓഫീസിന്റെ നാലാം നിലയിലെ ഹാളിൽ സഖാവ് ശിബ്ദാസ്ഘോഷ് ഉപയോഗിച്ചിരുന്ന വസ്തുക്കൾ പ്രദർശിപ്പിച്ചിരുന്നു. ഇത് സഖാക്കളെ വൈകാരികമായി സ്പർശിച്ചു.

പഴക്കമേറിയ ഒരു ഓഫീസ് കെട്ടിടമാണ് പുതിയ ഓഫീസ് നിർമ്മിച്ച സ്ഥലത്ത് സ്ഥിതിചെയ്തിരുന്നത്. രാജ്യത്തിന്റെ നാനാകോണുകളിൽ പാർട്ടി സംഘടനയും വർഗ്ഗബഹുജന പ്രക്ഷോഭങ്ങളും കെട്ടിപ്പടുക്കാൻ സഖാവ് ശിബ്ദാസ്ഘോഷ് മാർഗ്ഗനിർദ്ദേശം നൽകിയത് ആ പഴയ ഓഫീസ് കെട്ടിടത്തിൽ നിന്നായിരുന്നു. സഖാവ് ഘോഷ് നമ്മെ വിട്ടുപിരിഞ്ഞതിനുശേഷവും ദീർഘകാലം ആ ഓഫീസ് കേന്ദ്രീകരിച്ചാണ് പാർട്ടി നേതൃത്വം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ഇന്ന് രാജ്യമെമ്പാടും പാർട്ടിയുടെ പ്രകടമായ സാന്നിദ്ധ്യമുണ്ട്. വിവിധ ഭൂഖണ്ഡങ്ങളിലായി നിരവധി രാജ്യങ്ങളിൽ ശിബ്ദാസ്ഘോഷ് ചിന്തയുടെ സാന്നിദ്ധ്യവും ഇന്ന നുഭവിച്ചറിയാൻ കഴിയും. ഈ പുതിയ ഓഫീസ് മന്ദിരവും ആ മഹത്തായ ഉദ്യമം തുടരുകയും വിപ്ലവ മുന്നേറ്റങ്ങൾക്ക് വരും നാളുകളിൽ സാക്ഷ്യം വഹിക്കുകയും ചെയ്യും. ■




കേന്ദ്രകമ്മിറ്റി ഓഫീസ് കെട്ടിടം ഉദ്ഘാടനചടങ്ങിൽ സംബന്ധിക്കുന്നവർ

## കാശ്മീരിൽ നിരപരാധികളായ യുവാക്കളെ അരുംകൊലചെയ്ത സൈനികർക്ക് കർശന ശിക്ഷ നൽകുക.

*എസ്‌യുസിഐ(സി) ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് നവംബർ 9ന് താഴെപ്പറയുന്ന പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.*

കാശ്മീരിൽ നിരപരാധികളായ യുവാക്കളെ അരുംകൊല ചെയ്ത സൈന്യത്തിന്റെ നടപടിയെ ഞങ്ങൾ ശക്തിയായി അപലപിക്കുന്നു. കുറ്റം സമ്മതിക്കുന്നതും കൊല്ലപ്പെട്ടവരുടെ കുടുംബത്തിന് ധനസഹായം പ്രഖ്യാപിക്കുന്നതുമൊന്നും ആ പൈശാചിക കൃത്യത്തിന് ആശ്വാസമാകുന്നില്ല. കാശ്മീരിലും മണിപ്പൂരിലും *സായുധസേന പ്രത്യേകാധികാര നിയമ*ത്തിന്റെ മറയിൽ, ഭീകരവാദ, വിഘടന പ്രവർത്തനങ്ങൾ അമർച്ച ചെയ്യാനെന്ന പേരിൽ, സൈന്യം ഇവ്വിധത്തിലുള്ള കൂട്ടക്കൊലകളും കൂട്ടബലാൽസംഗങ്ങളും അതിക്രമങ്ങളുമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വിഘടന-ഭീകരവാദ പ്രവർത്തനങ്ങൾ ആളിക്കത്തിക്കുന്നതിനേ സൈന്യത്തിന്റെ ഇത്തരം അടിച്ചമർത്തൽ നടപടികൾ ഉപകരിക്കുകയുള്ളൂ. കൊലയാളികൾക്ക് കർശനശിക്ഷ നൽകണമെന്നും *സായുധസേന പ്രത്യേകാധികാര നിയമം* ഉടൻ പിൻവലിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. ■

# ബംഗ്ലാദേശ് സമാജ്താന്ത്രിക് ദൾ(മാർക്സിസ്റ്റ്) സ്ഥാപിതമായി

നവംബർ 20 മുതൽ 23 വരെ ഡാക്കയിൽ നടന്ന കേന്ദ്ര കൺവൻഷനിൽ വച്ച്, മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തയെ അടിസ്ഥാനമാക്കിയ ബംഗ്ലാദേശ് സമാജ്താന്ത്രിക് ദൾ(മാർക്സിസ്റ്റ്) (BASAD(M) സ്ഥാപിതമായി. സഖാവ് മുബിനുൾ ഹൈദർ ചൗധരി ജനറൽ സെക്രട്ടറിയായി 9 അംഗ സെൻട്രൽ കണ്ടക്ഷൻ കമ്മിറ്റിക്കും രൂപം നൽകി.



കേന്ദ്ര കൺവൻഷന്റെ പൊതുസമ്മേളന സദസ്സിന്റെ ഒരു ദൃശ്യം. ഇൻസെറ്റിൽ ഇടതുനിന്ന് BASAD(M) നേതാക്കൾ സഖാവ് മുബിനുൾ ഹൈദർ ചൗധരി, സഖാവ് ശുഭ്രാംശു ചക്രവർത്തി, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് എന്നിവർ. ■

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.